തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1985-ലെ 51-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1985-ലെ 52-ാം നമ്പർ ഓർഡിനൻസ്).

(3) 1985-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 53-ാം നമ്പർ ഓർഡിനൻസ്).

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തു വയ്ക്കുന്നു.

1985-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 48-ാം നമ്പർ ഓർഡിനൻസ്).

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ കൂടി മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ കേരള അവശ്യസേവന സംരക്ഷണ ഓർഡിനൻസ് (1985-ലെ 41-ാം നമ്പർ ഓർഡിനൻസ്).

(2) 1985-ലെ സിവിൽ കോടതികൾ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 50-ാം നമ്പർ ഓർഡിനൻസ്).

V ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ രാഘവൻ പൊഴക്കടവിൽ, പി. സീതി ഹാജി, സി. കെ. ചക്രപാണി എന്നീ ബഹുമാന്യരായ അംഗങ്ങളെ 7-ാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലേക്ക് ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

VI നിയമനിർമ്മാണ കാര്യം

1985-ലെ കേരള അവശ്യ സാധന നിയന്ത്രണ ബിൽ

Minister for Industries (**Sri E. Ahamed**): Sir, I introduce the Kerala Essential Articles Control Bill, 1985.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

Minister for Industries (**Sri E. Ahamed**): Sir, I move that the Kerala Essential Articles Control Bill, 1985 be referred to the Subject Committee IV—Industry & Minerals.

Minister for Education (**Sri T. M. Jacob**): Sir, I second it.

ശ്രീ. ഇ. അഹമ്മദ്: സർ, 1955-ലെ എസ്സൻഷ്യൽ കമോഡിറ്റീസ് ആക്ട്, ഒരു സെൻട്രൽ ആക്റ്റ്, അതിന്റെ പരിധിയിൽ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇപ്പോഴം ഇവിടെ അവതരിപ്പിക്കപ്പെട്ട ബിൽ 1983 മാർച്ച് 11-ാം തീയതിമുതൽ റെട്രോസ്പെക്ടീവായിട്ട് എഫെക്ട് കൊടുക്കുവാനുള്ളതാണ്. ഈ ബില്ലിലെ 3-ാം വകുപ്പനുസരിച്ച് ചില നോട്ടിഫൈഡ് ഓർഡറുണ്ട്. നോട്ടിഫൈഡ് ഓർഡറനുസരിച്ചുള്ള എസ്സൻഷ്യൽ ആർട്ടിക്കിൾസ് എന്തൊണെന്ന് സെക്രട്ടറിയറേറ് മുഴുവൻ നടന്നിട്ട് എനിക്കു കിട്ടിയില്ല. ഞാവുചെയ്തത് അതു കളക്ട് ചെയ്ത് എനിക്ക് തരണം. ഒരു ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻ പോകുമ്പോഴം മന്ത്രിയുടെ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കണമെന്ന് ചട്ടമുണ്ട്. അങ്ങനെയൊരു സ്റ്റേറ്റുമെന്റ് വച്ചിരുന്നുവെങ്കിൽ അതിലെങ്കിലും കിട്ടുമായിരുന്നു. അതൊന്നും വേണ്ടായിരുന്നുവെങ്കിൽ ഞങ്ങം പിന്നെ എന്തിനാണ് ഇവിടെ ഇരിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: സർ, ബിൽ സർക്കുലേറ്റുചെയ്തു കഴിഞ്ഞതാണ്. ഏതെങ്കിലും സാധനത്തിന്റെ ഉല്പാദനം, വിതരണം, വാണിജ്യം വ്യാപാരം എന്നിവ പൊതുജനതാല്പര്യം മുൻനിറുത്തി നിയന്ത്രി
10 A.M.] ക്കേണ്ടത് ആവശ്യമായിവന്നാൽ അതുപ്രകാരം ചെയ്യാൻ ഒരു താൽക്കാലിക നിയമം എന്ന നിലയ്ക്കാണ് 1961-ൽ കേരള എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോം (ടെംപററി പവ്വർ) ബിൽ ആക്ട് 3, 1962-ൽ ഈ നിയമസഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയത്. കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ ആക്ടിൽ പറഞ്ഞിട്ടുള്ള വസ്തുക്കളല്ലാതെ വല്ലതും സംസ്ഥാന ഗവൺമെന്റിനു പുറപ്പെടുവിക്കണമെങ്കിൽ അതിനധികാരം നല്കുന്ന ഒരു നിയമമാണിത്. ഇതൊരു പഴയ നിയമമാണ്. 17-1-1962-ൽ പ്രാബല്യത്തിൽ വന്ന ഈ നിയമത്തിന് 5 വർഷത്തേക്കാണ് ആദ്യം നിയമപ്രാബല്യം നൽകിയത്. കാലാകാലങ്ങളിൽ നടത്തിയ നിയമനിർമ്മാണംവഴി 1982 ജനുവരി 16 വരെ ഈ നിയമം പ്രാബല്യത്തിൽ ഇരുന്നു. 20 കൊല്ലമായി ഇവിടെ പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമമാണ് ഇത്. വീണ്ടും ഇ നിയമത്തിന്റെ കാലാവധി ഒരു കൊല്ലംകൂടി നീട്ടാനായി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. അതിനുപകരം നിയമം നിർമ്മിക്കാനുള്ള ഒരു ബില്ല് 6-ാം കേരള നിയമസഭയിൽ 94-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയും ചെയ്തു. നിയമസഭ പിരിച്ചുവിട്ടതുകൊണ്ട് അതു നിയമമാക്കാൻ സാധിച്ചില്ല. അതേത്തുടർന്ന് 1982 മാർച്ച് 11-ാം തീയതി ആ ഓർഡിനൻസിനു നിയമപ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്തു. 1962 മുതൽ ഉണ്ടായിരുന്ന നിയമം 1982 മാർച്ച് 11-ാം തീയതിയോടുകൂടി അവസാനിക്കുകയും ചെയ്തു. കേരള അവശ്യ സാധന ആക്ടിനു മേൽപ്പറഞ്ഞ തീയതിമുതൽ പ്രാബല്യം ഇല്ലാതായതിനെത്തുടർന്നു, അതിനു നിയമപ്രാബല്യം നൽകണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഒരു ഓർഡിനൻസ് ഇവിടെ കൊണ്ടുവന്നത്. നിയമസഭാസമ്മേളനം നടക്കുന്ന സമയമല്ലാതായിരുന്നതിനാലാണ് ഈ ഓർഡിനൻസ് 1984 ജൂലൈ 30, ഡിസംബർ 30, 1985 ഏപ്രിൽ 17 എന്നീ തീയതികളിൽ പുതുക്കിക്കൊണ്ടുവന്നത്. അത് നിയമമാക്കാനാണ്, ഇപ്പോഴം ഈ ബില്ല് അവതരിപ്പിച്ചത്. ഈ ബില്ല് പ്രകാരം മിക്ക സാധനങ്ങളും എസ്സൻഷ്യൽ കമ്മാഡിറ്റീസ് ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. പഴയ ബില്ലിൽനിന്നുതന്നെയാണ് രണ്ട് പ്രധാനപ്പെട്ട വ്യവസായങ്ങം ഈ ബില്ലിൽ ഉംക്കൊള്ളിച്ചിട്ടുള്ളത്. അതായത് ക്ലാസ് 15-ലും 16-ലും മാത്രമാണ് ചില മാറ്റങ്ങം വരുത്തിയിട്ടുള്ളത്. അതിനുകാരണം ക്ലാസ് 14 ൽ ഒരു വാലിഡേഷൻ പ്രൊവിഷനുണ്ട്. ഈ ഓർഡിനൻസ് ആദ്യമായി പുറപ്പെടുവിച്ച ദിവസംവരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാലയളവിൽ, 1982 മാർച്ച് 11 മുതൽ. ഓർഡിനൻസ് പുറപ്പെടുവിച്ച ദിവസത്തിന് മുമ്പ് ഏതെങ്കിലും നടപടി ഗവൺമെന്റ് എടുത്തുപോയിട്ടുണ്ടെങ്കിൽ അതിന് വാലിഡേഷൻ കൊടുക്കാനുള്ള ഒരു ക്ലാസ്സാണ് ക്ലാസ് 14. ക്ലാസ് 15 പ്രകാരം ഈ നിയമം നിലവിലില്ലാതിരുന്ന കാലയളവിൽ ആരെയെങ്കിലും ശിക്ഷിക്കാനുള്ള നടപടി കോടതിയിലുണ്ടെങ്കിൽ അങ്ങനെ ശിക്ഷിക്കാൻ പാടില്ല എന്നുള്ളതാണ്. കാരണം, ഭരണഘടനയുടെ 20-ാം ഖണ്ഡിക പ്രകാരം നിലവിലുള്ള ഒരു നിയമം ലംഘിച്ചെങ്കിൽ മാത്രമേ ഒരാളെ ശിക്ഷിക്കാൻ പാടുള്ളൂ. 1962 മുതൽ 1982 വരെ നിലവിലുണ്ടായിരുന്ന ഒരു നിയമം കുറഞ്ഞ കാലയളവിൽ നിലവിലില്ലാതായതുകൊണ്ട് ആരെങ്കിലും അത് ലംഘിച്ചെന്ന് കുറ്റം ആരോപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് ശിക്ഷ കൊടുക്കാൻ പാടില്ല എന്നുകൂടി എഴുതിച്ചേർത്തതിൽ മാത്രമേ ഈ നിയമം പെർഫെക്റ്റാവുകയുള്ളൂ. ഈ രണ്ടു ക്ലാസുകളും മാത്രമാണ് പുതിയ നിയമത്തിൽ ഉള്ളതത്. വ്യവസായ വകുപ്പിനെ സംബന്ധിച്ചിടത്തോളം 1981-ൽ അതിൽ ഒന്നു മാത്രമാണ്—wood articles, wood species—എസ്സൻഷ്യൽ ആക്കിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1984 ൽ പുതിയ താരിഫ് ഏർപ്പെടുത്തുന്നതിനുവേണ്ടി ഇലക്ട്രിസിറ്റിയും എസ്സൻഷ്യൽ ആർട്ടിക്കിളായി ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു രണ്ടും മാത്രമാണ് ഇപ്പോൾ ഗവൺമെന്റ് കേരള എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ നിയമം അനുസരിച്ച് എസ്സൻഷ്യൽ ആർട്ടിക്കിളായി ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളത്. ഒന്ന് 20-6-1981-ൽ എസ്. ആർ. ഒ. 721/81 ആയി അഗ്രിക്കൾച്ചർ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് "Some species of wood such as plywood, match wood, pencil wood and packing case wood" 24-10-84-ൽ എസ്. ആർ. ഒ. 1292/84 ആയി വാട്ടർ ആൻഡ് പവർ ഡിപ്പാർട്ട്മെന്റ് ഇലക്ട്രിസിറ്റിയേയും എസ്സൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിച്ചിരുന്നു. അതു രണ്ടും മാത്രമാണ് ഇന്നു നിലവിലുള്ളത്. ഇതിന്റെ പ്രധാനമായ ഉദ്ദേശം ഏതെങ്കിലും ഒരു സാധനം എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ ബാധകമല്ലാതാകുമെങ്കിൽ അത് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിന്റെ നിയമത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. Cattle fodder, gold, Component parts, cotton and woolen, Drugs, Food stuffs, Iron & Steel, Paper, Petroleum, raw Cotton, raw jute എന്നിത്യാദി നിരവധി സാധനങ്ങളും അതിൽത്തന്നെ വിവരിച്ചിട്ടുണ്ട്. അതിൽ പറയാത്ത ഏതെങ്കിലും ഒരു സാധനം സംസ്ഥാന ഗവൺമെന്റിന് പ്രഖ്യാപിക്കണമെങ്കിൽ അതിന് അധികാരം നല്കുന്നതാണ് ഈ ബില്ല്. ഇത് ഇതുവരെ ഓർഡിനൻസായിരുന്നു. ഇതു നിയമമാക്കിത്തരാൻ വേണ്ടി ബന്ധപ്പെട്ട കമ്മിറ്റിക്ക് വിടുകയും കഴിയുന്നത്ര വേഗം നിയമമാക്കാൻ സഹകരിക്കുകയും ചെയ്യണമെന്ന് ഞാൻ എല്ലാപേരോടും അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, 1961-നു ശേഷം ഓർഡിനൻസാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് ചർച്ചചെയ്തു ബില്ലാക്കുന്നതിനുവേണ്ട ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽസ് എം.എൽ.എ. മാർക്കു വിതരണം ചെയ്തിട്ടില്ല. ഇന്നു മന്ത്രി ഫോണിൽവന്നു പ്രസംഗിക്കുക മാത്രമാണ് ചെയ്തത്. ഇലക്ട്രിസിറ്റി ഇതുപോലെ ഫുഡ്ഡും ഒന്നും എസ്സൻഷ്യൽ സർവ്വീസായി കണക്കാക്കിയിട്ടില്ല. ഇതിനെ സംബന്ധിച്ച് ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽസ് കൊടുക്കാതെയാണ് ചർച്ച ചെയ്യാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബില്ല് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ: ഇല്ല ഒരു വിവരവും ഇല്ലാതെ എങ്ങനെയാണ് ചർച്ച ചെയ്യുക? അതിനൊരു കൺവൻഷൻ നോക്കേണ്ടേ?

മി. സ്പീക്കർ: ഈ ബില്ല് കഴിഞ്ഞ സെഷനിൽ സർക്കുലേറ്റ് ചെയ്തിരുന്നതാണ് ..... (ബഹളം) ..... അതിനെക്കുറിച്ച് പരിശോധിക്കാം. തീർച്ചയായിട്ടും ഒരു ബില്ലിനെ സംബന്ധിച്ച് മുൻകൂട്ടി മെമ്പർമാർക്ക് ആവശ്യമായ വിവരങ്ങളും നൽകേണ്ടതാവശ്യമാണ്. എനിക്ക് കിട്ടിയ വിവരം 11-7-85-ൽ ഇതു പ്രസിദ്ധീകരിച്ചു, 14-7-85-ൽ അംഗങ്ങൾക്ക് വിതരണം ചെയ്തു എന്നാണ്.

Shri E. Ahammed: Sir, May I make a submission: സാധാരണ അജൻഡയിൽ പെറ്റൻ വരുന്നത്, സർക്കുലേറ്റ് ചെയ്തു കഴിഞ്ഞ ബില്ലുകളെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട ചെയറിൽ നിന്നുള്ള ഉത്തരവു പ്രകാരം ഈ ബില്ല് ആദ്യമായിട്ടാണ് എടുക്കുന്നത്. ഇതിന്റെ സർക്കുലേഷൻ വളരെ മുമ്പുതന്നെ കഴിഞ്ഞതാണെന്ന് സ്പീക്കർതന്നെ പറഞ്ഞു കഴിഞ്ഞു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇവിടെ സർക്കുലേറ്റ് ചെയ്തു കഴിഞ്ഞ ബില്ല് ഏതു സമയത്തും ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. ശങ്കരനാരായണ പിള്ളയ്ക്ക് ഒന്നാം നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

Shri K. Sankaranarayana Pillai: Sir, I move that the Kerala Essential Articles Control Bill, 1985 be circulated for eliciting public opinion till 1-10-1985. കേരള എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ബിൽ, 1985 സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം ആണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഒരു ശില്പശാലയുടെ ധർമ്മ സമരത്തിന്റെ അന്ത്യം എന്ന നിലയ്ക്കാണ് ഈ നിയമസഭാസമ്മേളനം വിളിച്ചു കൂട്ടിയിരിക്കുന്നത്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽവന്ന് മൂന്നു വർഷം കഴിഞ്ഞതിനു ശേഷം നാട്ടിൽ നിയമനിർമ്മാണത്തിനുവേണ്ടി നിയമസഭ സമ്മേളിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ചെയറിനോട് എനിക്ക് പറയാനുള്ളത് ശില്പശാലയിൽ നൽകിയിരുന്ന ഉറപ്പ് ഈ സഭയിൽ പാലിക്കണമെന്നാണ്. സഭാനേതാവിന്റെയും സർക്കാരിന്റെയും സഹകരണം ഇല്ലാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. 13 ദിവസത്തെ നോട്ടീസ് നൽകിയിരിക്കുന്ന ഈ സമ്മേളനം രണ്ട് വെള്ളിയാഴ്ചയും ഉപധനാഭ്യർത്ഥനയും ധനവിനിയോഗ ബില്ലും കഴിഞ്ഞാൽ എത്ര ദിവസമാണുള്ളത്? ഇപ്പോൾ സർക്കുലേറ്റ് ചെയ്തിട്ടുള്ള 64 ബില്ലുകളിൽ 32 എണ്ണം ഓർഡിനൻസുകൾ റീപ്ലേയ്സ് ചെയ്യാനുള്ള ബില്ലുകളാണ്. ഇതെങ്ങനെ ചർച്ച ചെയ്യാൻ കഴിയുമെന്ന് കണ്ടറിയേണ്ട കാര്യമാണ്.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ മുമ്പു നിലവിലുണ്ടായിരുന്ന ഒരു നിയമത്തിന്റെ പിൻതുടർച്ച എന്ന നിലയിലാണ് ഇപ്പോൾ ഈ നിയമം വന്നിരിക്കുന്നത്. 1961-ൽ അന്നത്തെ വ്യവസായവകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എ. ദാമോദരമേനോൻ അവതരിപ്പിച്ച Kerala Essential Articles Control (Temporary powers) Bill, 1982 വരെ കാലാകാലങ്ങളിൽ കാലാവധി നീട്ടിക്കൊടുത്തതുമൂലം ഈ നിയമം നിലവിലുണ്ടായിരുന്നു. പക്ഷേ ഇന്ത്യക്ക് ഒരു ശൂന്യത ഉണ്ടായി. ആ ശൂന്യതയ്ക്ക് ആരാണ് ഉത്തരവാദി എന്നതാണ് പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

സർ, ബഹുമാനപ്പെട്ട മന്ത്രി അതു സൂചിപ്പിച്ചു. ഈ ബില്ലിന്റെ objects and reasons-ൽ അത് പറഞ്ഞിട്ടുണ്ട്. ഇവിടെ തൊട്ടതിനും പിടിച്ചതിനുമെല്ലാം ഓർഡിനൻസാണ്. സൂണിവേഴ്സിറ്റിയേയും Water and Waste Water Authority യേയും കുറിച്ചുപോലും ചർച്ച ചെയ്യാനോ പഠിക്കാനോ ഉള്ള അവസരം നൽകാതെ ഓർഡിനൻസുകൾ ഇറക്കി രൂപീകരിച്ച ഒരു ഗവൺമെന്റിന് ഈ കാര്യത്തിലും വളരെ പ്രധാനപ്പെട്ട ഒരു പങ്കുണ്ട്. ഈ നിയമത്തിന് സമയത്ത് ഓർഡിനൻസ് ഇറക്കാൻ കഴിയാത്തത് ഓർഡിനൻസിനോടുള്ള വിരോധം കൊണ്ടല്ലെന്നോ ജനാധിപത്യ മര്യാദകൊണ്ടല്ലെന്നോ തെറ്റിദ്ധരിക്കാൻ കഴിയില്ല. ഒരു ഉദാസീനതയാണ് അതിൽ കാണുന്നത്. ആ കാലഘട്ടത്തിൽ അത് ആവശ്യമായിരുന്നില്ലെന്ന് വേണമെങ്കിൽ വാദിക്കാം. ആവശ്യം ഉണ്ടോ ഇല്ലയോ എന്നുള്ളത് കാലാകാലങ്ങളിലുള്ള ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. Essential commodity ആയി എന്തെങ്കിലും ഒരു ഇനത്തെ നിശ്ചയിക്കുന്നതുകൊണ്ട് ആ കാലഘട്ടത്തിൽ അത് ഗുണമാണോ അല്ലയോ എന്ന് പരിശോധിക്കേണ്ടത് അന്ന് നിലവിലിരിക്കുന്ന ഗവൺമെന്റുകളാണ്.

ആ ഇടക്കാലത്തുണ്ടായ ശൂന്യതയിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി രണ്ട് ക്ലോസ്സുകൾ ഈ ബില്ലിൽ എഴുതിച്ചേർത്തിട്ടുണ്ട്. ഒരു വാലിഡേഷൻ ക്ലാസും ഒരു സേവിംഗ് ക്ലാസ്സും. അത് മന്ത്രിതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 1982-ൽ ഒന്നാമത്തെ ഓർഡിനൻസായി വന്ന ഓർഡിനൻസിന് ഒരു വർഷത്തെ കാലാവധിയുണ്ടായിരുന്നുവെങ്കിലും അതിന് അത്രയും ആയുസ്സ് കിട്ടിയില്ല. 1982 മാർച്ച് 11 ന് ആ ഓർഡിനൻസ് കാലഹരണപ്പെട്ടുപോവുകയുണ്ടായത്. ഒരുപക്ഷേ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലല്ലായിരുന്നുവെങ്കിലും ആ ഇടവേളയിൽ ഇവിടെയൊരു കസ്റ്റഡിങ് ഭരണം ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം രാഷ്ട്രീയ കച്ചവടമല്ല തെ ഈമാതിരിയുള്ള കാര്യങ്ങളും പരിശോധിക്കാൻ കഴിഞ്ഞില്ലായെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. 1984-ൽ വന്ന ഓർഡിനൻസ്, പലതവണ നിയമസഭാ സമ്മേളനം കൂടിയിട്ടും ഒരു ബില്ല് കൊണ്ടുവന്ന് റീപ്ലേസ് ചെയ്യാൻ കഴിയാതെ 1985-ലെ 11-ാം നമ്പർ ഓർഡിനൻസ് ആണ് ഇപ്പോഴും ബില്ലാക്കിമാറ്റുന്നതിന് നാം തയ്യാറായിരിക്കുന്നത്. ഈ ശൂന്യതയെ സംബന്ധിച്ച് ഞാൻ ആദ്യമായിത്തന്നെ ചൂണ്ടിക്കാണിക്കുകയാണ്. 1961-ലെ നിയമം കാലഹരണപ്പെട്ടതിനുശേഷം പിന്നീടുണ്ടായ ഓർഡിനൻസും കാലഹരണപ്പെട്ടതിനുശേഷം ഈ പുതിയ ഓർഡിനൻസ് കൊണ്ടുവരുന്ന ഇടവേളയിലെ ശൂന്യതയിൽനിന്നും രക്ഷപ്പെടാൻ ഒരു "റിട്രോസ്പക്റ്റീവ് എഫക്ട്" അതിനകത്ത് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട വർക്കല മെമ്പർ അക്കാര്യം സൂചിപ്പിച്ചു. പക്ഷേ ആ retrospective effect കൊണ്ട് ഗുണമാണോ ദോഷമാണോ വന്നിരിക്കുന്നത്? ആ retrospective effect ഈ സംസ്ഥാനത്തെ തൽപരകക്ഷികൾക്ക് ദുരുപയോഗപ്പെടുത്താൻ അവസരമുണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. വാലിഡേഷൻ ക്ലോസ്സിൽ പറഞ്ഞിരിക്കുന്നത്, anything purporting to have been done after the 11th day of March, 1982. അങ്ങനെ വന്നിട്ടുള്ള നടപടികൾക്ക് നിയമപ്രാബല്യമുണ്ടായിരിക്കണം. സേവിങ്ങ് ക്ലോസ്സിനെ സംബന്ധിച്ചിടത്തോളം, Nothing contained in this Act shall render any person liable to be convicted of an offence in respect of anything done or omitted to be done by him after the 11th day of March. ഇത്, നിസ്സാരമായ കാര്യമെന്ന് പറഞ്ഞ് തള്ളിക്കളയാം. ഭരണഘടനാ

LIBRARY ARCHIVES Kerala Legislative Assembly

പരമായ ബുദ്ധിമുട്ടുണ്ടെന്നു് പറഞ്ഞതു് സത്യമാണു്. എന്തുകൊണ്ടു് ഇതുവന്നു? ഇത്രയും പ്രധാനപ്പെട്ട ഒരു നിയമം കാലഹരണപ്പെട്ടുകഴിയുമ്പോഴും തക്കസമയത്തു് ഒരു നിയമനിർമ്മാണം നടത്തി അതിന്റെ പിന്തുടർച്ച ഉറപ്പുവരുത്തിക്കഴിയുകയോ അല്ലെങ്കിൽ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഓർഡിനൻസു് കൊണ്ടുവന്നു് അതിനു് പ്രാബല്യം കൊടുക്കാൻ കഴിയുകയോ ചെയ്യാത്തതിന്റെ ഫലമായുണ്ടായ ഈ ശൂന്യത തൽപരകക്ഷികൾക്കു് ഒരു സുവർണ്ണാവസരമായിത്തീർന്നിരിക്കുകയാണു് ചെയ്തിരിക്കുന്നതു് എന്നുള്ളതു ണു് ഇതിനെ സംബന്ധിച്ചിടത്തോളമുള്ള വസ്തുത. ഇതൊരു enabling legislation ആണു്. 1955-ൽ സെൻട്രൽ കമ്മോഡിറ്റീസു് ആക്ടു് നിലവിൽ വന്നു. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഒരുപാടു് വസ്തുക്കളും അതിനകത്തു വന്നിട്ടുണ്ടു്. cattle fodder, coal, iron and steel, drugs, paper, petroleum അങ്ങനെ ഒരുപാടു് കാര്യങ്ങളും അതിനകത്തു് വന്നിട്ടുണ്ടു്. അതൊരു central statute ആണെങ്കിലും അതും നടപ്പിലാക്കേണ്ട ഉത്തരവാദിത്വം സംസ്ഥാനത്തിനാണു്. പ്രോസിക്യൂഷൻ നടപടികളും എടുക്കുക. സി ആർ. പി. സി. യും ഐ. പി. സി. യും സംസ്ഥാന ഗവൺമെന്റുതന്നെ ഉപയോഗപ്പെടുത്തുക എന്നുപറയുമ്പോഴും ഈ മാതിരിയുള്ള കുറ്റങ്ങൾക്കു് നടപടികൾ കണ്ടെത്തേണ്ടതുണ്ടു്. പക്ഷേ ഫലപ്രദമായ നടപടി ഇതിനെ സംബന്ധിച്ചു് ഉണ്ടായിട്ടുണ്ടോ എന്നു് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമുക്കറിയാം പല അവസരങ്ങളിലും ഈ Essential Commodities Act ന്റെ സഹായം നമുക്കു് തേടേണ്ടതായി വരും. പക്ഷേ ഈ ആക്ടുകൊണ്ടുണ്ടായതുകൊണ്ടുമാത്രം ഈ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുമോ? ഇല്ല എന്നാണു് അനുഭവത്തിൽകൂടി കണ്ടിട്ടുള്ളതു്. കാരണം ഗവൺമെന്റിന്റെ സമീപനം എന്തു് എന്നുള്ളതാണു് പ്രശ്നം. ആക്ടിലും നിയമത്തിലും ചട്ടത്തിലും എന്തു് എഴുതിയിട്ടുണ്ടു് എന്നുള്ളതിനുപരി ഗവൺമെന്റിന്റെ സമീപനം എന്തു് എന്നുള്ളതാണു് പ്രശ്നം. സഹകാര്യമേഖലയെ സഹായിക്കുക, കൺട്രോളുകളും വേണ്ട എന്ന ഒരു സമീപനമാണു് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതു്. 21-ാം നൂറ്റാണ്ടിലേക്കു് രാജ്യത്തെ വലിച്ചിഴച്ചുകൊണ്ടു് പോകുന്നുവെന്നു് അവകാശപ്പെടുന്ന നമ്മുടെ പ്രധാനമന്ത്രി ഈ രാജ്യത്തു് ചെയ്തുകൊണ്ടിരിക്കുന്ന ദ്രോഹത്തെക്കുറിച്ചു് ആരും മനസ്സിലാക്കുന്നില്ലെന്നതാണു് സ്ഥിതി. പണ്ഡിറ്റു് ജവഹർലാൽ നെഹ്രുവിന്റെ കാലത്തു് ആസൂത്രണത്തിൽ അധിഷ്ഠിതമായി നമ്മുടെ സാമ്പത്തിക വ്യാപാര രംഗത്തുണ്ടായിട്ടുള്ള എല്ലാ നടപടികളും ഇന്നു് ഓരോന്നായി മാറ്റിക്കൊണ്ടിരിക്കുന്നു. അവസാനമായി ഗവൺമെന്റിനു് കോടിക്കണക്കിനു രൂപ വരുമാനമുണ്ടാക്കുന്ന എയർലൈൻസിനെയും എയർ ഇൻഡ്യയേയും തകരാറിലാക്കുന്ന നടപടി എയർ ടാക്സി സർവ്വീസു് എന്ന ഓമനപ്പേരിൽ കൊണ്ടുവന്നിരിക്കുകയാണു്. ഗവൺമെന്റിന്റെ ഇന്നത്തെ സമീപനം കൺട്രോളുകളും വേണ്ട എന്നതാണു്. പ്രസക്തമായ പ്രശ്നം കൺട്രോളുകളും വേണമോ എന്നുള്ളതാണു്. എസ്സൻഷ്യൽ കമ്മോഡിറ്റീസു് ആക്ടിന്റെ ചുവടു പിടിച്ചു് നാം ഇപ്പോൾ ചർച്ച ചെയ്യുന്ന കേരളാ എസ്സൻഷ്യൽ ആർട്ടിക്കിൾസു് ബില്ലായാലും കൺട്രോളുകളും വേണമോ എന്നതാണു് പ്രശ്നം. ഒരു ജനാധിപത്യ രാജ്യത്തു്, പ്രത്യേകിച്ചു് നമ്മുടെ സംസ്ഥാനംപോലെ സമ്മിശ്ര സാമ്പത്തിക വ്യവസ്ഥയാണെന്നു് പറയുകയും ഫലത്തിൽ കള്ളപ്പണവും മറ്റു സാമ്പത്തിക കുറ്റങ്ങളും നടത്തി ഗവൺമെന്റിനെത്തന്നെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന രീതിയിൽ സാമ്പത്തികരംഗം സഹകാര്യമേഖല കയ്യേറിയിരിക്കുന്ന ഈ രാജ്യത്തു് കൺട്രോളുകളും അത്യാവശ്യമായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് അവരുടെ സുഗമമായ ജീവിതം ഉറപ്പു വരുത്തുന്നതിനുവേണ്ടി, അവർക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് എത്തിച്ചു കൊടുക്കുന്നതിനുവേണ്ടി രാജ്യത്തിന്റെ വ്യവസായിക ആവശ്യങ്ങൾക്കുള്ള ഉൽപന്നങ്ങൾ പൂഴ്ത്തിവയ്പും മായം ചേർക്കലുംകൊണ്ട് ദോഷമുണ്ടാകാതിരിക്കാൻവേണ്ടി, അല്ലെങ്കിൽ നിലവിലുള്ള തൊഴിൽ നിയമങ്ങളും മറ്റു നിയമങ്ങളും വളച്ചൊടിക്കാൻവേണ്ടി സഹകാര്യമുതലാളിമാർ പരിശ്രമിക്കുമ്പോൾ അതിനെല്ലാംതന്നെ എതിരായി നമുക്ക് ഉപയോഗിക്കാൻ കഴിയുന്ന ആയുധം എന്നു പറയുന്നത് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടും ഈ നിയമവുമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിൽ സഹകാര്യമുതലാളിമാരുടെ ധിക്കാരത്തിനെതിരായി, ഭീഷണിക്കെതിരായി, ഭീഷണി നടപടികൾക്കെതിരായി സാമ്പത്തികകുറ്റങ്ങൾക്കെതിരായി ഉള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് ഇതുപയോഗിക്കുന്നത് എന്തിനുവേണ്ടിയാണ്? ഇലക്ട്രിസിറ്റിയുടെ താരിഫ് വർദ്ധിപ്പിക്കുന്നതിനാണ്. എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് എന്നു പറയുമ്പോൾ ഈ മാതിരിയുള്ള ഒരു ടാക്സിനുവേണ്ടിയോ ലെവി ഏർപ്പെടുത്തുന്നതിനുവേണ്ടിയോ ഉപയോഗിക്കേണ്ട ഒരു നിയമം അല്ല. മറിച്ച് ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇത്. ഇവിടെ ഇപ്പോൾ ഈ നിയമം കൊണ്ടുവന്നിരിക്കുന്നത് എന്തിനുവേണ്ടിയാണ്? സർക്കാരിന് ആവശ്യമായ കാര്യങ്ങൾ വളരെ എളുപ്പത്തിൽ ചെയ്യുന്നതിനുവേണ്ടി, ഇലക്ട്രിസിറ്റിയുടെ താരിഫ് വർദ്ധിപ്പിക്കാൻ വേണ്ടിയല്ലേ, വളരെ ഫലപ്രദമായി ഈ നിയമം ഉപയോഗിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികമായ നിലനിൽപ്പിന് ആധാരമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? നമ്മളെ സംബന്ധിച്ചിടത്തോളം നമുക്കുള്ള ബുദ്ധിമുട്ട് നമുക്കറിയാം. കശുവണ്ടി, തൊണ്ട് മുതലായ പരമ്പരാഗത വ്യവസായങ്ങളെ നിലനിർത്തുന്ന അസംസ്കൃതവസ്തുക്കളുടെ കാര്യത്തിൽ എന്ത് നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

കശുവണ്ടിയെ സംബന്ധിച്ചിടത്തോളം ഇവിടെ മൊണോപ്പൊളി പ്രൊക്യുവർമെന്റ് ഉണ്ടായിരുന്നു. കുത്തക സംഭരണം അന്ന് ഗവൺമെന്റ് മുൻകയ്യെടുത്ത് സഹകരണ ഏജൻസികളിൽക്കൂടി നടത്തി. ഇന്ന് സർക്കാരിന്റെ ഭാഗത്തുനിന്ന് അതിനെതിരായി പറയുന്ന ന്യായീകരണം കർഷകർക്ക് കൂടുതലായ കാശ് കിട്ടുന്നുണ്ട്, ആളുകൾക്ക് തൊഴിൽ കിട്ടുന്നുണ്ട് എന്നൊക്കെയാണ്. കുത്തകസംഭരണത്തിന് ഉദ്ദേശമുണ്ടായിരുന്നു. നമുക്കെല്ലാവർക്കുമറിയാം കേരളത്തിലെ മുതലാളിമാരുടെ കശുവണ്ടി ഫാക്ടറികളെല്ലാംതന്നെ പ്രവർത്തിക്കുന്നത് കളിയിക്കാവിളയിലും നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തിയുടെ തൊട്ടപ്പുറത്തുമാണ്. അവിടെ കശുവണ്ടിയില്ല. ആഫ്രിക്കൻ തോട്ടണ്ടി ഇപ്പോൾ കൂടുതലായി വരുന്നില്ല. ഇവിടെ പാറശ്ശാലയ്ക്കും കേരളത്തിന്റെ അപ്പുറത്തുമുള്ള അസംഖ്യം കശുവണ്ടി ഫാക്ടറികൾ നടത്തുന്നത്, നമ്മുടെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായികളാണെന്നുള്ളതാണ് വസ്തുത. അവർക്ക് എവിടെനിന്ന് കശുവണ്ടി കിട്ടുന്നു? എവിടെനിന്നാണെന്നുള്ളത് വ്യക്തമാണ്. ഇപ്പോൾ മൊണോപ്പൊളി പ്രൊക്യുവർമെന്റ് എടുത്തുകളഞ്ഞു. മൊണോപ്പൊളി പ്രൊക്യുവർമെന്റ് എടുത്തുകളഞ്ഞുവെങ്കിലും ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രയോഗിക്കാൻ കഴിയുമായിരുന്നു. കയർത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് തൊഴിൽനൽകുന്നതിനുവേണ്ടി ഈ നിയമം ഉപയോഗപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്നുണ്ടോ? മറ്റു വ്യവസായങ്ങളും നടക്കുന്നില്ല. കോച്ച് ഫാക്ടറി കിട്ടുന്നില്ല, വ്യവസായവൽക്കരണം നടക്കുന്നില്ല. ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയില്ല. എന്നാൽ ആവശ്യത്തിന് ആഹാരം കഴിക്കാൻ കിട്ടിയില്ലെങ്കിലും ജീവൻ നിലനിർത്തുന്നതിന് ഉള്ള വരുമാനം കേരളത്തിലെ തെഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായം തകരാറിലാകുമ്പോൾ തൊണ്ടിനൊന്നീക്കം ഒരു അത്യാവശ്യഘടകമാണ്. അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നുണ്ടോ? നമ്മുടെ തോടുകളിൽക്കൂടി, റോഡുകളിൽക്കൂടി ലോറിയിലും വള്ളത്തിലുമൊക്കെ കൊണ്ടുപോകുന്നു. പിടിക്കാൻ കഴിയുന്നുണ്ടോ? ഇതിന്റെ അടിസ്ഥാനപരമായ പ്രശ്നം ഗവൺമെന്റിന്റെ സമീപനമാണ്. ഈ നിയമങ്ങളെ ഫലപ്രദമായി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുന്നുണ്ടോ? ഗവൺമെന്റിന് ഇതിൽ താൽപര്യമുണ്ടോ? ഇല്ല. മറച്ച് കൺട്രോളുകളെ ഒന്നും വേണ്ട. ഈ രാജ്യം തുറന്നിടുകയാണ്. വേണ്ടിവന്നാൽ പുറത്തുള്ള മുതലാളിമാർ അവരുടെ ഉൽപ്പന്നങ്ങളെല്ലാം കൊണ്ടുവന്ന് വിറ്റഴിച്ച് കൊള്ളലാഭം ഉണ്ടാക്കാൻ വേണ്ടിയാണ് ഈ രാജ്യത്തെ വാതിലുകൾ തുറന്നിടുന്നത്. ആസൂത്രിത പ്രക്രിയയെ പൊളിച്ചുമാറ്റി മുദ്രാവാക്യമായി അവശേഷിപ്പിച്ച് ഈ രാജ്യത്തിന്റെ സോഷ്യലിസ്റ്റ് അടിത്തറതന്നെ തകർക്കുക എന്ന ലക്ഷ്യത്തോടുകൂടി ശ്രീ. രാജീവ് ഗാന്ധി തുടങ്ങിവച്ച പ്രവർത്തനത്തിന്റെ ഒരു ഭാഗമെന്നുള്ള നിലയിലാണ്, ആ വികാരം ഉൾക്കൊണ്ടുകൊണ്ടാണ്, നമ്മുടെ സംസ്ഥാന ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്ന് പറയാതിരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ ഒരു നിയമം നാം പാസ്സാക്കുമ്പോൾ ഇടയ്ക്ക് ഒരു ശൂന്യത വന്നത് ഒഴിവാക്കാൻ കഴിയുന്ന ഒരു കാര്യമായിരുന്നു എന്ന് ആലോചിക്കണം. അല്ലെങ്കിൽ ഇത്ര നിസ്സാരമാണെന്ന് കണക്കാക്കേണ്ട കാര്യമില്ല. ഇങ്ങനെയെന്ന് ആവശ്യമാണെന്ന് സർക്കാർ കരുതുന്നില്ല. ഇലക്ട്രിസിറ്റി താരിഫ് കൂട്ടാൻവേണ്ടിമാത്രം എസ്സന്ഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രയോജനപ്പെടുത്തുകയെന്നതിനുപരിയായി ഈ സംസ്ഥാനത്തിന്റെ തെഴിലാളികൾക്ക് തൊഴിൽ നൽകുന്ന അസംസ്കൃത വസ്തുക്കൾ, ഇവിടത്തെ ജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ അതുപോലെതന്നെ 1955 ലെ കമ്മോഡിറ്റീസ് ആക്ട് അനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ, അവയുടെ നീക്കം ഇതൊക്കെ കൈകാര്യം ചെയ്യണമെന്നുള്ള ആഗ്രഹം ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമില്ലെന്നുള്ളതാണ് സത്യം. ഇതിനെ സംബന്ധിച്ച് ഈ ബില്ലിന്റെ ഉദ്ദേശം അതിന്റെ പൈനൽറി ക്ലോസ്കൊണ്ടേ അറിയാം സെലക്ട് ആക്ടിൽ ഇല്ലാത്ത ഒരു പ്രൊവിഷൻ ഇതിനകത്തുണ്ട്. ഇപ്പോൾ ഇതെങ്ങനെ തടയാൻ കഴിയും? കുറ്റങ്ങൾ ഉണ്ടായാൽ അത് തടയാൻ ഫലപ്രദമായ നടപടികൾ ഉണ്ടാകണം. നമുക്കറിയാം, ഇവിടെ അഴിമതിയാണ്. മുകളറ്റം മുതൽ താഴെയറ്റംവരെ അഴിമതി നടക്കുകയാണ്. അഴിമതിയെ ഫലപ്രദമായി തടയാൻ കഴിയുന്നില്ല. എവിടെയും കൊഴുത്താൽ ഏതു നിയമത്തേയും മറികടക്കാം. ഏത് സാധനങ്ങളും എവിടേയും കൊണ്ടുപോകാം. രേഖയില്ല. അപ്പോൾ ഈമാതിരിയുള്ള സാധനങ്ങൾ കൊണ്ടുപോകുമ്പോൾ ആ വാഹനങ്ങൾ പിടിച്ചെടുക്കുക എന്നുള്ളതാണ് അതിന്റെ ഏറ്റവും വലിയ ഒരു നടപടി. ഒരുപക്ഷേ ഈ കള്ളക്കടത്ത് നടന്നാൽ ഈ നിയമത്തെ വെട്ടിച്ചുകൊണ്ട് അത്യാവശ്യകാര്യങ്ങൾക്ക് പൂഴ്ത്തിവയ്ക്കുന്നതിന് വേണ്ടിയായിരുന്നാലും പൊണ്ടുപോയാൽ —അത് സൈക്കിളിലായാലും, തൊണ്ടിയായാലും, കശുവണ്ടിയായാലും കൊള്ളാം ...അതിനെ തടസ്സപ്പെടുത്താൻ കഴിയുന്ന ഫലപ്രദമായ ഒരു നടപടി

LIBRARY ARCHIVES Kerala Legislative Assembly

യെന്നു പറയുന്നത് കോൺഫിസ്ക്കേറ്റ് ചെയ്യുകഎന്നുള്ളതാണു്. 1961-ലെ നിയമത്തിലും ഈമാതിരി വ്യവസ്ഥ ഉണ്ടായിരുന്നു. പക്ഷേ ആ വ്യവസ്ഥയനുസരിച്ചു് അനുഭവത്തിന്റെ വെളിച്ചത്തിൽ നമ്മുടെ കേരള സർക്കാർതന്നെ പത്തുപതിനഞ്ചു വർഷങ്ങൾക്കുമുമ്പു് ഭക്ഷ്യപ്രശ്നം വന്നപ്പോൾ കള്ളക്കടത്തു വാഹനങ്ങൾ തന്നെ കോൺഫിസ്ക്കേറ്റ് ചെയ്യണമെന്നു് തീരുമാനിച്ചിട്ടുണ്ടു്. പല വാഹനങ്ങളും അങ്ങനെ കോൺഫിസ്ക്കേറ്റ് ചെയ്തിട്ടുമുണ്ടു്. ഇപ്പോഴും ചില വാഹനങ്ങൾ കോടതി വരാന്തകളിൽ കിടക്കുന്നുണ്ടു്. പക്ഷേ ഈ ബില്ലുകൊണ്ടുവന്നപ്പോൾ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ കിട്ടിയ പാഠം ഉൾക്കൊള്ളാൻ ഗവൺമെന്റ് തയ്യാറായില്ല. അതുകൊണ്ടു് പെനാൽറ്റി ക്ലാസ്സിനെ സംബന്ധിച്ചിടത്തോളം ഇതിനകത്തു് എഴുതിച്ചേർത്തിരിക്കുകയാണു്, കോടതിക്കു് നിർദ്ദേശം, ഇങ്ങനെ ആ വ്യവസ്ഥ വന്നാൽ കോടതിക്കു് ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. കേസു് നടത്തിപ്പിന്നകത്തു് ഒരുപാടു് ലൂപ്ഹോൾസ് ഉണ്ടു് എന്നു് നമുക്കെല്ലാവർക്കുമറിയാം. അതുപയോഗിച്ചുകൊണ്ടു് പലരും രക്ഷപ്പെടുന്നുണ്ടു്. ഇതിനകത്തു് പണിഷ്മെന്റ് പറഞ്ഞിട്ടുണ്ടു്. അതിനു് പ്രൊവൈസോ പറഞ്ഞിട്ടുണ്ടു്. ആ പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്നതെന്താണു്?

Provided that if the court is of the opinion that a sentence of fine only will meet the ends of justice, it may, for reasons to be recorded, it may refrain from imposing a sentence of imprisonment.

കോടിക്കണക്കിനു രൂപ മതിപ്പുള്ള സ്ഥാവര ജംഗമ സ്വത്തുള്ള മുതലാളിമാരാണു് ഇതൊക്കെ ചെയ്യുന്നതു്. പലപ്പോഴും പിടിക്കപ്പെടുന്നതു് പാവപ്പെട്ട ഡ്രൈവറോ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടറോ ആയിരിക്കും. അങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം ഒരു ഫൈൻ ഏർപ്പെടുത്തുകയെന്നുള്ളതു് നിസ്സാരമായ കാര്യമാണു്. നേരെമറിച്ചു് രണ്ടുലക്ഷമോ മൂന്നുലക്ഷമോ ഉള്ള ഒരു ലോറി കോൺഫിസ്ക്കേറ്റ് ചെയ്യുമെന്നു പറഞ്ഞാൽ സ്വാഭാവികമായും ഭയപ്പെടും. ഇവിടെ ഫൈൻ മതിയെന്നു് കോടതിക്കു് വ്യവസ്ഥയുണ്ടാക്കാൻ കഴിയുന്ന ഒരു ന്യായീകരണം ഇതിനകത്തു് ഉണ്ടായിരിക്കുന്നു. അതുപോലെതന്നെ സെൻട്രൽ ആക്ടിനെ സംബന്ധിച്ചിടത്തോളം ഫോർഫീച്ചറുണ്ടു്. പ്രോപ്പർട്ടിയായിരുന്നാലും വാഹനങ്ങളായിരുന്നാലും ഇതിൽ എഴുതിച്ചേർത്തിരിക്കുന്നതു് Provided that if the court is of opinion that it is not necessary to direct forfeiture in respect of the whole or, as the case may be, any part of the property, it may for reasons to be recorded, refrain from doing so എന്നാണു്. ആരെ പിടിച്ചാലും ഒരു ഫൈൻ അടിച്ചാൽ തീർന്നു. വണ്ടി പിടിക്കേണ്ട. അതു ചെയ്യുമോ ഇല്ലയോ എന്നാണു്. ചെയ്യാൻ വ്യവസ്ഥയുണ്ടു് എന്താണതിന്റെ ആവശ്യം? എന്തായിരുന്നാലും കോടതിയാണു് കേസു് തീരുമാനിക്കുന്നതു്, കോടതിയിൽ കുറ്റക്കാരനാണെന്നു് തെളിഞ്ഞാൽ കുറ്റക്കാരനെ വിട്ടുകൊടുക്കണമെന്നു് ഇതിനകത്തു് എഴുതിവയ്ക്കുകയെന്നു പറയുമ്പോൾ അതുകൊണ്ടു് ഉദ്ദേശശുദ്ധിയില്ല. ഇതു് ഇലക്ട്രിസിറ്റി താരിഫ് പിരിക്കാനോ അല്ലെങ്കിൽ ഗവൺമെന്റിനു് ജനങ്ങളെ പിഴിയാനോ ഉള്ള എന്തെങ്കിലും വ്യവസ്ഥ വന്നാൽ അതൊക്കെ എസ്സൻഷ്യൽ ആർട്ടിക്കിൾ എന്നു പറയുന്നതിനുപരിയായി ജനങ്ങളുടെ ജീവൻ നിലനിർത്തുന്നതിനാവശ്യമായ, ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ കേരളത്തിലെ സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്കാവശ്യമായ എന്തെങ്കിലും നടപടി ഈ ആക്ടിൽക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരണമെന്നുള്ള ഉദ്ദേശം ഗവൺമെന്റിനില്ല. ഇതാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഈ ബില്ലുകൊണ്ടുവരുമ്പോൾ ഗവൺമെന്റു ഭാഗത്തുനിന്ന് എന്തു ചെയ്യണമെന്ന് നേരത്തെ ബഹുമാനപ്പെട്ട വർക്കല മെമ്പർ സൂചിപ്പിച്ചു. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ ഉള്ള ബാക്ക് ഗ്രൗണ്ട് മെറ്റീരിയൽസ് തന്നില്ല. ഇതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് എന്തൊക്കെയാണ് ഉദ്ദേശിക്കുന്നത്. എന്തൊക്കെയാണ് കഴിഞ്ഞ കാലങ്ങളിൽ ചെയ്തിട്ടുള്ളതെന്ന് പറഞ്ഞുതന്നിട്ടില്ല. ഇപ്പോൾ ഈ ബിൽ ഒന്നാമതെ പ്രയോറിറ്റിയായി നിശ്ചയിച്ചപ്പോൾതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം കേൾക്കുന്നതുവരെ ഒരു പ്രത്യാശയുണ്ടായിരുന്നു. ഇലക്ട്രിസിറ്റി താരിഫിനുവേണ്ടിയാണ് എസ്സൻഷ്യൽ ആർട്ടിക്കിൾ ബില്ല് ഉപയോഗപ്പെടുത്തിയതെന്നു വരുമ്പോൾ ഇനിയും ജനങ്ങളെ ബുദ്ധിമുട്ടിക്കാനുള്ള ഏതെങ്കിലും നടപടിക്ക് ഒരു നിയമപരമായ പിൻബലം നൽകുന്നതിന് വേണ്ടിയാണോ ഒന്നാമത്തെ പ്രയോറിറ്റിവച്ച് പാസ്സാക്കുന്നത്? അതു പാടില്ല. ഇവിടെ ഫലപ്രദമായി നമ്മുടെ എസ്സൻഷ്യൽ കമ്മോഡിറ്റി ആക്റ്റിൽ പറയുന്നത് ആയാലും ഇപ്പോൾ നാം ചർച്ച ചെയ്യുന്ന സ്റ്റേറ്റിന്റെ ബില്ലിൽ പറയുന്നതായാലും അത് എഫക്ടീവ് ആയി ചെയ്യുന്നതിന് ഉള്ള നടപടി സ്വീകരിക്കണം. അതിന് എന്തുചെയ്യാൻ കഴിയും? അതിനൊരു ഏജൻസിയുണ്ടോ? ഇവിടെ എന്താണ് പ്രശ്നം? കഴിഞ്ഞകാലയനുഭവം പരിശോധിച്ചാൽ തൊണ്ട് നിയന്ത്രണം, കശുവണ്ടിയുടെ നീക്കം തടയൽ, സീമന്റ് പ്രശ്നം, കേഷ്യൂപ്രശ്നം ഉണ്ടായപ്പോൾ എല്ലാം നമുക്ക് തടയാൻ കഴിഞ്ഞില്ല. സ്വാഭാവികമായി ഇതിനെക്കുറിച്ച് പരാതികളുണ്ടാകാം. കോയമ്പത്തൂരിന്റെ അതിർത്തിയിൽ ചെന്നുനിന്നാൽ, നാഗർകോവിലിന്റെ പരിസരത്ത് ചെന്നുനിന്നാൽ എല്ലാം കേരളത്തിലെ വ്യാവസായികാവശ്യങ്ങൾക്കുള്ള അസംസ്കൃത സാധനങ്ങൾ എങ്ങനെ പോകുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും. എവിടെയാണ് കൂടുതൽ വില കിട്ടുന്നതെന്നു കണ്ടുകൊണ്ട്, കൊള്ള ലാഭമെടിക്കാൻവേണ്ടി കൊണ്ടുപോകുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇതിനൊക്കെ നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടല്ലോ. നിയന്ത്രണം കൊണ്ടുവരുമ്പോൾ. രേണുകക്ഷിയിലുള്ള ചിലർതന്നെ കള്ളക്കടത്തിന് കുറച്ചുകൂടി സൗകര്യം ഉണ്ടാക്കി കൂടുതൽ ലാഭം ഉണ്ടാക്കുന്നതിന് സാധിക്കുമെന്നുള്ളതുകൊണ്ട് ഈ നിയന്ത്രണം കൊണ്ടുവരുന്നുവെന്ന് ഉദ്ദേശിക്കാമോ? ഇത് ശരിക്കു നടപ്പിലാക്കാത്തതു കൊണ്ടാണ്.

ശ്രീ. കെ. ശങ്കരനാരായണ പിള്ള: ഫലത്തിൽ ഇത് ഒരു വ്യവസായമാണ്. നമ്മുടെ സാമൂഹ്യ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളേയും കാർന്നു തിന്നുകൊണ്ടിരിക്കുന്ന അഴിമതിയെന്നുള്ള നിലയിൽ ഇങ്ങനെയൊന്നു കിട്ടിയാൽ ആരെയെങ്കിലും പിടിച്ചാൽ ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ പറഞ്ഞതുപോലെ അവരെ പിടിക്കണമെന്നുള്ള ആഗ്രഹമുണ്ടോയെന്ന് സംശയമാണ്. കാരണം അവർ ചെയ്യുന്ന നടപടിയെന്താണ്? കശുവണ്ടി കുത്തകസംരേണം അവസാനിച്ചു. അങ്ങനെ ദേശീയ അടിസ്ഥാനത്തിൽ ആയാലും സംസ്ഥാനാടിസ്ഥാനത്തിൽ ആയാലും കൺട്രോളൊന്നും വേണ്ട. മുതലാളിമാർ ഇഷ്ടംപോലെ ലാഭമുണ്ടാക്കിക്കൊള്ളട്ടെ. ഏന്തു ചെയ്തുകൊള്ളട്ടെയെന്നുള്ള ധാരണയിലാണ്. അതൊരു ജനാധിപത്യമര്യാദയെന്നുള്ള ധാരണയുണ്ടാക്കിയിരിക്കുന്നു. മറിച്ച് ഇവിടെ കള്ളപ്പണം, കരിഞ്ചന്ത ഇല്ലാതാക്കാൻ പൂഴ്ത്തിവയ്പ്, കള്ളക്കടത്ത് തുടങ്ങിയ മാറാരോഗങ്ങൾ നമ്മുടെ സമൂഹത്തിൽ സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

ക്കാരായ ജനങ്ങളെ സഹായിക്കാൻ ഈ നിയമങ്ങം ഉപയോഗിക്കുമെന്നുള്ള സങ്കൽപ്പമില്ല. അഥവാ തെറ്റിയും തെറ്റിച്ചും ആരെയെങ്കിലും പിടിച്ചാൽ ബഹു. മനപ്പെട്ട ചിറ്റൂർ മെമ്പർ പറഞ്ഞതുപോലെ അത് ഒതുക്കും. കിട്ടേണ്ടത് കിട്ടും അതാണ് ഈ കാര്യത്തിൽ ഉള്ള അനുഭവം. എന്നാൽ ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉപയോഗപ്പെടുത്തുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: എസൻഷ്യൽ കമ്മോഡിറ്റീസിനകത്ത് ഇലക്ട്രിസിറ്റിയും ഉൾപ്പെടുത്തിയെന്നു പറഞ്ഞു. ഇപ്പോം നമ്മുടെ മുൻ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെയും എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ പരിധിയിൽ കേരള രാഷ്ട്രീയത്തിൽപ്പെടുത്തിയിരിക്കുന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള: എസൻഷ്യൽ ആർട്ടിക്കിംസിനകത്ത് ശ്രീ. ബാലകൃഷ്ണ പിള്ളയെ ശ്രീ. മാണി പെടുത്തിയെങ്കിലും ശ്രീ. കരുണാകരൻ പെടുത്തിയിട്ടില്ല. ഇപ്പോം ആർക്കും പെടുത്താം. ഇവിടെ അപ്പോം എസൻഷ്യലാണ്. ഗവൺമെന്റ് അധികാരത്തിൽ തുടരാൻ എസൻഷ്യൽ. അതാണല്ലോ എസൻഷ്യൽ? അതിനുവേണ്ടിയാണല്ലോ പോളിടെക്നിക് കച്ചവടം? അതിനുവേണ്ടിയാണല്ലോ ഇതെല്ലാം ചെയ്യുന്നത്? കേരളത്തിലെ സ്വകാര്യ കച്ചവടത്തിന് കൂട്ട് നിൽക്കുക, മുതലാളിമാരെ കയറൂരിവിടുക, ഇവയൊക്കെയാണല്ലോ സർക്കാരിന്റെ പരിപാടികം. അങ്ങനെ സർക്കാരിന് എസൻഷ്യലായ കമ്മോഡിറ്റീസിന്റെ കൂട്ടത്തിൽ ഇപ്പോം ശ്രീ. ആർ. ബാലകൃഷ്ണപിള്ള വരുമോ എന്നുള്ളത് തർക്കവിഷയമായ ഒരു കാര്യമാണ്. അതുകൊണ്ട് നമുക്കറിയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: തർക്കം തീർന്നുവെന്നും അഡ്വക്കേറ്റ് ജനറലിനെക്കൊണ്ട് അദ്ദേഹത്തെ എടുക്കാൻ വിരോധമില്ലെന്ന് എഴുതി മേടിച്ച് ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിയാക്കാൻ പോകുന്നു എന്നുമുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള: എന്തായിരുന്നാലും അതിനെക്കുറിച്ച് കോർട്ടലക്ഷ്യം പറയാൻ ഞാൻ തയ്യാറല്ല. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോക്കറ്റിൽ ഏതവസരത്തിൽ എന്തിനുപയോഗിക്കാനും പറ്റിയ കടലാസുണ്ടെന്നറിയാമല്ലോ? ഈ കടലാസുകൊണ്ടുവെച്ച് അദ്ദേഹം ഒരു പാടുപേരുകളെ കളിപ്പിച്ചുകൊണ്ടിരിക്കുകയല്ലേ? എൻ. ഡി. പി. ക്കാരെ കളിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ ശ്രീ. ബാലകൃഷ്ണപിള്ളയെ എടുക്കാനുള്ള ന്യായം അദ്ദേഹത്തിന്റെ വലത്തെ പോക്കറ്റിലും എടുക്കാതിരിക്കാനുള്ള ന്യായം അദ്ദേഹത്തിന്റെ ഇടത്തെ പോക്കറ്റിലും കാണും. അത് അന്നന്നുള്ള രാഷ്ട്രീയ കമ്പോളത്തിലെ നിലവാരമനുസരിച്ച് അദ്ദേഹം ഉപയോഗിക്കുമെന്നേയുള്ളു. അല്ലാതെ ധാർമ്മികമായ നീതിയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഇതൊക്കെ ചെയ്യുന്നതെന്ന തെറ്റിദ്ധാരണയില്ലല്ലോ? പക്ഷേ താൻ കുഴിച്ച കുഴിയിൽ താൻതന്നെ ചാടുമെന്നു പറഞ്ഞതുപോലെ ലോകത്തുള്ളവരെയെല്ലാം ശത്രുക്കളാക്കി ശ്രീ. ബാലകൃഷ്ണപിള്ള ചെന്നു ചാടിയിരിക്കുകയണ്. അതുകൊണ്ടാണ് അദ്ദേഹത്തിനുവേണ്ടി കരയാൻ ആരും ഇവിടെ ഇല്ലാതിരിക്കുന്നത്.

ഈ മാതിരിയുള്ള, ജനങ്ങളെ ഉപദ്രവിക്കുന്ന നടപടികൾക്ക് അംഗീകാരം കൊടുക്കുകയെന്നതിലുപരി മറിച്ച് ജനങ്ങൾക്ക് സഹായകരമായ കാര്യങ്ങം ചെയ്യുന്നതിന് ഈ ബില്ല് ഉപയോഗപ്പെടുത്തണം. എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും? ഞാൻ നേരത്തെ പറഞ്ഞു, അഴിമതിയെപ്പറ്റി.

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയെ ചെറുക്കാത്തിടത്തോളം കാലം ഈ നടപടി സ്വീകരിക്കാൻ കഴിയുമോ? ഇവിടെ നമുക്കറിയാം, കശുവണ്ടി സംഭരണം ഒരു വലിയ പ്രശ്നമായിരുന്നു; ഒരു വലിയ കാര്യമായിരുന്നു. നമ്മുടെ സഹകരണ സ്ഥാപനങ്ങളും പൊതുപ്രവർത്തകരും കശുവണ്ടിത്തൊഴിലാളി സംഘടനകളുമെല്ലാം വളരെ കാര്യമായി സഹകരിച്ച് നടപ്പിലാക്കിയ ഒരു കാര്യമാണ്. പക്ഷേ തർക്കമെന്തിനാണ്? സർക്കാരിന്റെ വിവിധ ഏജൻസികളും സഹകരിക്കുകയില്ല. പോലീസ് ഒരു ഭാഗത്ത്, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് വേറൊരു ഭാഗത്ത്, സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ വേറൊരു ഭാഗത്ത്. ചുരുക്കം അതിന്റെ ഫലമെന്താണ്? മൂന്നു കൂട്ടർക്കും അതിന്റെ കൂലി കിട്ടണം. അല്ലെങ്കിൽ താല്പര്യ സംരക്ഷണത്തിൽക്കൂടി മുതലാളിമാർ രക്ഷപ്പെട്ടു പോകും. എന്തായിരുന്നാലും കശുവണ്ടിയെ സംബന്ധിച്ചിടത്തോളം കുത്തക സംഭരണം ഉപേക്ഷിച്ച് മുതലാളിമാർക്ക് വിട്ടുകൊടുത്തിരിക്കുന്നു. മന്ത്രി അവകാശപ്പെടുന്നത് ഇതെല്ലാമെടുത്ത് തൊഴിലാളികളെ രക്ഷപ്പെടുത്തിയെന്നാണ്. പക്ഷേ ഇതെല്ലാം നമ്മുടെ അതിർത്തി കടന്ന് അപ്പുറത്ത് പോയതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് ഈ അഴിമതി അവസാനിപ്പിക്കാൻ, താഴെ മുതൽ മുകളറ്റം വരെയുള്ള അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ ആക്ട് കൊണ്ടുള്ള ഉപയോഗം നമുക്ക് കിട്ടുമെന്ന് പറയാൻ കഴിയുകയില്ല. അങ്ങനെയാണെങ്കിൽ ഈ അടിസ്ഥാനപരമായ സമീപനം മാറണം. കാരണം, പൊതുമേഖലയ്ക്കും ബഹുജനങ്ങൾക്കും വേണ്ടിയാണ് നിയന്ത്രണം നാം കൊണ്ടുവരുന്നത്. എല്ലാം ഭംഗിയായി നടക്കുമെന്നുണ്ടെങ്കിൽ നിയന്ത്രണം ആവശ്യമില്ലല്ലോ? ഇവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ന്യായമായ വിലയ്ക്ക് എല്ലാവർക്കും കിട്ടുമെന്നുണ്ടെങ്കിൽ ഈ നിയന്ത്രണം ആവശ്യമില്ലല്ലോ? പക്ഷേ അത് കിട്ടുന്നില്ല. ഇവിടെ വളരെയേറെ എസൻഷ്യൽ കമ്മോഡിറ്റീസ്, ആക്ടിന്റെ പരിധിയിൽപ്പെടുത്തിയതുകൊണ്ട് ആണോ പ്രശ്നം? അതുതന്നെ പലപ്പോഴും ഒരു പ്രഹസനമല്ലേ?

ഇവിടെ സിമന്റിന്റെ പ്രശ്നം വന്നു. സിമന്റിന്റെ അഴിമതിയൊക്കെ പോട്ടെ. ഇവിടെ സിമന്റിന് ഇരട്ടിവിലയായിരുന്നു. കേന്ദ്ര ആക്ട് പ്രകാരം. ആ ഇരട്ടവില സമ്പ്രദായമുണ്ടായിരുന്നപ്പോൾ ലെവി സിമന്റിന് ഒരു വില, ഓപ്പൺ മാർക്കറ്റിന് ഒരു വില. എന്റെ ഓർമ്മ ഓപ്പൺ മാർക്കറ്റിൽ 45 രൂപയായിരുന്നുവെന്നാണ്. ഒരു ദിവസം രാവിലെ കേന്ദ്ര ഗവൺമെന്റ് കണ്ടുപിടിച്ചു; ഈ ഇരട്ടവില സമ്പ്രദായം ഉപേക്ഷിക്കുക. സർക്കാരിന് ആവശ്യമായ ലെവി എടുത്തതിനുശേഷം ബാക്കിയുള്ളതെല്ലാം സഹകാര്യ മേഖലയ്ക്ക് കൊടുത്താൽ അതുകൊണ്ട് ജനങ്ങൾക്ക് രക്ഷയുണ്ടാകുമെന്ന് പറഞ്ഞു. രക്ഷ ഉണ്ടായോ? എന്താണ് സംഭവിച്ചത്? ഉപ്പോൾ ഇന്ന് എഴുപതും എഴുപത്തിയഞ്ചും രൂപ ഓപ്പൺ മാർക്കറ്റിൽ ഗവൺമെന്റ് അംഗീകരിച്ച രീതിയിൽ വില കയറിയെന്നു പറയുമ്പോൾ ഈ ആക്ടുകൊണ്ടും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ കൊണ്ടുവരുന്നത് ജനങ്ങളെ സഹായിക്കാനാണെന്നു പറയാൻ കഴിയുമോ?

അതുപോലെതന്നെ പെട്രോളിയം ഉൽപ്പന്നങ്ങളുടെയും സ്ഥിതി. നമുക്കെല്ലാമറിയാം 70 ശതമാനം പെട്രോളിയം ഉൽപ്പന്നങ്ങളും നമ്മുടെ രാജ്യത്തുനിന്നും കുഴിച്ചെടുക്കുന്നുവെന്ന്. ഇപ്പോൾ ഗവൺമെന്റ് 100 ശതമാനം കൺട്രോൾ ചെയ്യുന്ന സാധനത്തിന് എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട്കൊണ്ട് ആർക്ക് ഗുണം? ഒരു വ്യവസായം നടത്തുമ്പോൾ, ഒരു വ്യാപാരം നടത്തുമ്പോൾ ഗവൺമെന്റും ഒരു 'മുതലാളിയാണ്'. നിർഭാഗ്യവശാൽ ഗവൺമെന്റും സഹകാര്യ മുതലാളിമാരെപ്പോലെതന്നെ പെരുമാറുന്നു. ഈ മണ്ണിൽനിന്ന് കുഴിച്ചെടുക്കുന്ന നമ്മുടെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

വില വാണംപോലെ കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. അതാണ് ഞാൻ ചോദിക്കുന്നത് സർക്കാരിന്റെ അടിസ്ഥാനപരമായ സമീപനമെന്താണ്? നിങ്ങളും ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത് നമ്മുടെ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക്, ഗുണനിലവാരവും ഉറപ്പും വരുത്തിക്കൊണ്ടുള്ള സാധനങ്ങൾ ലഭ്യമാക്കുകയെന്നുള്ളതാണോ? നിർഭാഗ്യവശാൽ അല്ല. സ്വകാര്യ മുതലാളിമാർ കൊള്ള ലാഭമെടുക്കുന്നതിനെ ചെറുക്കുന്നില്ല. അത് അഴിമതിക്ക് ഉപയോഗിക്കുന്നു. 100 ശതമാനം നിയന്ത്രണമുള്ള സാധനങ്ങൾക്ക് ഗവൺമെന്റ് പരോക്ഷമായ രീതിയിൽ അഴിമതിക്ക് പ്രേരണ നൽകത്തക്ക രീതിയിൽ വില വർദ്ധിപ്പിക്കുന്നുവെന്നുള്ളതല്ല സ്ഥിതി? കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അടിസ്ഥാനപരമായ സമീപനത്തിൽ മാറ്റമുണ്ടാകാതെ ഈ മന്ത്രിയുള്ള എനേബ്ലിംഗ് ലെജിസ്ലേഷൻ കൊണ്ടുള്ള ഗുണം നമുക്ക് ലഭിക്കുകയില്ല. ഇവിടെ നിയമത്തിന്റെ കുറവുകൊണ്ടുള്ളതല്ല പ്രശ്നം. നമ്മുടെ രാജ്യത്ത് ഒരുപാട് നിയമങ്ങളുണ്ട്. പല എനേബ്ലിംഗ് ലെജിസ്ലേഷനുകളുണ്ട്. പക്ഷേ അതനുസരിച്ചുള്ള ഉത്തരവുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതിന് ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? തയ്യാറായിട്ടില്ലെന്നുള്ളതാണ് സത്യം. അതുകൊണ്ട് ഒരു മുതലാളിത്തപാതയിലേക്ക് ചലിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ഇന്നലെവരെ, പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ കാലത്തും ലാൽ ബഹദൂർ ശാസ്ത്രിയുടെ കാലത്തും ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഭരണ കാലത്തിന്റെ ആദ്യ ഘട്ടത്തിലും ഉണ്ടായിരുന്ന ഒരു സോഷ്യലിസ്റ്റ് സങ്കൽപം മാറി 21-ാം നൂറ്റാണ്ടിന്റെ മറ പിടിച്ചുകൊണ്ട് ഈ രാജ്യത്ത് ഇലക്ട്രോണിക് വ്യവസായം, ഇപ്പോൾ വ്യോമയാന ഗതാഗതം, എന്തിന് ഇവിടെ ഇന്ത്യയിൽ പൈപ്പിടുന്നതുപോലെയുള്ള കോൺട്രാക്ടുകൾ വിദേശ കമ്പനികൾക്ക് കൊടുത്ത് മഹാത്മാഗാന്ധിയുടെ സ്വയം പര്യാപ്തതയും സ്വരാജും എല്ലാം അസ്തമിപ്പിച്ച് ഒരു മുതലാളിത്ത സമ്പത്തിക്രമം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ സംസ്ഥാന ഗവൺമെന്റിന് വിരോധമില്ലെന്ന് നമുക്കറിയാം. അണ്ണാൻകുഞ്ഞും തന്നാലായത് എന്നു പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസമാണെങ്കിൽ വിദ്യാഭ്യാസം, വ്യവസായമാണെങ്കിൽ വ്യവസായം, വ്യാപാരമാണെങ്കിൽ വ്യാപാരം, അവിടെയെല്ലാംതന്നെ സ്വകാര്യ മേഖലയേയും മുതലാളിമാരേയും പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കുന്ന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം എന്തിനാണ് ഈ നിയമം? ഏട്ടിലെ പശു പുല്ലു തിന്നുകയില്ല എന്നു പഞ്ഞതുപോലെ ഇത് എഴുതി വച്ചേക്കാം. നടപ്പിലാക്കാൻ ആഗ്രഹമുണ്ടോ? നടപ്പിലാക്കാൻ ആഗ്രഹമുണ്ടെങ്കിൽ സംസ്ഥാനം എന്തിനുവേണ്ടി നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു? ഇലക്ട്രിസിറ്റി താരിഫ് പരിഷ്കരിക്കാനും പാവപ്പെട്ടവന്റെ നികുതി പിരിക്കുന്നും എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ബിൽ കൊണ്ടുവരരുത്. അതിന്റെ വ്യവസ്ഥകൾ ഉപയോഗിക്കരുത്. മറിച്ച് ജനങ്ങളുടെ ആഹാരം, അവർക്ക് തൊഴിൽ നൽകുന്നതിനു ആധാരമായ അസംസ്കൃത വസ്തുക്കൾ അവയ്ക്കെല്ലാം നിയന്ത്രണങ്ങൾ വരുത്തുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ ഈ ബില്ലിനെ സംബന്ധിച്ച് ആവശ്യമാണ്. ഏതായാലും ഈ ബില്ലിനെ പൂർണ്ണമായി ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബിൽ കൊണ്ടുവന്നാൽ അത് പാസ്സായാൽ ഈ ഗവൺമെന്റ് നടപ്പിലാക്കുമെന്നുള്ള വിശ്വാസമില്ല. അതുകൊണ്ട്, കേന്ദ്ര ആക്ടായിരുന്നാലും ശരി, സ്റ്റേറ്റ് ആക്ടായിരുന്നാലും ശരി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിലെ ജനങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് ഇതിലെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തണം എന്നാണ് പറയുവാനുള്ളത്. മറിച്ച് ഗവൺമെന്റിന് സൗകര്യമുള്ള കാര്യങ്ങളിൽ ജനങ്ങളെ പിഴിയാനുള്ള ഒരു ഉപകരണമായി ഇത്തരം നിയമങ്ങളെ മാറ്റരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലിന് ഏതാണ്ട് 25 കൊല്ലം പഴക്കമുണ്ട്. മൂന്നാം പഞ്ചവൽസര പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന അവസരത്തിൽ അന്ന് ചില സാധനങ്ങൾക്ക് വിലനിയന്ത്രണം ആവശ്യമാണെന്നു കണ്ടു. അതുപോലെ ആ സാധനങ്ങൾ പഞ്ചവൽസരപദ്ധതി നടപ്പിൽ വരുത്തുന്നതിന് തന്നെ ആവശ്യമാണെന്ന് ഗവൺമെന്റ് കരുതി. അതിന്റെ ഫലമായിട്ടാണ് 1961-ൽ ഈ നിയമം പാസ്സാക്കിയത്. അത് നിലവിൽ വന്നത് 1962-ലെ മൂന്നാം ആക്ടായിട്ടാണ്. മൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്തുള്ള വില നിലവാരം പരിശോധിക്കണം. നമ്മൾ ഇപ്പോൾ 1985-ൽ എത്തിയിരിക്കയാണ്. ഈ ബില്ലിന്റെ പ്രധാന ലക്ഷ്യം to maintain a fair price എന്നതാണ്. നമ്മുടെ രാജ്യത്തുള്ള നിത്യോപയോഗസാധനങ്ങൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് കിട്ടണം. അപ്പോൾ വിലക്കയറ്റം തടയുക, വില നിയന്ത്രണം കൈവരുത്തുക, അത്യാവശ്യസാധനങ്ങൾ ഏതാണെന്ന് പ്രഖ്യാപിക്കുക—ഇതൊക്കെയാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്ന കാര്യങ്ങൾ. ഞാൻ ഇത് പരിശോധിക്കുകയാണ്. സർ, ഈ നിയമം കൊണ്ടുദ്ദേശിച്ചത് നമുക്കറിയാം. അന്ന് ഈ നിയമം അഞ്ചു കൊല്ലത്തേയ്ക്ക് ഒരു താൽക്കാലിക സ്റ്റാറ്റ്യൂട്ട് എന്ന നിലയിലാണ് പാസ്സാക്കിയത്. കാരണം, മൂന്നാം പഞ്ചവൽസരപദ്ധതിയുടെ കാലത്ത് വില നിയന്ത്രണം എന്നുള്ള മഹാലക്ഷ്യം നിറവേറ്റാൻ വേണ്ടിയുള്ള ഒരു ലിമിറ്റഡ് സ്കോപ്പായിട്ടാണ് നിയമനിർമ്മാണം നടത്തിയത്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. സീതിഹാജി]

മൂന്നും നാലും അഞ്ചും ആറും പഞ്ചവൽസരപദ്ധതികളും കഴിഞ്ഞു. ഈ നിയമം ഓരോ കൊല്ലം വീതം നീട്ടി. 1982 ആയപ്പോൾ ഒരു അപകടം പറ്റി. ഈ നിയമപ്രകാരം ഒരു സാധനം എസ്സൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിച്ചു. എന്റെ സ്നേഹിതൻ പറയുമ്പോൾ ആ കാര്യം പറയുമെന്നു വിചാരിച്ചു. മെമ്പർമാരുടെ അറിവിലേയ്ക്കുവേണ്ടി ഞാൻ പറയുന്നത്. രണ്ട് രീതിയിലാണ് ഈ രാജ്യത്ത് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്. ഒന്ന് പ്രൈവറ്റ് മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ. രണ്ടു പൊതുമേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ. ഇതിന്റെ വിതരണം, ഇതിന്റെ വിലനിയന്ത്രണം ഇതിനെല്ലാം വേണ്ടിയാണ് ഒരു നിയമം 1955-ൽ പാസ്സാക്കിയത്. ജവഹർലാൽനെഹ്റു നമ്മുടെ നാട്ടിൽ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന് മനസ്സിലാക്കി അതിന് ഒരു നിയന്ത്രണം വരുത്തുന്നതിനുവേണ്ടി 1955-ൽ ഇന്ത്യൻ പാർലമെന്റിൽ ഒരു നിയമം പാസ്സാക്കി. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട്. അതാണ് ആദ്യത്തെ നിയമം. ആ നിയമപ്രകാരം ഇന്ത്യയിൽ നിലവിലിരിക്കുന്ന സാധനങ്ങളെയെല്ലാം രണ്ടായിട്ട് തിരിച്ചു. ഒന്ന് കോട്ടൺ, അയൺ, സ്റ്റീൽ തുടങ്ങിയ സാധനങ്ങൾ. മനുഷ്യന് അത്യാവശ്യമില്ലാത്ത സാധനങ്ങൾ ആണ് ആ പട്ടികയിൽ വരുന്നത്. അതിൽ ചില നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് അനുസരിച്ച് അതിന്റെ ഉൽപ്പാദനവും നിയന്ത്രണവുമൊക്കെ നിയന്ത്രിക്കുന്നുള്ള അധികാരം കേന്ദ്രഗവൺമെന്റിന് കൊടുക്കുന്നതാണ് ആക്ടിലെ ഒരു വ്യവസ്ഥ. രണ്ടാമത്തേത്

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യൻ കേ്ഷിക്കുന്ന സാധനങ്ങാം ഉംപ്പെടെയുള്ള സാധനങ്ങളെല്ലാം അത്യാവശ്യസാധനങ്ങളുടെ പട്ടികയിൽപ്പെടുത്തി കേന്ദ്രഗവൺമെൻറ് നോട്ടിഫൈ ചെയ്തു. കേന്ദ്രഗവൺമെൻറ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിലും വില നിയന്ത്രിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഈ നിയമപ്രകാരമുള്ള സാധനങ്ങാംക്ക് പുറമേ മറ്റു പല സാധനങ്ങളും (കയർ, കശുവണ്ടി തുടങ്ങിയ സാധനങ്ങാം) കേന്ദ്രനിയമമനുസരിച്ചുള്ള എസ്സൻഷ്യൽ കമ്മോഡിറ്റീസിൽപ്പെടുത്തിക്കൊണ്ട് ഇതെല്ലാം സംസ്ഥാന ഗവൺമെൻറിൻെറ കൈവശമാക്കിക്കൊണ്ട് ഒരു ലക്ഷം ജീവനക്കാരുടെ പ്രശ്നമെന്നുള്ള നിലയിൽ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൻെറ പരിധിയിൽപ്പെടാത്ത ആർട്ടിക്കിംസ് അത്യാവശ്യ സാധനങ്ങളായി പ്രഖ്യാപിക്കുന്നതിന് ഗവൺമെൻറിന് അധികാരം നൽകുന്നതാണ് ഈ നിയമം. 1961-ൽ ഇത് താൽക്കാലിക നിയമമായി വന്നതാണ്. ഇപ്പോാം ഉദ്ദേശിക്കുന്നത് ഇതൊരു സ്ഥിരം നിയമമാക്കിത്തീർക്കാനുള്ള നടപടിക്രമമാണ്. ഇതിൽ ഒന്ന് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടനുസരിച്ച് പ്രഖ്യാപിച്ചിട്ടുള്ള എസ്സൻഷ്യൽ കമ്മോഡിറ്റീസ്. രണ്ട് എസ്സൻഷ്യൽ ആർട്ടിക്കിംസ് എന്താണെന്ന് ഈ നിയമപ്രകാരം പ്രഖ്യാപിച്ചു. എന്നാൽ ഈ നിയമത്തിൻെറ പരാധീനത എന്താണ്? എസ്സൻഷ്യൽ ആർട്ടിക്കിംസ് എന്താണെന്ന് ഇതിൽ പറയുന്നില്ല. കാലാകാലങ്ങളിൽ ഗവൺമെൻറ് നോട്ടിഫൈ ചെയ്യുന്ന ചില സാധനങ്ങാം എസ്സൻഷ്യൽ ആർട്ടിക്കിംസ് ആണെന്നാണ്. രണ്ടേ രണ്ട് സാധനങ്ങളാണ് എസ്സൻഷ്യൽ ആർട്ടിക്കിംസായിട്ട് ഇന്ന് നിലവിലുള്ളത്. ഒന്ന് എൻെറ സ്നേഹിതൻ ശ്രീ. നൂറുദ്ദീൻ കൈകാര്യം ചെയ്യുന്ന ഫോസ്റ്റർ വകുപ്പിൻെറ തീപ്പെട്ടി വ്യവസായത്തെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട സോഫ്റ്റുവുഡാണ്. രണ്ടാമത്തേത് ശ്രീ. ബ ലകൃഷ്ണപിള്ള കൈകാര്യം ചെയ്യുന്ന വിദ്യുച്ഛക്തിയെ സംബന്ധിക്കുന്നതാണ്. വിലക്കയറ്റമെന്ന വെള്ളപ്പൊക്കത്തെ തടയാൻ ഈ ഒരു നിയമംകൊണ്ട് കഴിയുമോ? ഇരുപതു കൊല്ലം ഈ നിയമം നിലവിലിരുന്നതാണ്. ഈ നിയമം നിലവിൽ വന്നതിനുശേഷം ഈ രാജ്യത്തിൻെറ സ്ഥിതി എന്താണ്? ഇപ്പോാം മരത്തിന് ഉണ്ടായിരിക്കുന്ന വിലക്കയറ്റത്തെക്കുറിച്ചാണ് പറയാനാഗ്രഹിക്കുന്നത്. മരക്കച്ചവടം തന്നെയെടുക്കാം. 1970-ൽ ഉണ്ടായിരുന്ന സോഫ്റ്റ്വുഡിൻെറ വില എൻെറ കൈവശമുണ്ട്. അങ്ങേയ്ക്ക് ഇഷ്ടപ്പെടുന്ന കാര്യമാണ്. ശ്രദ്ധിച്ചുകേട്ടാൽ നന്നായിരിക്കും. വില നിയന്ത്രണമാണ് ഈ നിയമത്തിലെ പരമപ്രധാനമായ ലക്ഷ്യം. ഈ നിയമത്തിൻെറ മൂന്നാം വകുപ്പിൽ എഴുതിവച്ചിരിക്കുന്നത് If the Government are of opinion that it is necessary or expedient so to do for maintaining or increasing the supplies of any essential article or for securing their equitable distribution and availability at fair prices, എന്നാണ്. ന്യായമായ വിലനിലവാരം പുലർത്തണം. അതിന് അനുസൃതമായി ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ സപ്ലൈ നിയന്ത്രിക്കണം, അതിൻെറ പ്രൊഡക്ഷൻ നിയന്ത്രിക്കണം, അതിൻെറ സ്റ്റോറോജിനെ സംബന്ധിച്ച് നിയന്ത്രണം ഉണ്ടാകണം. വിൽപ്പനയെ സംബന്ധിച്ച പെർമിറ്റ് ഏർപ്പെടുത്തണം. അതുപോലെതന്നെ വേണ്ടിവന്നാൽ ഗവൺമെൻറിന് ഏതെങ്കിലുമൊരു കച്ചവടക്കാരൻെറ കയ്യിൽ എസ്സൻഷ്യൽ ആർട്ടിക്കിംസ് ഉണ്ടെങ്കിൽ അത് ഏറ്റെടുക്കുകയും ആ കച്ചവടക്കാരുമായി നെഗോഷിയേറ്റ് ചെയ്ത് വില നിശ്ചയിക്കുകയും അതിൻെറ വിതരണം നടത്തുകയും ചെയ്യാം. ഈ ബില്ലിൻെറ ഉദ്ദേശലക്ഷ്യത്തിൽ മറ്റൊരു കാര്യം പറയുന്നുണ്ട്. അതായത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ഈ ബില്ല് നടപ്പാക്കുന്നതോടുകൂടി എന്ത് ചെലവ് വരുമെന്നും പറയുന്നുണ്ട്. അതിൻെറ ചെലവ് നിയന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിഞ്ഞില്ല. ഈ രാജ്യത്തെ കച്ചവടക്കാരന്റെ കയ്യിലിരിക്കുന്ന സാധനങ്ങളുടെ വില എന്താണെന്ന് നിശ്ചയിക്കാനോ നിയന്ത്രിക്കാനോ അത് ഏറ്റെടുക്കാനോ അത് സംബന്ധിച്ച് എസ്റ്റിമേറ്റ് എടുക്കാനോ ഇപ്പോഴും കഴിയുമെന്ന് തോന്നുന്നില്ലെന്നും പറയുന്നു. ഈ ഉദ്ദേശലക്ഷ്യത്തോടുകൂടി 1962-ൽ നിലവിൽവന്ന ഈ നിയമപ്രകാരം എത്ര കച്ചവടക്കാരുടെ സാധനം ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്? നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി എന്തെങ്കിലും സാധനം ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടോ? ഈ രാജ്യത്തെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനെക്കുറിച്ച് എനിക്ക് കൃത്യമായ അറിവുണ്ട്. ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് തന്നിട്ടുള്ള കണക്കുപ്രകാരമുള്ള വിലനിയന്ത്രണം ഞാൻ പറയാം. 1962-ൽ വന്ന നിയമമാണ്. രണ്ടു തരത്തിലുണ്ട്. എസ്സൻഷ്യൽ ആർട്ടിക്കിളുമുണ്ട് എസ്സൻഷ്യൽ കമ്മോഡിറ്റീസുമുണ്ട്. ഒരു ഉദാഹരണം വ്യക്തമാക്കാനാഗ്രഹിക്കുകയാണ്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ മന്ത്രിപദം കേരള കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം എസ്സൻഷ്യൽ കമ്മോഡിറ്റീസാണെന്ന് സങ്കൽപ്പിക്കുക. അതുപോലെതന്നെ എസ്സൻഷ്യൽ ആർട്ടിക്കിൾസുണ്ട്. എസ്സൻഷ്യൽ കമ്മോഡിറ്റീസ്, എസ്സൻഷ്യൽ ആർട്ടിക്കിൾ ആയിരിക്കണമെന്നില്ല. ശ്രീ. മണിയുടെ മന്ത്രിപദം എസ്സൻഷ്യൽ ആർട്ടിക്കിളാണെങ്കിൽ ശ്രീ. ബാലകൃഷ്ണപിള്ളയുടേത് എസ്സൻഷ്യൽ കമ്മോഡിറ്റി ആകണമെന്നില്ല. ശ്രീ. സീതിഹാജി പറയുമ്പോൾ മുസ്ലീംലീഗ് എസ്സൻഷ്യൽ കമ്മോഡിറ്റിയാണ്. എസ്സൻഷ്യൽ ആർട്ടിക്കിളായിക്കൂടെന്നില്ല. ശ്രീ. സീതിഹാജി എന്തെല്ലാം പറഞ്ഞിരുന്നാലും, എങ്ങനെയെല്ലാം മിടുക്ക് കണിച്ചാലും, ഒരു പ്രത്യേക സാഹചര്യത്തിൽ സീതിഹാജിയുടെ പാർട്ടിയും എസ്സൻഷ്യൽ കമ്മോഡിറ്റി ആകണമെന്നില്ല.

ശ്രീ. ടി. എസ്. ജോൺ: ബാലകൃഷ്ണപിള്ള എസ്സൻഷ്യൽ ആർട്ടിക്കിൾ ആയിരിക്കും.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബാലകൃഷ്ണപിള്ളയെ എസ്സൻഷ്യൽ ആർട്ടിക്കിൾ അല്ലെന്ന പറഞ്ഞ് ചവറുകുട്ടയിൽ തള്ളുമെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. അവസാനം നിങ്ങൾ ബാലകൃഷ്ണപിള്ളയെ കൈവെടിയും. തീർച്ചയുണ്ട്. ബാലകൃഷ്ണപിള്ളയെ തൃണം പോലെ കളഞ്ഞ് നിങ്ങൾ ഉറച്ചിരിക്കും.

ശ്രീ. എ. വി. താമരാക്ഷൻ: കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ശ്രീ. ബാലകൃഷ്ണപിള്ള എസ്സൻഷ്യൽ ആർട്ടിക്കിൾ ആണെങ്കിലും കേരള രാഷ്ട്രീയത്തിനു, ജനങ്ങൾക്കും ബാലകൃഷ്ണപിള്ള എസ്സൻഷ്യൽ ആർട്ടിക്കിളല്ല. എസ്സൻഷ്യൽ കമ്മോഡിറ്റിയുമല്ലെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ അത്രത്തോളം പോകുന്നില്ല. പക്ഷേ സീതിഹാജിയെ സംബന്ധിച്ചിടത്തോളം ശ്രീ. ബാലകൃഷ്ണപിള്ള അദ്ദേഹത്തിന് ഉപയോഗമുള്ള ആളാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: മന്ത്രിമാരേയും മുൻമന്ത്രിമാരേയും ഒക്കെ കൂടെ അല്ലെങ്കിൽ ആർട്ടിക്കിൾ എന്ന് പറയുന്നത് ആർഡിനറിലാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ബാലകൃഷ്ണപിള്ള എസ്സൻഷ്യൽ ആർട്ടിക്കിൾ ആയിരുന്നുവെങ്കിൽ ഇന്ന് ഈ നിയമസഭ സമ്മേളിക്കുകയില്ലായിരുന്നല്ലോ. നിയമസഭ ഇന്ന് ഉണ്ടെങ്കിൽ ശ്രീ. ബാലകൃഷ്ണപിള്ള ആ സീറ്റിൽ ഉണ്ടാകുമെന്നാണല്ലോ കേരള കോൺഗ്രസ് പറഞ്ഞത്. ഇതിൽനിന്ന്, ശ്രീ. ബാലകൃഷ്ണപിള്ള എസ്സൻഷ്യൽ ആർട്ടിക്കിൾ അല്ലെന്ന് വ്യക്തമായ സ്ഥിതിക്ക് ബഹുമാനപ്പെട്ട മെമ്പർ എന്തിനാണ് ശവത്തിൽ കുത്തുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബാലകൃഷ്ണപിള്ള എസ്സൻഷ്യൽ ആർട്ടിക്കിൾ അല്ലാത്തതുകൊണ്ടാണല്ലോ ശ്രീ. ടി. എസ്. ജോൺ അവിടെ ഇരിക്കുന്നതും ചോദ്യം ചോദിക്കുന്നതും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: അഡ്വക്കേറ്റ് ജനറൽ ശ്രീ. ബാലകൃഷ്ണപിള്ളയെ തിരിച്ചെടുക്കാൻ ബാദ്ധ്യസ്ഥമാണെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ശ്രീ. കരുണാകരൻ തിരിച്ചെടുത്ത് മന്ത്രിയാക്കാൻ തീരുമാനിച്ച വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ശ്രീ. കരുണാകരൻ ഗുരുവായൂർ കേന്തനാണ്. അത്രത്തോളം പോകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ഞാൻ പറഞ്ഞുവന്നത്, വിലനിയന്ത്രണം ഈ ഗവൺമെൻറിന്റെ നയമാണോ? ഞാൻ ഇത് പറയാൻ കാരണമുണ്ട്. കഴിഞ്ഞ ദിവസം ലോകസഭയിൽ കോൺഗ്രസ് പാർലമെൻററി പാർട്ടിയുടെ കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ പ്രധാനമന്ത്രി രാജീവ് ഗാന്ധി സാധനങ്ങളുടെ വില ഒരു അതിർത്തിവരെ പിടിച്ചുനിർത്താൻ കഴിഞ്ഞുവെന്ന് പ്രസംഗിച്ചതായി റേഡിയോയിലും പത്രത്തിലും വാർത്ത വരുകയുണ്ടായി. ഈ ഗവൺമെൻറിന്റെ നയമെന്താണ്? 20 കൊല്ലത്തെ കാര്യമെടുത്ത് പരിശോധിച്ച് നോക്കിയാൽ ഒരു സാധനത്തിന്റെയെങ്കിലും വില നിയന്ത്രണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു നോട്ടിഫിക്കേഷൻ മുന്നാം വകുപ്പ് അനുസരിച്ച് പുറപ്പെടുവിച്ചിട്ടുണ്ടോ? ഞാൻ ശ്രീ. അഹമ്മദിനോട് ചോദിക്കുകയാണ്. അങ്ങേയ്ക്ക് (ബഹുമാനപ്പെട്ട ചെയറിന്) അറിയാം, കെട്ടിടം വയ്ക്കണമെങ്കിൽ സിമൻറ് ആവശ്യമുണ്ട്, മണൽ ആവശ്യമുണ്ട്, കമ്പി ആവശ്യമുണ്ട്. ഇതെല്ലാം ഇന്ന് എസ്സൻഷ്യൽ ആർട്ടിക്കിൾസ് ആണ്. നോട്ടിഫൈ ചെയ്തിട്ടില്ല. ഏതെങ്കിലും സാധനത്തിന്റെ വില നിയന്ത്രിക്കാൻ ആവശ്യമായ നടപടി ഈ നിയമത്തിൽകൂടി സഭ സംസ്ഥാന ഗവൺമെൻറിന് കൊടുത്തിട്ട്, ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഒരു വിലനിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? ഈ അവസരത്തിൽ ഞാൻ ഒരു സംഗതി പറയാം. 1962-ലെ നിയമപ്രകാരം.....

ശ്രീ. പി. സി. ജോർജ്: അങ്ങ് ഒരു നിയമജ്ഞനാണല്ലോ. അതുകൊണ്ട് ഞാൻ എനിക്കുള്ള ഒരു സംശയം ചോദിക്കുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ വിവരണം. അതിൽ 6-ാമതായി പറഞ്ഞിരിക്കുന്നത് 1984-ലെ 98-ാം ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്താത്തപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമായിരുന്നതിനാൽ, 1984-ലെ 98-ാം ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനുവേണ്ടി 1985 ഏപ്രിൽ 17-ാം തീയതി ഗവർണ്ണർ 1985-ലെ കേരള അവശ്യസാധന നിയന്ത്രണ ഓർഡിനൻസ് (1985-ലെ 11) വിളംബരപ്പെടുത്തുകയുണ്ടായിയെന്നാണ്. അങ്ങനെയാണെങ്കിൽ ഈ കഴിഞ്ഞ നിയമസഭാ സമ്മേളനം

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞതോടുകൂടി ഈ ഓർഡിനൻസ് ലാപ്സായി. ആ നിയമസഭാ സമ്മേളനത്തിനുശേഷം വേറൊരു ഓർഡിനൻസ് വന്നിട്ടുണ്ടോ? ആ കാര്യം ഇവിടെ മെൻഷൻ ചെയ്തിട്ടില്ല. അങ്ങനെയെങ്കിൽ ചത്ത ഒരു ഓർഡിനൻസിനുവേണ്ടിയല്ലേ ഈ ബില്ല്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ഇത് നേരത്തെ ഉന്നയിച്ചതാണ്. ഈ ബില്ല് മൂവ് ചെയ്യാൻ ശ്രീമാൻ അഹമ്മദ് എഴുന്നേറ്റ അവസരത്തിൽ ത്തന്നെ ഞാൻ എഴുന്നേറ്റ് പറഞ്ഞതാണ് ഇത് സംബന്ധിച്ച് എക്സ്പ്ലനേറ്ററി സ്റ്റേറ്റ്മെന്റ് തരണമെന്ന്. ഈ ബില്ല് ഏത് ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നതിനുവേണ്ടിയാണ്, ഒരു ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്ന അവസരത്തിൽ അതിന്റെ പശ്ചാത്തലം വിവരിച്ചുകൊണ്ട്, എന്താണെന്ന് കാണിച്ച് സ്റ്റേറ്റ്മെന്റ് തരണം. അത് തന്നില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. പി. സി. ജോർജ്: അപ്പോഴും ഈ ബില്ല് ആർഡറിലല്ലെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ബില്ല് ആർഡറിലല്ലെന്ന് പറയാൻ സാധിക്കുമോ? ബഹുമാനപ്പെട്ട സ്പീക്കർ അനുവാദം കൊടുത്തില്ലേ?

ശ്രീ. എ. സി. ഷൺമുഖദാസ്: ശ്രീ. ജോർജ് പറയുന്നത്, ഏപ്രിൽ 17-ാം തീയതി ഇറക്കിയിട്ടുള്ള (1985-ലെ 11) ഓർഡിനൻസ് ലാപ്സായി. അപ്പോഴും നിലവിലില്ലാത്ത ഒരു ഓർഡിനൻസ് റീപ്ലെയിസ് ചെയ്യുന്നതിനുവേണ്ടിയുള്ള ഈ ബില്ല് ചർച്ചചെയ്യുന്നതിന് പ്രസക്തിയുണ്ടോ എന്നാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അത് ഞാൻ നേരത്തെ പറഞ്ഞു. പക്ഷേ സ്പീക്കർ കാര്യമായിട്ടെടുത്തില്ല. ഈ ഓർഡിനൻസ് ലാപ്സായതാണെന്ന് ഞാൻ പറഞ്ഞു. ഇത് റിവൈവ് ചെയ്യുന്നതുകൊണ്ട് വേറൊരു ഓർഡിനൻസ് ഉണ്ടോ, ഒരു സ്റ്റേറ്റുമെന്റ് ഇവിടെ ഹാജരാക്കണം എന്ന് ഞാൻ പറഞ്ഞിട്ട് അത് ഗൗരവമായി അപ്പോഴും എടുത്തില്ല. അത് പറഞ്ഞു മനസ്സിലാക്കാനുള്ള ശക്തി എനിക്ക് ഇല്ലാതെ പോയി. ബഹുമാനപ്പെട്ട മന്ത്രിയും അത് കാര്യമാക്കിയില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ നിലവിലില്ലാത്ത, ലാപ്സായ ഓർഡിനൻസ് റീപ്ലേസ് ചെയ്യാനാണ് ഈ ബില്ല്. അങ്ങനെയാണെങ്കിൽ എന്തിനാണ് ചർച്ച? ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകണം.

ശ്രീ. പി. സീതിഹാജി: ഇതിന് റൂളിംഗിന്റെ ആവശ്യമില്ല. ബില്ല് സഭയിൽ അവതരിപ്പിച്ച് സഭ അംഗീകരിച്ചാണ് ചർച്ച തുടങ്ങിയത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. എ. സി. ഷൺമുഖദാസും ശ്രീ. പി. സി. ജോർജും ഓർഡിനൻസ് നിലവിലില്ല, ചത്തതാണെന്ന് പറഞ്ഞു. അങ്ങനെയുള്ള ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാൻ പാടുണ്ടോ? ചെയറിൽനിന്ന് വ്യക്തമായ റൂളിംഗ് തരണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇപ്പോഴും വരുന്ന പ്രയാസമെന്താണെന്നുവച്ചാൽ നിലവിലുണ്ടായിരുന്ന നിയമം 1982 മാർച്ച് മാസം 11-ാം തീയതികൊണ്ട് തീർന്നു. അത് തീരാൻ ഒരു കാരണമുണ്ടായി. അതും കൂടി പറയാം. കൊല്ലത്തുള്ള ചില കശുവണ്ടി മുതലാളിമാർ കൂടി ച്ചേർന്ന് സുപ്രീം കോടതിയിൽ ഒരു ഹർജി ബോധിപ്പിച്ചു. അന്ന് ഈ ഗവൺമെൻറ്, നിലവിലിരുന്ന നിയമപ്രകാരം ക്യാഷ്യൂ പ്രൊക്യുവർമെൻറ് ആർഡർ എന്ന് പറഞ്ഞ് ഒരു ആർഡർ പുറപ്പെടുവിച്ചു. കശുവണ്ടി രംഗത്ത് കശുവണ്ടി സംഭരണം, കശുവണ്ടിയുടെ വിലനിയന്ത്രണം മുതലായവ നടപ്പിൽ വരുത്തുന്നതിന് ആകെക്കൂടി ഈ നിയമം വന്നതിനു ശേഷം സംസ്ഥാനഗവൺമെൻറ് പുറപ്പെടുവിച്ച ഒരു ഉത്തരവാണ് കാഷ്യൂ പ്രൊക്യുവർമെൻറ് ആർഡർ. ഇതിൻറെ മൂന്നാം വകുപ്പ് അനുസരിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്. അതിൻറെ നിയമസാധുതയെ ചോദ്യം ചെയ്തുകൊണ്ട് മുതലാളിമാർ സുപ്രീം കോടതിയിൽ കേസ് കൊടുത്തു.

സുപ്രീംകോടതി ഇത് പരിശോധിച്ച് അതായത് ഈ നിയമ

11 A.M.] ത്തിൻറെ പ്രസക്തി സുപ്രീംകോടതി പരിശോധിച്ചിട്ടു പറഞ്ഞു (14-15 പേജുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഇത് 1982-ലേതാണ്) ഇത് മനുഷ്യൻ കഴിക്കുന്ന ഒരു ആഹാരസാധനമാണ് അതുകൊണ്ട് ഇത് എസ്സൻഷ്യൽ ആർട്ടിക്കിളിലെ, കേരള നിയമത്തിൻറെ പരിധിയിൽ വരുകയില്ല എന്ന്. എന്തുകൊണ്ടാണ്? എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടനുസരിച്ച് ഫുഡ്സ്റഫ്സ് എല്ലാം അതിൽ കവർ ചെയ്തു. കേരള സംസ്ഥാന നിയമസഭ പാസാക്കിയിരിക്കുന്ന നിയമ പ്രകാരം എസ്സൻഷ്യൽ കമ്മോഡിറ്റീസ് അല്ലാതെയുള്ളത് മാത്രമാണ് എസൻഷ്യൽ കമ്മോഡിറ്റീസ് ആർട്ടിക്കിളായി പ്രഖ്യാപിക്കാനുള്ള അധികാരമുള്ളത്. കശുവണ്ടി മനുഷ്യൻ കഴിക്കുന്ന ഒരു ഭക്ഷ്യസാധനമായതുകൊണ്ട് സുപ്രീം കോടതി പറഞ്ഞു കേരള ഗവൺമെൻറ് പുറപ്പെടുവിച്ച ഈ ഉത്തരവ് അസാധുവാണെന്ന്. അങ്ങിനെയാണ് പ്രൊക്യുവർമെൻറ് ഓർഡർ അസാധുവായിത്തീർന്നത്. ഇത് 1981-ലാണ്. മാത്രവുമല്ല അവർ പറഞ്ഞു ഇങ്ങിനെ അനിശ്ചിതമായിട്ട് ആണ്ടോടാണ്ട് ഈ നിയമം പുതുക്കിക്കൂടാ എന്ന്. ഇതിൻറെ ഫലമായി 1982 മാർച്ചുമാസം 11-ാം തീയതി ഈ നിയമം സ്വയമേവ ഇല്ലാതായി. പിന്നെ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ച് ആറാം സംസ്ഥാന നിയമസഭ കൂടിക്കൊണ്ടിരുന്ന അവസരത്തിൽ ഈ ബിൽ കൊണ്ടുവന്നു. അപ്പോഴും ഇത് ലാപ്സായി. ആറേഴുമാസം ഒന്നും ഇല്ലാത്ത സ്ഥിതി വന്നു. ഈ അവസരത്തിൽ ഗവൺമെൻറ് നോട്ടിഫൈ ചെയ്ത ഓർഡർ നിലനിൽക്കുകയാണ്. ഇപ്പോഴും പറഞ്ഞിരിക്കുന്നത് മാർച്ച്മാസം 11-ാം തീയതി മുൻകാല പ്രാബല്യത്തോടുകൂടി നമ്മൾ ഈ നിയമം പാസാക്കിക്കൊടുക്കണമെന്നാണ്. പഴയത് ശരിപ്പെടാൻ! പക്ഷേ ഇതിൽ ഒരു അപകടം ഉണ്ട്. ഇതിൽ ശിക്ഷാ വ്യവസ്ഥകളുണ്ട്. തടവു ശിക്ഷ, ഫൈൻ ഇതൊക്കെയുണ്ട്. ഈ നിയമത്തിൻറെ ലംഘനം നടത്തുന്ന ആളുകളെ ഒരു കൊല്ലംവരെ ശിക്ഷിക്കാം. ലോകത്ത് ഒരു നിയമത്തിലും പൂർവ്വകാല പ്രാബല്യത്തോടുകൂടി ഒരാളെ ശിക്ഷിക്കാൻ വ്യവസ്ഥയില്ല, ഭരണഘടനാ വിരുദ്ധമാണത്. ഈ നിയമത്തിൽ എഴുതിവച്ചിരിക്കുന്നത് 1982 മാർച്ചുമാസം 11-ാം തീയതി മുതൽ ഈ നിയമത്തിന് പൂർവ്വകാല പ്രാബല്യം കൊടുക്കുമെന്നാണ്. അതേസമയം നിയമം നിലവിലില്ലാത്ത വാക്യം പീരേഡ് ഉണ്ട്. അത് ഈ നിയമത്തിൽ പറയുന്നുണ്ട്. അതായത് ഒന്നുമില്ലാത്ത ഒരവസ്ഥ. 'ശൂന്യം പരബ്രഹ്മം'. ഈ അവസ്ഥയിൽ നടന്നിട്ടുള്ള കാര്യങ്ങൾക്ക് വ്യാഖ്യാനം കൊടുക്കാനാണ് 14-ാം വകുപ്പ്. 15-ാം വകുപ്പിൽ പറയുന്നത് ശിക്ഷയൊന്നും നടപ്പിലാക്കണ്ട, ഞങ്ങൾ ചെയ്തതൊക്കെ ശരി എന്നാണ്.

വല്ല പ്രസക്തിയും ഉണ്ടോ ഇതിന്? എന്തിന് ഇതിന് പൂർവ്വകാല പ്രാബല്യം കൊടുക്കണം? അത് ഒന്നും രണ്ടും മാസത്തെ പൂർവ്വകാല പ്രാബല്യമല്ല. 1982 മാർച്ചുമാസം 11-ാം തീയതിമുതലുള്ള പൂർവ്വകാല പ്രാബല്യമാണ്. അതിനാണ് നമ്മം കൈ പൊക്കേണ്ടത്. ഇതൊക്കെ ചെയ്താലും ലക്ഷ്യം നിറവേറുമോ? ഇല്ല. കാരണം ഈ നിയമം നടപ്പിലാക്കിയതിനുശേഷം ഒരു സാധനത്തിനും വിലനിയന്ത്രണം കൈവരുത്തണമെന്നുള്ള ലക്ഷ്യത്തോടുകൂടി ഇവിടെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. ആകെയുള്ളത് ഇലക്ട്രിസിറ്റിയുടെ സർചാർജ് കൂട്ടാൻ വേണ്ടി, അതിലെ പണിമുടക്ക് നിയന്ത്രിക്കാൻവേണ്ടി, അതിന്റെ സർചാർജിന് ന്യായീകരണം നൽകാൻവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനാണ്. ശ്രീ. ബാലകൃഷ്ണപിള്ള അത് ചെയ്തതിൽ അത്ഭുതമില്ല. അതല്ലാതെ ഈ നാട്ടിലെ സാധാരണക്കാരെ ബാധിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻവേണ്ടി ഈ നിയമം പ്രയോഗത്തിൽ വരുത്തിയില്ല. പിന്നെ ചെയ്തത് എന്താണ്? സോഫ്റ്റ്വുഡിന്റെ കാര്യത്തിൽ തീപ്പെട്ടി കമ്പനിക്കാരെ സഹായിക്കാൻ ഈ നിയമത്തിന്റെ പരിധിയിൽ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റ് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. രണ്ടാമത്, ഇലക്ട്രിസിറ്റിയുടെ സർചാർജിന് നിയമപരമായ സാധൂകരണം നൽകാൻവേണ്ടി എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ഓർഡിനൻസ് അനുസരിച്ച് ഒരു നോട്ടിഫിക്കേഷൻ ഗവൺമെന്റ് പുറപ്പെടുവിച്ചു. ഈ രണ്ട് നോട്ടിഫിക്കേഷനും ഈ നാട്ടിലെ സാധാരണക്കാരുടെ നിത്യോപയോഗ സാധനങ്ങളുമായി ബന്ധമുള്ളതല്ല. വില നിയന്ത്രണത്തിന് ബന്ധമുള്ളതുമല്ല. കാരണം സംസ്ഥാന സർക്കാർ ഏർപ്പെടുത്തുന്നത് വില നിയന്ത്രണം ആകില്ലല്ലോ. അപ്പോൾ ഈ നാട്ടിലെ സാധാരണക്കാർ കഴിക്കുന്ന ആഹാരസാധനങ്ങളുടെ വില നിയന്ത്രിക്കാൻവേണ്ടി ഈ ബിൽ ഇതുവരെ പ്രയോഗിച്ചിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വില നിയന്ത്രണം എന്നു പറയുന്നത് സംസ്ഥാന സർക്കാരിന്റെ മാത്രം കാര്യമല്ല എന്ന്. വിലനിയന്ത്രണവുമായി ബന്ധമുള്ള ഒരു പ്രശ്നം ഉണ്ട്. അഖിലേന്ത്യാ നയത്തിന്റെ ഭാഗമായിട്ടാണ് വിലനിയന്ത്രണം നടപ്പിലാക്കേണ്ടത്. ശ്രീ. രാജീവ് ഗാന്ധി കൺസംപ്ഷൻ കമ്മിറ്റിയിൽ പറഞ്ഞു വിലനിയന്ത്രണം ഒരു അതിർത്തി വരെ നിന്നു എന്ന്. കഴിഞ്ഞ ദിവസം ഒരു പത്ര പ്രസ്താവന കാണാനിടയായി. അതായത് ചില സാധനങ്ങളിൻമേലുള്ള എക്സൈസ് ഡ്യൂട്ടി നിർത്തലാക്കി എന്നാണ്. ഇത് നിർത്തലാക്കിയതുകൊണ്ട് വില നിയന്ത്രണം ഉണ്ടാകുമോ? ഇല്ല. കഴിഞ്ഞ ബഡ്ജറ് സമ്മേളനത്തിൽ കേന്ദ്ര ധനകാര്യമന്ത്രി ബഡ്ജറ് അവതരിപ്പിച്ചതിനു ശേഷം സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു. അത് ശ്രീ. രാജീവ് ഗാന്ധി സമ്മതിക്കുന്നുണ്ട്. വില വർദ്ധിച്ചിട്ടുണ്ട്. പക്ഷേ കഴിഞ്ഞ ദിവസം കൂടിയ പാർലമെന്റിലെ കൺസംപ്ഷൻ കമ്മിറ്റിയിൽ അദ്ദേഹം പറഞ്ഞത് ഒരു മാസത്തിനിടയ്ക്ക് വില പിടിച്ചു നിർത്താൻ കഴിഞ്ഞിരിക്കുന്നു, ഇൻഫ്ളേഷൻ നിയന്ത്രിക്കാൻ കഴിഞ്ഞിരിക്കുന്നു എന്നാണ്. ഈ അവകാശപ്പെടലിൽ എത്രമാത്രം ശരിയുണ്ടെന്ന് എനിക്കറിയില്ല. പക്ഷേ ഫലത്തിൽ എന്താണ്? നമ്മുടെ നാട്ടിൽ വില നിയന്ത്രണം ഒരു മരീചികയായി നിലനിൽക്കുകയാണ്. ഒരു ഉദാഹരണം പറയാം. ഈ നിയമം പൊളിഞ്ഞ് പാളീസായതിന് എന്റെ കൈവശമുള്ളതായ തെളിവുണ്ട്. എന്റെ കൈവശമുള്ളത് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പുറപ്പെടുവിച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കുകളാണ്. അതിൽ പറയുന്നത് കൺസ്യൂമർ പ്രൈസ് 1970-ൽ 100 എന്ന് സങ്കൽപിച്ചാൽ നമ്മുടെ കൺസ്യൂമർ പ്രൈസ് 195 ആയിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

204 ആയി വർദ്ധിച്ചു എന്നാണ്. തിരുവനന്തപുരം ജില്ലയുടെ കാര്യമാണ് ഇത്. ജില്ല തിരിച്ചുള്ള കണക്ക് ഇതിലുണ്ട്. ഇറച്ചി കേഷി ക്കുന്നവരാണല്ലോ നമ്മുടെ നാട്ടുകാർ. ഇപ്പോഴം കഴിക്കുന്ന ഇറച്ചി എന്താ ണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. മാർക്കറ്റിൽ കിട്ടുന്ന ഇറച്ചി എന്തിന്റെ യെല്ലാമാണ്? പട്ടിയിറച്ചിയുണ്ട്, കോഴിയിറച്ചി എന്നു പറഞ്ഞ് വേറെ എന്തോ ഇറച്ചിയാണ് കിട്ടുന്നത്. ആനയുടെ ഇറച്ചിയുണ്ട്, ചത്തുപോയ പോത്ത്, കാള ഇതിന്റെയെല്ലാം ഇറച്ചിയാണ് മാർക്കറ്റിൽ കിട്ടുന്നത്. ഈ നിയമം പ്രാബല്യത്തിൽ വരുന്ന അവസരത്തിൽ ഇറച്ചിയുടെ വില കേവലം ഒരു രൂപയായിരുന്നു. 1982-ലെ കണക്കനുസരിച്ച് ഒരു കിലോ ഇറച്ചിക്ക് 23 രൂപയാണ്. ഞാൻ ഇത് പറയാൻ കാര്യം.....

ശ്രീ. വി. സി. കബീർ: പാലക്കാട് ഒരു കിലോ ആട്ടിറച്ചിക്ക് 26 രൂപയാണ് വില.

ശ്രീ. വർക്കല രാധാകൃഷ്ണൻ: 1982-ലെ കണക്കാണ് ഞാൻ പറയു ന്നത്. ഒരു കിലോഗ്രാം ഇറച്ചിയുടെ വില 30 രൂപയായി. ഇവിടെ കൊണ്ടുവന്നിരിക്കുന്ന എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആർട്ടിക്കിൾ നിയമം 25 വർഷം ഈ രാജ്യത്ത് നിലവിലിരുന്നപ്പോഴം പ്രയോഗിച്ചോ? മത്സ്യത്തിന്റെ വിലയുടെ കണക്ക് ഇതിലുണ്ട്. ഏതിന്റെയെങ്കിലും വില നിയന്ത്രിക്കുന്നതിനുവേണ്ടി നടപടി എടുത്തോ? നിങ്ങളുടെ ഉദ്ദേശം എന്താണ്? Controlled price ആണ്. ഇതെല്ലാം സ്വകാര്യമേഖലയിലെ കച്ചവടമാണ്. ഈ കച്ചവടത്തെ നിയന്ത്രിക്കാനാണ് ഈ നിയമം. എത്ര പ്രാവശ്യം ഈ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു? ഇങ്ങനെ ഏത് ഗവൺ മെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്? ഈ രാജ്യത്തെ സാധാരണക്കാരനുവേണ്ടി യാണ് ഞാൻ സംസാരിക്കുന്നത്. ഇതിൽത്തന്നെയുള്ള വേറൊരു കാര്യം പറയാം. പശുവിനെ വളർത്തുന്നവരാണ് നമ്മുടെ നാട്ടുകാർ. ക്യാറ്റിൽ ഫീഡിന്റെ കണക്ക് ഇതിലുണ്ട്. 1970-ൽ കേവലം 50 പൈസയായിരുന്നു ക്യാറ്റിൽ ഫീഡിന്റെ വിലയെങ്കിൽ ഇന്ന് ഇതിൽ കൊടുത്തിരിക്കുന്ന കണക്കനുസരിച്ച് 3.40 രൂപയായി വർദ്ധിച്ചിരിക്കുന്നു. ഇതാണോ ഈ ബില്ലിന്റെ ലക്ഷ്യം? ഈ ബില്ല് അനുസരിച്ച് ഏതെങ്കിലും സാധന ത്തിന് വിലനിയന്ത്രണം നടപ്പിൽ വരുത്തുമോ? Let us take the building materials-roofing tiles. 1970-ൽ കൊടുത്തിരിക്കുന്ന കണക്ക് കേവലം 220 രൂപയാണെങ്കിൽ ഇപ്പോഴം അത് 1300 രൂപയായി വർദ്ധിച്ചു. സാധാരണക്കാരന്റെ വീടുവയ്ക്കുമ്പോഴം മേയുന്ന ഓടിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. വിലനിയന്ത്രണം നടപ്പിൽ വരുത്തുമോ? ഈ ഗവൺ മെന്റ് എന്തു ചെയ്തു? അതൊരു നോട്ടിഫൈഡ് ആർട്ടിക്കിളല്ലേ? ഈ നാട്ടിലെ പാവപ്പെട്ട ആളുകളെ ബാധിക്കുന്ന ബിൽഡിംഗ് മെറ്റീരിയൽസായ സ്റ്റീൽ, വുഡ് തുടങ്ങിയ സാധനങ്ങളം, നമ്മുടെ സീതി ഹാജിയുടെ മരം അടക്കമുള്ള സാധനങ്ങളുടെ കണക്ക് ഇതിൽ കൊടുത്തിട്ടുണ്ട്. കേവലം പത്തുരൂപ അമ്പതുപൈസയായിരുന്ന സാധന ത്തിനു ഇന്നു 90 രൂപയായി വില വർദ്ധിച്ചിരിക്കുന്നു. എത്ര ഇരട്ടി യാണ് വർദ്ധിച്ചിരിക്കുന്നത്? കഴിഞ്ഞ ദിവസത്തെ 'പേടിയോട്'-ൽ ഫെയർപ്രൈസിനെ സംബന്ധിച്ച ഒരു ആർട്ടിക്കിളുണ്ട്. അതിൽ വില നിയന്ത്രണത്തെക്കുറിച്ചുള്ള രണ്ടു നിയമങ്ങളെപ്പറ്റിയും ഡിസ്ക്കസ് ചെയ്തിട്ടുണ്ട്. സംസ്ഥാനഗവൺമെന്റുകളം പാസ്സാക്കുന്ന എസ്സൻഷ്യൽ ആർട്ടിക്കിൾസ് ആക്ടും കേന്ദ്രഗവൺമെന്റിന്റെ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടും ഈ രാജ്യത്തു പ്രയോഗിച്ച

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ ഫലമായിട്ട് നമ്മുടെ രാജ്യത്തു സാധനങ്ങളുടെ വിലനിലവാരം എവിടെ എത്തിയിരിക്കുന്നു? ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് The rupee's real value as revealed by successive official releases has been progressively coming down, the latest being 16.50 paise. 16.50 നയാപൈസയാണ് ഒരു രൂപയുടെ വില. ഇപ്പോഴത് 13 പൈസയായി. ഇതിൽ പറഞ്ഞിരിക്കുന്നത് 16.50 പൈസ എന്നാണ്, എന്നാൽ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത് 13 പൈസ എന്നാണ്. ഈ നിയമം നടപ്പിലാക്കിയതിനുശേഷം ഉണ്ടായ സംഭവവികാസമാണ്. നിയമത്തിന്റെ മൗലികലക്ഷ്യം എന്താണ്? മനുഷ്യനു ആവശ്യമുള്ള സാധനങ്ങളുടെ, മനുഷ്യന്റെ നിത്യോപയോഗ സാധനങ്ങളുടെ മേലുള്ള വിലനിയന്ത്രണമാണ്. ഫെയർപ്രൈസ് കൊടുക്കാനാണ്. ഈ നിയമം ഈ രാജ്യത്ത് എവിടെ നടപ്പിലാക്കി? എത്ര തവണ നോട്ടിഫൈ ചെയ്തു? ഞാൻ രാഷ്ട്രീയലക്ഷ്യംവച്ചുകൊണ്ട് പറയുന്നതല്ല. ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ മുൻനിർത്തിയാണ് ഞാൻ സംസാരിക്കുന്നത്—'rural mass' അതിനെക്കുറിച്ച് ഈ ലേഖനത്തിലുണ്ട്. അവർ എങ്ങിനെ ജീവിക്കുന്നു? ഈ രാജ്യത്തെ അൻപതു ശതമാനത്തിലധികം ആളുകളും poverty line-നു താഴെയാണ്. അവരെ ബാധിക്കുന്ന കാര്യമാണ് ഇത്. വിലനിയന്ത്രിക്കും എന്നു പറയുന്നുമുണ്ട്. We are in a vicious circle. കഴിഞ്ഞതവണ ഗവൺമെന്റ് ജീവനക്കാർ നടത്തിയ സമരത്തെക്കുറിച്ച് അങ്ങേയ്ക്ക് അറിയാമല്ലോ? സമരത്തോട് ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനമെന്താണ്? അതേക്കുറിച്ച് മറ്റൊരവസരത്തിൽ പറയാം. എന്താണ് അവരുടെ ആവശ്യം? ഡി. എ. യുടെ പ്രശ്നമാണ്. ഇവിടെ വിലക്കയറ്റമില്ല, വിലക്കയറ്റമില്ല എന്നു ഗവൺമെന്റു പറയും. ഏഴു തവണയായി ഒൻപത് ഡി. എ. വർദ്ധിപ്പിക്കുകയുണ്ടായി. ഓരോ ഡി. എ. വർദ്ധനവിന്റെയും പരിണതഫലമെന്താണ്? അങ്ങനെ ഒരു വിഷ്യസ് സർക്കിളാണ്. അതിന്റെ ഫലമോ? സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് പൊളിയും. സംസ്ഥാനഗവൺമെന്റിന്റെ എല്ലാ വികസന പ്രവർത്തനങ്ങളും പൂർണ്ണമായും പരാജയപ്പെടും. ആലോചനയില്ലാതെ ഡി. എ. വർദ്ധിപ്പിക്കുന്നതിന്റെ ഫലമായി ശ്രീ. മാണി അവസാനം 'അഡീഷണാലിറ്റി' യിൽ എത്തിയിരിക്കുന്നു. കാര്യം ഇതാണ്. നിയമം പ്രയോഗത്തിൽ വരുത്തുകയില്ല. ഈ വില നിയന്ത്രിക്കുന്നതിനാവശ്യമായ യാതൊന്നും ഈ മാന്യൻമാർ ചെയ്യുകയില്ല. എന്നിട്ട്, പ്രസംഗമാണ്, നിയമം പാസ്സാക്കി എന്ന്. നിയമം പ്രയോഗിച്ചതുകൊണ്ടുമാത്രം പ്രശ്നത്തിന് പരിഹാരമാവുമെന്നു കരുതരുത്, നിയമനിർമ്മാണം അല്ലെങ്കിൽ നിയമത്തിന്റെ പ്രയോഗം അതിന്റെ ഭാഗമാണ്. ഗവൺമെന്റിന്റെ നയമാണ് ഇതിൽ അടിസ്ഥാനമായിട്ടുള്ളത്. ഒരു തവണ വിലകൂടുന്നു, വിലക്കയറ്റത്തെത്തുടർന്ന് ഡി. എ. വർദ്ധനവ്. ഗവൺമെന്റ് പറയും വിലവർദ്ധനവില്ല, വിലവർദ്ധനവില്ല, എന്ന്. അതേസമയം ഗവൺമെന്റുതന്നെ ഡി. എ. വർദ്ധിപ്പിക്കുന്നു. കഴിഞ്ഞ മേയ് മാസം ഒന്നാം തീയതി മുതൽ ഉള്ള ഒരു ഡി. എ. സെൻട്രൽ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അത്, വിലവർദ്ധനവിന്റെ ഫലമല്ലേ? കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സിന്റെ വർദ്ധനവല്ലേ അതു കാണിക്കുന്നത്? വില നിയന്ത്രിക്കുവാൻ സാധിക്കുമോ?

ഞാൻ ഓർക്കുകയാണ്, കഴിഞ്ഞ അടിയന്തിരാവസ്ഥക്കാലത്ത് വിലയെ സംബന്ധിച്ച ബോർഡുകൾ കടകളിൽ തൂക്കിയിട്ടിരുന്നു. നമ്മളൊക്കെ അതു വായിച്ചിട്ടുണ്ട്. ഇന്നു പല സ്ഥലത്തും അതു പുരാവസ്തുവായി മാറിയിട്ടുണ്ട്. ഇന്നു അങ്ങനെ ഒരു ബോർഡ് ഉണ്ടോ? ഡി. എ. വർദ്ധന

LIBRARY ARCHIVES Kerala Legislative Assembly

വുകൊണ്ടുള്ള ഇമ്മീഡിയറ്റ് റിയാക്ഷൻ എന്താണ്? മാർക്കറ്റിൽ സാധനങ്ങളുടെ വില വർദ്ധിക്കുന്നു. കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് വർദ്ധിക്കുന്നു. വീണ്ടും വില വർദ്ധിക്കുന്നു. ഇങ്ങനെ ഒരു വിഷ്യസ് സർക്കിൾ. എന്താണ് ഇതിനൊരു പോംവഴി? ഗവൺമെന്റുകൾ തുടർന്നു വരുന്ന തെറ്റായ സാമ്പത്തിക നയത്തിന്റെ ഫലമാണ് ഈ ദുസ്ഥിതി. അതു നിയമം നടപ്പിലാക്കാത്തതുകൊണ്ടു മാത്രമല്ല, അതു നടപ്പിൽ വരുത്തുന്നതിൽവന്ന മൗലികമായതകരാറാണ് ഈ രാജ്യത്തു ഈ സ്ഥിതിവിശേഷമുണ്ടായതിനു കാരണം. അതുകൊണ്ടു പ്രധാനപ്പെട്ട, കാതലായ പ്രശ്നം എന്നത് ഈ നിയമം പാസ്സാക്കുന്നതല്ല, അതിന്റെ അടിസ്ഥാനപരമായ നയത്തിൽ മാറ്റം വരുത്തണമെന്നതാണ്. വില വർദ്ധനവുകൊണ്ട് ജനങ്ങളുടെ കോസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് വർദ്ധിച്ചു, ഡി. എ. വർദ്ധിക്കുന്നു. സംസ്ഥാനഗവൺമെന്റ് ജീവനക്കാർക്ക് ഒൻപത് ഡി. എ. വർദ്ധിപ്പിച്ചു. എന്നിട്ടും പ്രസംഗിക്കുന്നത് വില പിടിച്ചുനിർത്തും എന്നാണ്. നിങ്ങൾ ഈ രാജ്യത്ത് നിയമം പാസ്സാക്കിയതുകൊണ്ട് ബ്ലാക്മണി തടയാൻ കഴിഞ്ഞോ? ഈ ഗവൺമെന്റിനെ ആകെ പിടിച്ചു വിഴുങ്ങുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ ഉള്ള ശ്രമത്തിൽ നിങ്ങൾ പരാജയപ്പെട്ടു. ആ നിലയിൽ സ്വതന്ത്രമായി വിഹരിക്കുന്ന ഒരു രംഗമാണ് ബ്ലാക്ക് മാർക്കറ്റിംഗും ബ്ലാക്മണിയും, അൺ-അക്കൗണ്ടഡ് മണി നിയന്ത്രിക്കുവാൻ നടപടിയെടുക്കുമെന്നു കേന്ദ്രഗവൺമെന്റ് പറഞ്ഞു. ശ്രീ. രാജീവ് ഗാന്ധി അങ്ങനെ പ്രസംഗിച്ചതായി പത്രത്തിൽ വായിച്ചു. നല്ലത്. പക്ഷേ അത പ്രായോഗികമാണോ? അതു വേറെ കാര്യം. നിയമപ്രകാരം നമ്മുടെ നാട്ടിൽ ഒരൊറ്റ സാധനത്തിനേയും വില നിയന്ത്രിച്ചിട്ടില്ല. നിയന്ത്രിക്കുവാൻ നടപടിയെടുത്തിട്ടില്ല. ഇപ്പോൾ ശ്രീ. രാജീവ് ഗാന്ധി പറയുന്നത് എന്താണ്? കമ്പ്യൂട്ടർ യുഗത്തിലേയ്ക്ക് പോകുകയാണെന്ന്. ടെക്നോളജി വർദ്ധിപ്പിച്ച് കമ്പ്യൂട്ടർ യുഗത്തിലേയ്ക്ക് പോയാൽ വിലനിയന്ത്രണം കൈവരുമോ? ഈ ലേഖകൻ ചോദിക്കുന്നത് അതാണ്. അതു കൂടുതൽ ടെൻഷൻ ഉണ്ടാക്കുകയേയുള്ളു. കമ്പ്യൂട്ടർ യുഗത്തിലേക്ക്, 21-ാം നൂറ്റാണ്ടിലേയ്ക്ക് കുതിച്ചുപായുന്ന ഇൻഡ്യയ്ക്കുള്ള തിക്തമായ അനുഭവമാണ്, മഹാരോഗമാണ്, വില വർദ്ധനവുകൊണ്ടുണ്ടായിരിക്കുന്നത്. അതുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് കാലാകാലങ്ങളിലായി നോട്ടടിച്ച് ഇറക്കുന്നത്. കാരണം കേന്ദ്രഗവൺമെന്റിന് നോട്ടടിക്കാം. അതേസമയം ശ്രീ. മാണി ഇവിടെ നോട്ടടിച്ചാൽ 'പൂജപ്പുര'യ്ക്ക് പോകാം. കേന്ദ്രഗവൺമെന്റിന് വിലവർദ്ധനവു വരുമ്പോൾ നോട്ടടിക്കാൻ നാസിക് പ്രസ് ഉണ്ട്. ആവശ്യംപോലെ നോട്ടടിച്ച് വിതരണം ചെയ്യാം. നോട്ടടിക്കുന്നതുപോലും ഇവിടെനിന്നും മാറി ഇറ്റലിയിൽ ആക്കിയിരിക്കുകയാണ്. ശ്രീ. പൊഴക്കടവിൽ അതറിഞ്ഞോ എന്നറിയില്ല. ഇപ്പോൾ നോട്ടടിക്കുന്നതു വിദേശത്താണ്. നോട്ടടിച്ച് കേന്ദ്രഗവൺമെന്റ് രക്ഷപ്പെടുന്നു. ശ്രീ. മാണിക്ക് അതിനു സാധിക്കുകയില്ല. സംസ്ഥാനങ്ങളുടെ സ്ഥിതി വളരെ പരുങ്ങലിലാണ്. അതുകൊണ്ട് നിങ്ങൾക്ക് രക്ഷപ്പെടണമെങ്കിൽ, സംസ്ഥാനഗവൺമെന്റിനു ഈ ദുഷിത വലയത്തിൽനിന്നും കരകയറണമെങ്കിൽ നിങ്ങൾ ഈ രാജ്യത്തെ സാധാരണക്കാരനെ സഹായിക്കുന്ന നിലയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നടപടിയെടുക്കണം, അത് എന്തുകൊണ്ട് ചെയ്യുന്നില്ല? എത്ര കച്ചവടക്കാരിൽനിന്നും നിങ്ങൾ സാധനങ്ങൾ എടുത്തു? ഒരുകാര്യം ഇതിനൊക്കെ പിന്നിൽ ഉണ്ട്. ഈ നിയമം നടപ്പിലാക്കിക്കഴിഞ്ഞാൽ മാർക്കറ്റിൽനിന്നും നിത്യോപയോഗസാധനങ്ങൾ അപ്രത്യക്ഷമാകും. ഈ നിയമത്തിന്റെ സെക്ഷൻ മൂന്ന് അനുസരിച്ച് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ എസ്സന്ഷ്യൽ കമ്മോഡിറ്റീസ്

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം മാർക്കറ്റിൽനിന്നും അപ്രത്യക്ഷമാകും. അതാണ് ഈ നിയമത്തിന്റെ ഇമ്മീഡിയറ്റ് എഫക്ട്. നിത്യോപയോഗ സാധങ്ങളെല്ലാം മാർക്കറ്റിൽനിന്നും പിൻവലിക്കാൻ നടപടിയെടുക്കുമോ? അങ്ങനെ മാർക്കറ്റിൽനിന്നും സാധനങ്ങൾ പിൻവലിഞ്ഞാൽ ഉള്ളതുംകൂടി ഇല്ലാതെയാകും. എന്താണ് ഇതിന്റെ ലക്ഷ്യം? എങ്ങനെ നിങ്ങൾ ഇതു പരിഹരിക്കും?

ശ്രീ. ലോനപ്പൻ നമ്പാടൻ: കറൻസി നോട്ടിന് വിലകുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ എന്താണ് ഇതിനു പരിഹാരമാർഗ്ഗമെന്നു ബഹുമാനപ്പെട്ട മെമ്പർക്കു നിർദ്ദേശിക്കാമോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: കറൻസി നോട്ടിന്റെ വില കുറയ്ക്കുന്നതിനുള്ള പരിഹാരമാർഗ്ഗം ഇന്ന് നമ്മുടെ നാട്ടിൽ ഇരിക്കുന്ന കള്ളപ്പണം മുഴുവൻ പിടിക്കലാണ്. കേന്ദ്രഗവൺമെന്റിന്റെ കൈയിൽ ഇരിക്കുന്നതും മറ്റെല്ലാംകൂടി കൂട്ടിയാലും അതിനെ വിഴുങ്ങുന്ന നിലയിലുള്ള കള്ളപ്പണം ഈ രാജ്യത്ത് കുന്നുകൂടിയിരിക്കുന്നു. കള്ളപ്പണം പിടിച്ചെടുക്കാൻ നിയമം കൊണ്ടുവരണം. മാത്രമല്ല, നടപടിയും എടുക്കണം. എടുക്കുമോ?

ശ്രീ. ലോനപ്പൻനമ്പാടൻ: നൂറിന്റെ നോട്ടു പിൻവലിക്കുന്നത് ഒരു പരിഹാര മാർഗ്ഗമല്ലേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: നോട്ടു പിൻവലിച്ചതുകൊണ്ട് പരിഹാരമാർഗ്ഗമാവുകയില്ല. നൂറിന്റെയോ ആയിരത്തിന്റെയോ പതിനായിരത്തിന്റെയോ നോട്ടു പിൻവലിച്ചതുകൊണ്ട് പരിഹാരമാർഗ്ഗമാവുകയില്ല. പരിഹാരം എന്നുപറയുന്നത് ഗവൺമെന്റിന്റെ മൗലികമായ സമീപനത്തിലും നയത്തിലും വരുന്ന മാറ്റത്തിനു അനുസൃതമായിരിക്കും. അതാണോ നയം? കേന്ദ്ര ഗവൺമെന്റാണ് ഈ കാര്യത്തിൽ നിർണ്ണായകമായ പങ്കുവഹിക്കേണ്ടത്. നിങ്ങൾ മലവെള്ളത്തെ കൊച്ചു നിയമംകൊണ്ട് തടഞ്ഞുനിറുത്താം എന്നു വ്യാമോഹിക്കുന്നുണ്ടെങ്കിൽ അത് നടപ്പുള്ള കാര്യമല്ല. പക്ഷേ അണ്ണാൻകുഞ്ഞും തന്നാലായത് എന്നു പറഞ്ഞതുപോലെ താൽക്കാലികമായിട്ടാണെങ്കിലും ഇന്നത്തെ വിലക്കയറ്റം നിയന്ത്രിക്കാൻ, തിരുവനന്തപുരം പോലെയുള്ള പട്ടണങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ ഇന്നത്തെ വിലക്കയറ്റം നിയന്ത്രിക്കാൻ കർശനമായ നടപടിയെടുക്കാൻ ഈ അവസരത്തിൽ വ്യവസ്ഥയുണ്ടെങ്കിൽ അത് പ്രയോഗത്തിൽ വരുത്തുമോ? ഇല്ല. ഇത് പ്രയോഗത്തിൽ വരുത്തിയാൽ ജനങ്ങളെ ദ്രോഹിക്കലായിരിക്കും ഫലം. ഇലക്ട്രിസിറ്റി സർച്ചാർജ്ജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അതല്ലാതെ നമ്മൾ ഉപയോഗിക്കുന്ന ഏതെങ്കിലും ഒരു സാധനത്തിന്റെ വില നിയന്ത്രിക്കാൻ ഏതെങ്കിലും ഒരവസരത്തിൽ ഈ മൂന്നാം വകുപ്പ് അനുസരിച്ച് ഒരു നോട്ടിഫിക്കേഷൻ ഈ ഗവൺമെന്റ് പുറപ്പെടുവിച്ചിരുന്നുവെങ്കിൽ ഞാൻ നിങ്ങൾക്ക് ''കീ ജയ്'' വിളിക്കുമായിരുന്നു. ചെയ്തോ? ഒരൊറ നോട്ടിഫിക്കേഷൻപോലും പുറപ്പെടുവിച്ചില്ല. ഓർഡിനൻസ് പാസ്സാക്കും. പലതും ഇറക്കും. പക്ഷേ ഈ നാട്ടിലെ പാവപ്പെട്ടവരെ സഹായിക്കുന്നതിന് നോട്ടിഫിക്കേഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. നോട്ടിഫൈ ചെയ്തതിന്റെ കാര്യം അറിയാമല്ലോ കശുവണ്ടിയുടെ കാര്യത്തിൽ നോട്ടിഫൈ ചെയ്തു; തെറ്റി. ഇതിന് നോട്ടിഫിക്കേഷൻ ഇല്ല. എന്നാൽ ഇതിനകത്ത് മെറിറ്റീരിയൽ എന്താണെന്നു പറയാമോ? എസൻഷ്യൽ ആർട്ടിക്കിൾ എന്താണ്? അത് വ്യവസ്ഥ ചെയ്യുകയുമില്ല. അതിനെക്കുറിച്ച് യാതൊരു വ്യവസ്ഥയും നിയമത്തിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: നിയമം നടപ്പിലായില്ലെങ്കിലും വാർഷിക ആഘോഷത്തിന് ഇങ്ങനെയൊരു ബിൽ പാസ്സാക്കി എന്ന് പ്രചരിപ്പിക്കാമല്ലോ.

ശ്രീ വർക്കല രാധാകൃഷ്ണൻ: അതേയതേ. അഴിമതി നിരോധന നിയമം പാസ്സാക്കി എന്നു പെരുമ്പറയടിക്കുംപോലെ ഞങ്ങളും ഇങ്ങനെയൊരു സ്ഥിരം നിയമം പാസ്സാക്കി എന്നു പറയാമല്ലോ. ഈ നിയമം നേരത്തേ ഉള്ളതാണ്. ഞാൻ ഓർക്കുകയാണ്, ഈ ബിൽ ആദ്യം വയലാറ് ചെയ്തത് ശ്രീമാൻ കെ.എ. ദാമോദരമേനോനാണ്. അദ്ദേഹം വ്യവസായമന്ത്രിയായിരുന്നു. അദ്ദേഹം പറഞ്ഞു ഞാൻ വില നിയന്ത്രിക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്, ഇതിന്റെ ലക്ഷ്യം അതാണ് എന്ന്. ഇന്നെന്താ ഇവരുടെ ലക്ഷ്യം? എനിക്ക് ഈ മന്ത്രിമാരോട്, പ്രത്യേകിച്ച് അഹമ്മദിനോട് പറയാനുള്ളത്, (അഹമ്മദിന് ഇതിലൊന്നും വലിയ താൽപ്പര്യം ഇല്ല, അദ്ദേഹം ചിന്തിക്കുന്നത് മുഴുവൻ അമേരിക്കയിൽനിന്ന് ആളുകളെ ഇറക്കുന്നതിനെ സംബന്ധിച്ചാണ്) വളരെ വിനീതനായി ഈ ഗവൺമെന്റിനോട് പറയാനുള്ളത് ഈ നിയമം പാസ്സാക്കിയതുകൊണ്ടായില്ല. ഈ നിയമത്തിന്റെ 20—24 വർഷത്തെ ചരിത്രം എടുത്തു പരിശോധിച്ചാൽ മൗലികമായ തകരാറ്, നടപ്പിലാക്കുന്നതിനേറെയും നയ വൈകല്യത്തിനേറെയും ആയിരുന്നു. അതിന് മാറ്റം വരുത്താൻ തയ്യാറാണോ? എങ്കിൽ മാത്രമേ ഈ നിയമം പ്രസക്തമാകുന്നുള്ളു. നമ്മൾ ഒരു ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കാൻ വെമ്പൽ കൊള്ളുന്നവരാണല്ലോ, ഈ രാജ്യത്തെ ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്ന 50 ശതമാനത്തിലധികം ആളുകളെ സഹായിക്കാൻ ഉതകുമാറ് ഈ നിയമം നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി എടുക്കണം. ഈ നിയമത്തിന് ഇനിയെങ്കിലും കഴിഞ്ഞ കാലത്തുണ്ടായ അനുഭവം ഉണ്ടാകാതിരിക്കാനും നാട്ടുകാരെ ദ്രോഹിക്കുന്ന നടപടിക്രമമായി മാറാതിരിക്കുവാനും വേണ്ടിയാണ് ഇത്. ഇത്രയും നാൾ ഈ നിയമംകൊണ്ട് നാട്ടുകാരെ ദ്രോഹിച്ചിട്ടേയുള്ളൂ. രണ്ടു ദ്രോഹം ചെയ്തു. ഇലക്ട്രിസിറ്റി സർച്ചാർജ്ജ് വർദ്ധിപ്പിച്ചു. അതുപോലെ തീപ്പെട്ടിയുടെ വില കൂട്ടി. ഇതാണ് ചെയ്ത ഗുണം. ഈ നിയമം നാട്ടുകാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കാനാണ് ശ്രമിക്കേണ്ടത്. നമ്മുടെ നാട്ടിൽ സിമന്റ്, കമ്പി, മണൽ, കുമ്മായം ഇവയ്ക്കൊക്കെ എന്ത് വിലയാണെന്നറിയില്ലേ? മാർക്കറ്റിൽനിന്ന് പെട്ടിറ ബീഡ്സ് അങ്ങ് വാങ്ങിയിട്ടില്ലേ? അതിന് വില എന്താണെന്നറിയാമോ? ഈ നിയമം നടപ്പിൽ വരുമ്പോൾ ഉണ്ടായിരുന്ന വിലയും ഇന്നത്തെ വിലയും അറിയാമോ? നിങ്ങൾ എന്തെങ്കിലും ചെയ്തോ? ഒരു മുട്ടയ്ക്ക് ഇന്ന് 60 പൈസ വിലയുണ്ട്. ഈ നിയമം പാസ്സാക്കുന്നകാലത്ത് ഒരു മുട്ടയുടെ വില രണ്ടു പൈസയായിരുന്നു. അങ്ങനെ രണ്ടു പൈസയ്ക്ക് കിട്ടുന്ന മുട്ട ഇപ്പോൾ 60 പൈസ കൊടുത്താൽ മാത്രമേ കിട്ടുകയുള്ളൂ. അത് നിങ്ങൾ 20 കൊല്ലം പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ്. മനുഷ്യന് ആവശ്യമുള്ള സാധനങ്ങളുടെ വിലയെല്ലാം—അങ്ങിട്ടിരിക്കുന്ന, ഞാൻ ഇട്ടിരിക്കുന്ന ഡ്രസ്സിന്റെ വില ഒക്കെ വർദ്ധിച്ചിരിക്കുന്നു. ഏതു സാധനം ഉണ്ട് വില കുറവായിട്ട്? വില കുറഞ്ഞ സാധനം എന്താണ് എന്നു ചോദിച്ചാൽ പ്രസംഗം മാത്രമാണ്. അതിന് വിലയില്ല. അതുകൊണ്ട് എനിക്ക് ഇത് അവസാനിപ്പിക്കുന്നതിനുമുമ്പ് ഈ ബിൽ കൊണ്ടുവന്ന അഹമ്മദിനോട് ഒരഭ്യർത്ഥനയുണ്ട്. നിങ്ങൾ ഈ ബിൽ അനുസരിച്ച് മൂന്നാം വകുപ്പ് പാസ്സാക്കിക്കഴിഞ്ഞാൽ ഈ നാട്ടിലെ ആളുകളെ സഹായിക്കുന്നതിന് ആവശ്യമായ കുറെ എക്സൻഷ്യൽ കമ്മോഡിറ്റീസ് നോട്ടിഫൈ ചെയ്യണം. ഈ സർച്ചാർജ്ജ് വർദ്ധിപ്പിക്കുന്ന പരിപാടി അവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

സോഫ്റ്റ് വുഡിനെക്കാളും പ്രധാനം നമ്മുടെ നാട്ടിലെ ആളുകളുടെ നിത്യ ജീവിതത്തെ ബാധിക്കുന്ന സാധങ്ങളിന്മേൽ നിയന്ത്രണം ഏർപ്പെടുത്തുന്ന നിലയിൽ സെക്ഷൻ മൂന്ന് പ്രയോഗിക്കുക എന്നതാണ്. അതിന് നിങ്ങൾ ധീരനാകും എന്നു ഞാൻ കരുതുന്നു. അങ്ങനെ കുറേ സാധനങ്ങൾ ഏറ്റെടുത്ത് നാട്ടുകാർക്ക് കൊടുക്കുമോ? ഇന്നുള്ള നടപടിക്രമം അപരിമിതമാണ്. കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ കഴിഞ്ഞ കൊല്ലം നടത്തിയ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം, ഓപ്പൺ മാർക്കറ്റിലെ വില നിയന്ത്രണം, അരി വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഇതെല്ലാം ചെറിയ കാര്യങ്ങളാണ്. ഈ നിയമപ്രകാരം ഉള്ളതല്ല. മാവേലി സ്റ്റോറുകൾ നമ്മൾ കണ്ടതാണ്. പെട്രോളിന്റെ വില, മാവേലിസ്റ്റോറുകളുടെ പ്രവർത്തനം, ഇതൊക്കെ ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. ഓണം-ബക്രീദ് മാവേലിസ്റ്റോറുകൾ വലിയ കേമമായിട്ട് നടന്നു. അതൊക്കെ എന്താണ്? യഥാർത്ഥത്തിൽ പരിഹാസ്യമായിരുന്നു. ഈ നിയമപ്രകാരം ആ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ കഴിഞ്ഞോ? മാവേലിസ്റ്റോറുകൾ തുറന്നതുകൊണ്ടോ, അതുപോലുള്ള ഫെയർ പ്രൈസ് ഷോപ്പുകൾ തുറന്നതുകൊണ്ടോ മാത്രം ഈ മഹാരോഗത്തിന് ചികിൽസയായി എന്നു നിങ്ങൾ സങ്കൽപ്പിക്കുന്നുണ്ടെങ്കിൽ നിങ്ങൾ മൂഢ സ്വർഗ്ഗത്തിലാണ്. അതുകൊണ്ട് വിലനിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കാൻ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് സുലഭമായി കൊടുക്കാൻ ഉള്ള നടപടികൾ ഈ ഗവൺമെന്റ് എടുക്കാൻ തയ്യാറാകുമെങ്കിൽ മാത്രമേ ഇങ്ങനെയൊരു നിയമം പാസ്സാക്കിയതുകൊണ്ട് പ്രയോജനമുള്ളൂ. കഴിഞ്ഞ കാലത്തെ അനുഭവം വളരെ നിരാശാജനകമാണ്, അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇവിടെ പാസ്സാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് മനുഷ്യന് ആവശ്യമുള്ള സാധനങ്ങളുടെവില താൽക്കാലികമായി ഒന്നു പിടിച്ചു നിറുത്താൻ ആവശ്യമായിട്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ ഉള്ള ഒരു ധീരത ഈ അധികാരികൾക്ക് ഉണ്ടാകട്ടെ എന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ ഈ ബില്ലിന്റെ പൊതുചർച്ച അവസാനിപ്പിക്കുന്നു. ഈ പറഞ്ഞ നിർദ്ദേശങ്ങളോട് യോജിച്ചുകൊണ്ട് നടപടികൾ എടുക്കും എന്ന് ഒരിക്കൽകൂടി പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ബിൽ വളരെ ആത്മാർത്ഥതയോടുകൂടിയാണോ കൊണ്ടുവന്നത് എന്നുള്ളതിൽ സംശയമുണ്ട്. ഇതു പറയാൻ കാരണം അവശ്യസാധന നിയന്ത്രണം വേണമെന്നാണോ വ്യക്തമായ അഭിപ്രായം എന്നറിയില്ല. ഞാൻ ഇതു പറയാൻ കാരണം കേന്ദ്രഗവൺമെന്റ് ആണെങ്കിൽ അവശ്യ സാധന നിയന്ത്രണം വേണ്ട എന്നുള്ള ഒരു ലൈനാണ് സ്വീകരിച്ചിരിക്കുന്നത് എന്നുള്ളതാണ്. പ്രത്യേകിച്ച് രാജീവ്ഗാന്ധി വന്നതിനുശേഷം. അങ്ങിനെയാണെങ്കിൽ അതിനെ പിന്തുടരുന്ന ഒരു ഗവൺമെന്റ് ഈ നിയമം നടപ്പിലാക്കും എന്നു പറയാൻ പാറില്ല സർ. ആളുകളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി ഈ ബിൽ ഇതാ ഞങ്ങൾ കൊണ്ടുവന്നിരിക്കുന്നു എന്ന് ഒരു പ്രഹസനം കൊടുക്കാം. ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നു എന്നുള്ളതിൽ കവിഞ്ഞ് ഇവർക്ക് ഇത് ആത്മാർത്ഥമായി നടപ്പാക്കാൻ ഉദ്ദേശമില്ല. കേന്ദ്രഗവൺമെന്റ് എല്ലാം ഫ്രീയായിരിക്കണം, യാതൊരു നിയന്ത്രണവും പാടില്ലെന്നു പറയുന്നു. കേരള ഗവൺമെന്റ് ഇത് വേണമെന്നു പറയുന്നു. ഇതു രണ്ടുംകൂടി എങ്ങിനെയാണ് പൊരുത്തപ്പെട്ടു പോവുക എന്നെനിക്കറിയില്ല. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് തന്നെ ഫലത്തിൽ പരാജയപ്പെടുത്താൻ ശ്രമിക്കുമ്പോൾ കേരള ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറിന്. ഇതു നടപ്പാക്കാൻ, പ്രത്യേകിച്ച് കാ[illegible]കരന് ഇതു നടപ്പാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. വ്യവസായ മന്ത്രിയാണ് ഇതിവിടെ കൊണ്ടുവന്നിരിക്കുന്നത്. പല വകുപ്പുകളും കൈകാര്യം ചെയ്യേണ്ട ഒരു സംഗതിയാണ്. എല്ലാ വകുപ്പുകളും ആത്മാർത്ഥമായി ശ്രമിച്ചാലല്ലേ ഇത് നടക്കുകയുള്ളൂ? അവരൊക്കെ എന്താണ് ചെയ്യുക എന്നുള്ളതു് അറിയില്ല. ഇന്നുതന്നെ പല സാധനങ്ങൾക്കും പല വകുപ്പിലും—അഗ്രികൾച്ചറിലായിക്കോട്ടെ, വനത്തിലായിക്കോട്ടെ—യാതൊരു നിയന്ത്രണവുമില്ല. ഉള്ള നിയമം അവർ പ്രയോഗിക്കുന്നില്ല. ഇഷ്ടംപോലെ എന്തും ചെയ്യാം എന്നുള്ള അവസ്ഥയിലാണ്. തൊണ്ടു നിയന്ത്രണം കൊണ്ടുവന്നു. അതിൻറെ ഫലമെന്താണ്? അതുകൊണ്ട് വല്ല മെച്ചവുമുണ്ടായിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച് ഒരു സമഗ്രമായ പഠനം നടത്തിയതിനുശേഷമാണ് ഇത് കൊണ്ടുവരേണ്ടതെന്നു തോന്നുന്നു. അല്ലെങ്കിൽ ഇത് വളരെ അപാകതയുണ്ടാക്കും. നമ്മുടെ പൊതു വിതരണരംഗത്തെ സ്ഥിതി എന്താണ്? പൊതുവിതരണത്തിൽ റേഷൻപോലും ഈ ബിൽ കൊണ്ടുവന്ന അതേ ഗവൺമെൻറുതന്നെ വീണ്ടും സ്വകാര്യമേഖലയ്ക്ക് ഏൽപ്പിച്ചു കൊടുക്കുകയാണ്. ഒരുവിധം നന്നായി നടത്തിയ കോ-ഓപ്പറേറീവ് സൊസൈറ്റികളുണ്ട്. റേഷൻറെ പൊതുവിതരണം നന്നായി നടത്തിയെന്ന് ഗവൺമെൻറും എല്ലാം അംഗീകരിച്ചതുമാണ്. ഇന്ന് ലക്ഷക്കണക്കിനു രൂപയുടെ തട്ടിപ്പ് നടത്താൻ എല്ലാം സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. ഇന്ന് ഓരോ ഹോംസെയിലിൽപോലും രണ്ടു ലക്ഷവും മൂന്നു ലക്ഷവും രൂപ വാങ്ങിച്ചുകൊണ്ടാണ് കൊടുക്കുന്നത്. ഇങ്ങനെയുള്ള ഒരു ഗവൺമെൻറിന് ഇത് കൊണ്ടുവരാൻ സാധിക്കുമോ? അതുപോലെ കശുവണ്ടിരംഗത്ത് ഈ നിയന്ത്രണം കൊണ്ടുവരുന്നതിൻറെ ആവശ്യമെന്താണ്? ഈ നിയന്ത്രണംകൊണ്ടുവന്നാൽ ചില ആളുകൾക്ക് ഗുണം കിട്ടാനുള്ള ഒരു അവസരം ഉണ്ടാവുകയില്ലേ എന്നു സംശയംതോന്നുകയാണ . അനുഭവം അതാണ്. നേരത്തെ നിയന്ത്രണം കൊണ്ടുവന്നു. എന്താണ് ഉണ്ടായത്? കുറെ കശുവണ്ടി പിടിക്കുന്നുണ്ട്. നമ്മുടെ തൊഴിലാളികൾക്ക് അതാവശ്യമാണ്. പക്ഷേ ഫലത്തിലുണ്ടായതെന്താണെന്നു വച്ചാൽ കുറെ ആളുകൾക്ക് അതിൻറെ ഗുണം കിട്ടിയെന്നുള്ളതാണ്. ആരൊക്കെയാണ് കശുവണ്ടി കള്ളക്കടത്ത് നടത്തുന്നതെന്നു നമുക്കൊക്കെയറിയാം. അതിൽ എന്തെങ്കിലും നിയന്ത്രണത്തിന് കൈവെച്ചാൽ ശ്രീ. അഹമ്മദ് അവിടെ മന്ത്രിയായിട്ടിരിക്കുകയില്ല. പിറേ ദിവസം അദ്ദേഹത്തിൻറെ പാർട്ടിക്കാർ തന്നെ അദ്ദേഹത്തെ പിടിച്ചിറക്കും. കഴിഞ്ഞപ്രാവശ്യത്തെ കാര്യം നമുക്കറിയാം; പോലീസുകാർ പിടിച്ചതും കശുവണ്ടി. നിയന്ത്രണമില്ലാതെ മഞ്ചേരിയിൽനിന്നും കൊണ്ടുപോയതുമൊക്കെ. ആരാണ് ഇത് നടത്തിയത്? ശ്രീ. അഹമ്മദിൻറെ പാർട്ടിക്കാർതന്നെയാണ് ഇതിൽ പ്രധാനപങ്ക് വഹിച്ചത്. അങ്ങനെയുള്ള ആളിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുമോ? ഇതിന് ഒരു പ്രത്യേകതയുണ്ട്—പ്രേരണ ചെലുത്തിയാൽ അവരെ ശിക്ഷിക്കാമെന്ന്. ശ്രീ. അഹമ്മദിന് അത് സാധിക്കുമോ? പ്രേരണ ചെലുത്തിയത് ആരാണെന്ന് അദ്ദേഹത്തിനറിയാം. പക്ഷേ അദ്ദേഹം ശിക്ഷിക്കാൻ മിനക്കെടില്ല. മിനക്കെട്ടാൽ അദ്ദേഹത്തിൻറെ മന്ത്രിസ്ഥാനംവരെ പോകും. അതാണ് അദ്ദേഹത്തിൻറെ സ്ഥിതി. സിമൻറ് നിയന്ത്രണത്തിൻറെ കാര്യം നമുക്കറിയാം. അതിൽ ഏറ്റവും കൂടുതൽ കള്ളക്കടത്തിന് പ്രേരണ ചെലുത്തുന്നത് ഇദ്ദേഹത്തെപോലെയുള്ള ആളുകളാണ്. നമുക്കറിയാം ഈ കള്ളക്കടത്തിൻറെ പേരിൽ ഒരു നടപടിയും ഈ ഗവൺമെൻറ് എടുത്തിട്ടില്ല. വെറും പ്രഹസനത്തിനുവേണ്ടി, ആളുകളെ പറ്റിക്കാൻവേണ്ടി ഒരു ബിൽ അവതരിപ്പിച്ചു എന്നുള്ളതല്ലാതെ ഇത് ആത്മാർത്ഥമായി നിയന്ത്രിക്കാനുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായി ചെയ്യുകയാണെങ്കിൽ ഈ ബില്ലിനെ അനുകൂലിക്കാൻ ഞങ്ങൾക്ക് വിഷമമില്ല. ഇത് ആത്മാർത്ഥതയോടുകൂടിയല്ലെങ്കിൽ അത് ഈ രാജ്യത്ത് വലിയ കുഴപ്പംചെയ്യും. കരിഞ്ചന്തക്കാർക്കു കുറെകൂടി സൗകര്യമുണ്ടാകും. നാളെ ഏതെങ്കിലും ഒരു ബിസിനസുകാരന് ലാഭം കിട്ടുന്നില്ല എന്നു തോന്നിയാൽ മന്ത്രിയേയോ മറേറാ സ്വാധീനംചെലുത്തി അതിൽ ഒരു നിയന്ത്രണം കൊണ്ടുവന്നാൽ ഇഷ്ടംപോലെ കരിഞ്ചന്ത നടത്തി ലാഭമുണ്ടാക്കാനുള്ള ഒരു അവസരമുണ്ടാകുമെന്നുള്ളതാണ് ഇതു കൊണ്ടുള്ള ദോഷം. അത് കണക്കാക്കിക്കൊണ്ട് ആത്മാർത്ഥമായ നിയന്ത്രണം കൊണ്ടുവരാൻ എല്ലാ വകുപ്പുകാരും പരിശ്രമിക്കണമെന്നാണ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, പൊതുജനാഭിപ്രായമായിയുന്നതിന് ഈ ബിൽ അയയ്ക്കണമെന്ന ദേഗതിയെ ഞാൻ അനുകൂലിക്കുന്നു. ഏതാനും കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഒന്നര വർഷങ്ങൾക്കുമുമ്പ് ഇതിന്റെ ലാപ്സായ നോട്ടിഫിക്കേഷനും ഒരു മെമ്മോറാണ്ടവുമായിട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ഞാൻതന്നെ നേരിട്ടു പോയി. അദ്ദേഹത്തിന് ഓർമ്മ കാണുമെന്നാണ് എന്റെ വിശ്വാസം. ഇങ്ങനെ നിയന്ത്രണമില്ലാത്ത ഒരവസ്ഥ ചില സാധനങ്ങളുടെ കാര്യത്തിൽ ഇന്ന് ഈ രാജ്യത്തുണ്ടായിരിക്കുകയാണെന്നും അതിന് പരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു മെമ്മോറാണ്ടവുമായിട്ടാണ് ഞാൻ പോയത്. മന്ത്രി ഉടനെതന്നെ ബന്ധപ്പെട്ട പല ഉദ്യോഗസ്ഥൻമാരുമായിട്ട് ഫോണിൽ ബന്ധപ്പെടുന്നത് ഞാൻ കാണുകയും ചെയ്തു. എങ്കിലും ഇങ്ങനെ ഒരു ഓർഡിനൻസായാലും ശരി ബില്ലായാലും ശരി അവതരിപ്പിക്കാൻ ഇത്രയും കാലതാമസമുണ്ടായതിൽ ഞാൻ അതിശയിക്കുകയാണ്. ഇന്ന് നിലവിലിരിക്കുന്ന ഒരു നിയമം നിയമമല്ലാതായിത്തീർന്നിരിക്കുന്നുവെന്നും അതിന് അടിയന്തിരമായി പരിഹാരം കണ്ടെത്തിയില്ലെങ്കിൽ ഈ രാജ്യത്ത് ഒരു വലിയ വിഭാഗം ആളുകൾ വിഷമിക്കുമെന്നും പറഞ്ഞു. ഒരു ദിവസം ഒന്നേകാൽ രൂപ മുതൽ ഏതാണ്ട് രണ്ടോ മൂന്നോ രൂപമാത്രം കൂലി കിട്ടുന്ന ഏതാണ്ട് പതിനായിരക്കണക്കിന് ആളുകൾ സോഫ്റ്റ്വുഡ് രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. അവർക്ക് ആവശ്യത്തിന് സോഫ്റ്റ് വുഡ് കിട്ടുന്നില്ല എന്നു പറഞ്ഞുകൊണ്ടാണ് മെമ്മോറാണ്ടവുമായി പോയത്. അപ്പോൾ ഒരു ബുദ്ധിമുട്ടുണ്ടായി. ഇതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ ഒരു വലിയ പങ്ക് വഹിക്കേണ്ടത് വനംവകുപ്പു ദ്യോഗസ്ഥൻമാരാണ്. വനം വകുപ്പുദ്യോഗസ്ഥൻമാരുമായിട്ട് ബന്ധപ്പെട്ടു. ഈ ബിൽ മുഴുവൻ വായിച്ചുനോക്കിയിട്ട് ആ തരത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ഈ ബിൽ പര്യാപ്തമാകുമെന്ന് ഒരു കാരണവശാലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ കിഴക്കേ അറ്റത്തുകൂടെയുള്ള ആതിർത്തിപ്രദേശം ഏതാണ്ട് പത്തുമുപ്പതു കിലോമീറ്റർ ദൂരം നീണ്ടുകിടക്കുകയാണ്. ഈ രണ്ടു സംസ്ഥാനത്തും ഒരേ തരത്തിലാണ് സാധനങ്ങളുടെ വിലയിരുന്നതെങ്കിൽ കേരളത്തിൽ വിൽക്കുന്നതാണോ തമിഴ്നാട്ടിൽ വിൽക്കുന്നതാണോ ലാഭകരം എന്നുള്ളതിനെക്കുറിച്ച് ഉൽപ്പാദകരെ സംബന്ധിച്ചിടത്തോളം പ്രശ്നമുണ്ടാവുകയില്ലായിരുന്നു. അടുത്ത സംസ്ഥാനത്തിൽ കൂടുതൽ വില കിട്ടുന്നു എന്ന ഒറ്റ കാരണംകൊണ്ടാണ് ഇവിടത്തെ സാധനങ്ങൾ ഈ കേരളത്തിനകത്തുള്ള വ്യവസായികൾക്ക് കൊടുക്കാതെ അതുകൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനം ഇവിടത്തെ ലക്ഷക്കണക്കിന് വരുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് ലഭ്യമാകാത്ത രീതിയിൽ അന്യസംസ്ഥാനത്തേയ്ക്ക് കൊണ്ടു പോകുന്നത്. എനിക്ക് ആദ്യമായിട്ട് അഭ്യർത്ഥിക്കാനുള്ളത് ഇതിനെ ആക്ടായി മാറിക്കഴിഞ്ഞാൽ ജനങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിച്ചേ തീരൂ. ഈ സംസ്ഥാനത്തുനിന്നും അടുത്ത സംസ്ഥാനത്തേക്ക് കടത്തുന്നത് നിയന്ത്രിക്കുന്നതിന് ഏത് പരിഹാരമാർഗ്ഗം കണ്ടെത്താൻ സാധിക്കും, എങ്ങനെ നിയന്ത്രിക്കാൻ സാധിക്കും എന്നുള്ളത് പരിശോധിക്കണം. വനം വകുപ്പുമന്ത്രി ഇവിടെ ഇണ്ടയിട്ടാണ് വനത്തിനേയും പതിവ് ഭൂമിയേയും വേർതിരിക്കുന്നതെന്ന് ഇവിടെ പറയുകയുണ്ടായി. മുപ്പതു കിലോമീറ്റർ ദൂരം, ആറുകാണി മുതൽ കൊല്ലംകോട് വരെയുള്ള പ്രദേശങ്ങളെ ചെക്ക്പോസ്റ്റ് മുഖാന്തിരം നിയന്ത്രിക്കാൻ സാദ്ധ്യമല്ല. ഇവിടത്തെ കോടിക്കണക്കിന് രൂപയുടെ സോഫ്റ്റ് വുഡ് ലോറികളിൽ കയറുന്നു. പാസ് കൊടുക്കണമെന്നുള്ള നിയന്ത്രണമെല്ലാമുണ്ട്. പക്ഷേ ഈ രാജ്യത്ത് അത് ബാധകമല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് പാസ് വാങ്ങിച്ചിട്ടാണോ സാധനങ്ങൾ കൊണ്ടുപോകുന്നതെന്ന് അന്വേഷിക്കാറില്ല. അഥവാ പാസ് വാങ്ങിച്ചാൽ തന്നെ ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേയ്ക്ക്, കേരളത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തേയ്ക്ക് കൊണ്ടു പോകുന്നതിനുവേണ്ടിയായിരിക്കും. ഇവിടെ ചില മുൻ കേസ്സുകളെക്കുറിച്ചൊക്കെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞു. നിലവിലിരിക്കുന്ന നിയമമനുസരിച്ച് കേരള സംസ്ഥാനത്തിനകത്തേയ്ക്ക് പാസ് മുഖാന്തിരം കൊണ്ടുപോകാം. പക്ഷേ അതിർത്തിപ്രദേശത്തേക്കുചെന്നാൽ അതിനെ ചുമന്നുമാറി അടുത്ത സംസ്ഥാനത്ത് കൊണ്ടുവച്ചാലും ഇതിനെ നിയന്ത്രിക്കാൻ ഈ നിയമത്തിൽ വകുപ്പുകളില്ല. ഇതിൽ മൂന്നാം വകുപ്പനുസരിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും മറ്റൊരു വകുപ്പനുസരിച്ച് കുറെ ശിക്ഷാവിധികൾ നിശ്ചയിക്കുകയും ചെയ്താൽ നിയമം മൂലം ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് എങ്ങനെയാണ് ബഹുമാനപ്പെട്ട മന്ത്രി ഒരു തീരുമാനത്തിൽ എത്തിയതെന്ന് ഒരു കാരണവശാലും മനസ്സിലാകുന്നില്ല. ഇനി സാധനങ്ങൾ അഥവാ പിടിച്ചുകഴിഞ്ഞാൽ ഇമ്മീഡിയറ്റായിട്ട് ഒരു റിലീഫ് ഉണ്ടാക്കാൻ എന്താണ് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത്? ഇതിൽ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് നോട്ടിഫൈ ചെയ്ത വിലയില്ലെങ്കിൽ അപ്പുറവുമിപ്പുറവും ഇരിക്കുന്ന വിലയെ വച്ചുകൊണ്ട് യുക്തമായ ഒരു വിലയുണ്ടാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അത് എങ്ങനെയാണ് സാധിക്കുന്നത്? യുക്തമായ വില എന്നു പറയുന്നത് ഒരടിയുടെ വ്യത്യാസത്തിൽ അടുത്ത സംസ്ഥാനത്തിരിക്കുന്ന വിലയാണ് യുക്തമായ വിലയെന്ന് അതിന്റെ തൊട്ടിപ്പുറത്തുള്ള ഒരാൾ പറഞ്ഞാൽ, നമ്മുടെ കേരള സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശത്തുള്ള ഒരാൾ പറഞ്ഞാൽ ആ വില യുക്തമായ വിലയായിട്ട് തീരുമാനിക്കാൻ കേരള സംസ്ഥാനത്തിലെ ആളുകൾക്ക് കഴിയുമോ? അപ്പോൾ രണ്ടു സംസ്ഥാനങ്ങളിലേയും സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടി രണ്ടിടത്തും ഒരേ വില നിശ്ചയിച്ചാൽ മാത്രമേ ഇങ്ങനെ ഒരു ആക്ട് കൊണ്ടുവന്നതു കൊണ്ട് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് പ്രവൃത്തിയെടുക്കാനാവശ്യമായ റോ മെറ്റീരിയൽസ് കിട്ടുമെന്ന് ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. അതിന് യാതൊരു വകുപ്പുകളും ഈ ആക്ടിൽ പറഞ്ഞിട്ടില്ല. പിടിക്കുന്ന സാധനങ്ങൾക്ക് വില കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. പക്ഷേ അത് എങ്ങനെയാണ് പ്രാവർത്തികമാക്കാൻ കഴിയുന്നത്? ഈ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായശാല

LIBRARY ARCHIVES Kerala Legislative Assembly

കളെല്ലാം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഏറ്റവും അടുത്തുള്ള ഏത് വ്യവസായശാലയിൽ കൊടുത്താലും, സർക്കാർ നിശ്ചയിച്ചിട്ടുള്ള നിയന്ത്രിത വിലയ്ക്ക് കൊടുത്ത് പൈസ വാങ്ങിച്ചുകൊടുക്കണമെന്നുള്ള ഒരു നിയന്ത്രണം വച്ചാൽ സാധിക്കുന്നതാണ്. പക്ഷേ ഏവിടെയാണ് ഇത് തീരുമാനിക്കാൻ പോകുന്നത് എന്നുള്ളതു മനസ്സിലാക്കാൻ സാധ്യമല്ല. ഏതാണ്ട് ആറുമാസം മുമ്പുവരെയും കാഷ്യു പ്രൊക്യൂവർമെന്റ് ആക്ട് അനുസരിച്ചുള്ള പ്രവർത്തനം നിലവിലിരുന്നു. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി കോ-ഓപ്പറേറീവ് ഡിപ്പാർട്ടുമെന്റിലെ ഒരു വിഭാഗം ഉദ്യോഗസ്ഥൻമാരെ ആ രംഗത്ത് നിയോഗിക്കുകയും ചെയ്തിരുന്നു. അവർക്ക് ഒരു പരാതിയേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾക്ക് സംരക്ഷണം തരുന്നതിന് പോലീസ് ഇല്ല എന്ന്. ഈ രാജ്യത്ത് നിയമങ്ങൾ നിലവിലില്ലാഞ്ഞിട്ടല്ല. ഉള്ള നിയമങ്ങൾ ഈ രാജ്യത്ത് നടപ്പിലാക്കാൻ ഈ രാജ്യത്ത് ഒരു സർക്കാരില്ല. അഥവാ സർക്കാർ ഉണ്ടെങ്കിൽത്തന്നെയും ജനങ്ങൾക്കാവശ്യമായ നിയമങ്ങൾ നടപ്പിലാക്കിയേ തീരൂ എന്ന് അവർക്ക് യാതൊരു നിർബന്ധവുമില്ല. ജനങ്ങളുടെ വായ് മൂടിക്കെട്ടുന്നതിന് ഈ രാജ്യത്ത് എന്തെങ്കിലും നടത്തുന്നു എന്നു വരുത്തുന്നതിനുവേണ്ടി ഈ സഭയുടെ വിലപ്പെട്ട സമയം മിനക്കെടുത്തി ഇങ്ങനെ ഒരു നിയമവുമായിട്ട് വരുന്നതിന് മന്ത്രി തയ്യാറാകരുത്. ഇത് നടപ്പിലാക്കാൻ വേണ്ടിയാണെങ്കിൽ പഴുതുകളെയെല്ലാം അടച്ചു ജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു നിയമം കൊണ്ടുവന്ന് ആശ്വാസം ലഭിക്കത്തക്ക വിധത്തിൽ ഇതിനുവേണ്ടി നിയമ നിർവ്വഹണം നടത്തിയേ തീരൂ. അതിന് ആവശ്യമായ വകുപ്പുകൾ എഴുതിച്ചേർക്കണം. അങ്ങനെ എഴുതിച്ചേർക്കുമ്പോൾ ചില നിബന്ധനകൾ ഏർപ്പെടുത്തേണ്ടതായി വരും. അത് ഏർപ്പെടുത്തിയാൽ മാത്രമേ ഈ രാജ്യത്ത് ഈ ഇനത്തിൽ എത്ര കോടി രൂപയുടെ ഉൽപ്പന്നങ്ങളുണ്ട്, അല്ലെങ്കിൽ എത്ര മരങ്ങൾ ഉണ്ട് എന്ന് നിശ്ചയിക്കുന്നതിന് കഴിയുകയുള്ളൂ. അതിന്റെ ഒരു കണക്ക് എടുക്കുന്നതിന് ഇതിൽ യാതൊരു വ്യവസ്ഥയും പറഞ്ഞിട്ടില്ല. എവിടെയെല്ലാം ഉണ്ട് എന്നുള്ളതിന് ഒരു കണക്ക് പറഞ്ഞിട്ടില്ല. എവിടെയെല്ലാം ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളാണ് ഇതിൽ നിയന്ത്രിക്കപ്പെടേണ്ടതെന്ന് പറയാൻ സാധിക്കാത്തരത്തിലാണ്. ഇതിന് മുമ്പ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്ന് പാസ് വാങ്ങണമെന്ന് പറഞ്ഞ് ഒരു നിബന്ധനയുണ്ടായിരുന്നു. നോട്ടിഫൈഡ് ഏരിയായിലുള്ള റിസർവ് ഫോറസ്റ്റിലുള്ള സാധനങ്ങൾ കൊണ്ടുപോകുന്നതിനുമാത്രം മതിയായിരുന്നു. ഈ അടുത്ത കാലത്ത് ആഞ്ഞിലിമരം എവിടെയുണ്ടെങ്കിലും അതിന് പാസ് വാങ്ങിക്കണമെന്ന് ഒരു നിബന്ധനയുണ്ടായിരുന്നു. അത് ഒരിക്കലും നടപ്പിലാക്കാൻ പറ്റാത്ത തരത്തിലായിത്തീർന്നിരിക്കുകയാണ്. നോട്ടിഫിക്കേഷനിൽ ചില വിവരങ്ങൾ പറഞ്ഞിട്ടുണ്ട്. കോടിക്കണക്കിന് രൂപയുടെ തടി ഈ സംസ്ഥാനത്തുനിന്നും അടുത്ത സംസ്ഥാനത്തേയ്ക്ക് കൊണ്ടുപോകുന്നുണ്ട്. റബ്ബർ ഇന്ന് തീപ്പെട്ടി വ്യവസായത്തിന് ഏറ്റവും യോജിച്ച മരമായിട്ടാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ പറയുന്നത്. നമ്മുടെ രാജ്യത്തുള്ള, ഈ കൊച്ചുസംസ്ഥാനത്തിനകത്തുള്ള തീപ്പെട്ടി ഫാക്ടറികൾക്ക് ഒരു കഷണം റബ്ബർതടി പോലും കിട്ടാതിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ആ റബ്ബർ തടി കയറ്റിക്കൊണ്ടുപോകുന്നതിനെ നിയന്ത്രിക്കണമെന്നു പറഞ്ഞ എന്നോട് അന്ന് മന്ത്രി പറഞ്ഞത്, അതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ കണ്ടാൽ മതിയെന്നാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഇതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്, ഉദ്യോഗസ്ഥൻമാരെ കണ്ടാൽ മതിയെന്നു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അവർ പറയുന്നത് ഈ രാജ്യത്ത് ഇതിനെ നിയന്ത്രിക്കാൻ നിയമമില്ലെന്നാണ്. ഈ രാജ്യത്ത് ഇല്ലാത്ത നിയമം വച്ചുകൊണ്ട് എങ്ങനെയാണ് ഇതിനെ നിയന്ത്രിക്കുന്നത്? സാധനങ്ങൾ കൊണ്ടുപോകുന്നതിനെ നിയന്ത്രിക്കുന്നതിന് നിയമം ഇല്ലാത്തിടത്തോളംകാലം അതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തുവാൻ നിർവ്വാഹവുമില്ല. പിന്നെ ഈ തീപ്പെട്ടിക്കമ്പനിക്കാർക്ക് അത് ആവശ്യമുണ്ടെന്നുവരുകിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന ആളുകൾക്ക് തങ്ങളുടെ വിവരം അറിയിക്കണമെന്നാണ്. ഈ രാജ്യത്ത് ആർക്കെങ്കിലും ചെയ്യാൻ കഴിയുന്ന ഒരു കാര്യമാണോ അത്? ജനങ്ങൾതന്നെ നിയമം കയ്യിലെടുത്ത് ഇത് നടപ്പിലാക്കണമെന്ന് പറയുന്നതിൽ ഒരു കാര്യവുമില്ല. നടപ്പിലാകാൻ പോകുന്നില്ല. ഇതിൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ അപര്യാപ്തമാണെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി അത് നിഷേധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. നമുക്ക് ശിക്ഷാനിയമങ്ങൾ ഉണ്ട്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഇവിടെ ഒരു കാര്യം സൂചിപ്പിച്ചു. ലോകചരിത്രത്തിൽ ലോകമെമ്പാടുമുള്ള ശിക്ഷാനിയമങ്ങൾ എടുത്തുനോക്കിയാൽ മുൻകാല പ്രാബല്യത്തോടുകൂടി ഒരു നിയമം പാസ്സാക്കിയതായി കാണാൻ കഴിയില്ല. എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ ഒരു നിയമം പടച്ചുണ്ടാക്കിയാൽ അത് മുൻകാല പ്രാബല്യത്തോടുകൂടി നടത്താൻ സാധിക്കുമെന്ന് ആർക്കെങ്കിലും സാമാന്യ ബുദ്ധിയിൽ തോന്നുമോ? പക്ഷേ വിട്ടുപോയി എന്നു പറഞ്ഞാൽ എനിക്ക് മനസ്സിലാക്കാൻ കഴിയും. നിയമനിർമ്മാണത്തിൽത്തന്നെ ഒരു ലൂപ്പ്‌ഹോൾ വന്നുപോയി. മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടില്ല. സർക്കാരിന് ഒരുപാട് ജോലികളുണ്ട്. സംശയമൊന്നുമില്ല. ആ ജോലികളുടെ കൂട്ടത്തിൽ അതിപ്രധാനമായ ഏറ്റവും പിന്നോക്കം നിന്ന് ജോലി ചെയ്യുന്ന ഒരു വിഭാഗം ആളുകളുടെ കാര്യം കൂടെ ശ്രദ്ധിക്കപ്പെടേണ്ടതായിരുന്നു. അതിന്റെകൂട്ടത്തിൽ ഒരു വെൽഫെയർ സ്റ്റേറ്റ് എന്ന നിലയിൽ ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ട കൂട്ടത്തിൽ മുൻഗണനയോടുകൂടി ഒരു നിയമം പാസ്സാക്കാത്തതു നിമിത്തം രേണത്തിൽ ഒരു വീടവ് വന്നുപോയി. അതിന് പരിഹാരം കാണാൻ സാധിച്ചുവെന്ന് വരില്ല. വേണ്ടിവന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചപ്പോൾ മുൻകാല പ്രാബല്യത്തോടുകൂടി ഇത് നടപ്പിൽ വരും എന്നു ഒരു വകുപ്പ് ഇതിൽ എഴുതിവയ്ക്കേണ്ടതായിരുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതുപോലെതന്നെ റൂംസ് പ്രൊവൈഡ് ചെയ്യുന്ന കാര്യം. ഈ രാജ്യത്ത് ചെക്ക് പോസ്റ്റുകൾ ഉണ്ട്. സെയിൽസ് ടാക്സ് ചെക്കുപോസ്റ്റുകൾ ഉണ്ട്. സെയിൽസ് ടാക്സ് ചെക്കുപോസ്റ്റുകൾ കൊണ്ട് ഇത് നിയന്ത്രിക്കാൻ കഴിയുമോ? പല എൻ. എച്ച്. റോഡുകളിലും ചെക്ക്പോസ്റ്റുകൾ കാരണം വാഹനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്ത സ്ഥിതിയാണ്. ജനങ്ങൾ ഇട്ട് അതിർത്തി പ്രദേശങ്ങൾ നിശ്ചയിക്കുന്നതുപോലെ ആളുകളെ നിയന്ത്രിക്കാൻ പറ്റുമോ? പത്തുമുപ്പതു കിലോമീറ്റർ ദൂരം വരുന്നതാണ്. അപ്പോൾ എന്താണ് ഇതിന് ഒരു പരിഹാരമാർഗ്ഗം? ഏക പരിഹാരമാർഗ്ഗം എനിക്ക് പറയുവാനുള്ളത് രണ്ടു സംസ്ഥാനങ്ങളിലും ഇതിന്റെ വില ഒരേ തരത്തിൽ നിയന്ത്രിക്കുകയെന്നുള്ളതാണ്. ഈ സംസ്ഥാനത്തു നിന്നും പണം കൂടുതൽ ചെലവുചെയ്ത് വാഹനങ്ങളിൽ കയറ്റി അതിന്റെ കൂലിയും കൊടുത്ത് അടുത്ത സംസ്ഥാനങ്ങളിലേക്ക് ഒളിച്ചുകൊണ്ടുപോകുന്ന ഒരു സാഹചര്യം വരില്ല. അങ്ങനെയാണെങ്കിൽ മാത്രമേ ഇവിടെയുള്ള ആളുകൾക്ക് ഈ നിയമത്തിന്റെ സൗകര്യങ്ങൾ അനുഭവിക്കാൻ കഴിയുകയുള്ളൂ. അതിനുതക്ക ഒരു നിർദ്ദേശം കൂടി ഇതിൽ ഉൾപ്പെടുത്തണം. സെൻട്രൽ ആക്ടിൽ നിലവിലുണ്ട്. സെൻട്രൽ ആക്ടിൽ ഉൾപ്പെടുത്താത്ത സാധനങ്ങളെ മാത്രമേ നോട്ടിഫിക്കേഷൻ അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. സെൻട്രൽ ആക്ടുമായി ബന്ധപ്പെടുത്തി രണ്ടു സംസ്ഥാനങ്ങൾക്ക് ഒരുപോലെ ബാധകമാകത്തക്ക വിധത്തിൽ അടുത്ത സംസ്ഥാനത്തെ സാധനങ്ങൾ ഈ സംസ്ഥാനത്തിലേയ്ക്ക് കൊണ്ടുവരുവാൻ പറ്റാത്തതുപോലെതന്നെ ഇവിടെ നിന്നുള്ളത് അപ്പുറത്തേയ്ക്ക് കൊണ്ടുപോകാതിരിക്കണമെങ്കിൽ അവിടെ കൊടുക്കുന്ന വിലകൊടുത്ത് ഇവിടെ വാങ്ങിച്ചേ തീരൂ. അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ അവിടത്തതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഇവിടെ കൊടുക്കാൻ സാധിക്കുമെങ്കിൽ ഇവിടെ എന്തുകൊണ്ട് ആ വില കൊടുത്തു വാങ്ങാൻ സാധിക്കുന്നില്ലാ എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കാത്തത്. സാധനങ്ങളുടെ വില ദിവസംതോറും വർദ്ധിച്ചുവരുകയാണ്. ഇവിടത്തേതിനേക്കാൾ കൂടുതൽ വിലയ്ക്ക് ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ അവിടെനിന്ന് ഉൽപ്പാദിപ്പിച്ച് ഈ സംസ്ഥാനത്തു കൊണ്ടുവന്ന് കുറഞ്ഞ വിലയ്ക്ക് വിൽക്കുവാൻ സാധിക്കുമെങ്കിൽ അവിടെ അതേ വില കൊടുത്തു വാങ്ങിക്കാനും അതേ വിലയ്ക്ക് വിൽക്കാനും സാധിക്കുന്നില്ലെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചേ തീരൂ. വില നിശ്ചയിക്കുമ്പോൾ രണ്ട് സംസ്ഥാനങ്ങൾക്ക് യാതൊരു വ്യത്യാസവും വരാത്ത തരത്തിൽ വില നിശ്ചയിച്ചില്ലെങ്കിൽ ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അങ്ങനെ പ്രയോജനം ഉണ്ടാകുമെങ്കിൽ മാത്രമേ ഈ നിയമം കൊണ്ട് ഈ നാടിനും ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികൾക്കും പ്രയോജനം ലഭിക്കുകയുള്ളൂ. ഈ രാജ്യത്തെ വ്യവസായശാലകളൊക്കെ ശവപ്പറമ്പിലെ കാവൽക്കാരനെപ്പോലെയാണ്. ആരെങ്കിലും കുറച്ച് മരം കൊണ്ടുവന്നെങ്കിൽ ഇവിടത്തെ ആളുകൾക്ക് കുറച്ച് തൊഴിൽ കിട്ടും. അതിനുവേണ്ടി കാത്തുകാത്തിരിക്കുന്ന ഒരു സ്ഥിതിയാണിപ്പോൾ. ഇവിടെ ആവശ്യമുള്ളത്, ഉൽപ്പാദിപ്പിക്കുന്നതെല്ലാം കൂടി അടുത്ത സംസ്ഥാനത്തേക്ക് കൊണ്ടുപോകുകയും ചെയ്യാം. അവിടെനിന്ന് ഉൽപ്പാദിപ്പിച്ച് ലാഭകരമായിട്ട് ഇവിടെ വിൽക്കുകയും ചെയ്യാം. ഇവിടത്തെ ആളുകൾക്ക് സാധനങ്ങൾ കിട്ടുന്നില്ല. അപ്പോൾ വില നിയന്ത്രിക്കുന്നതിന്റെ കാര്യത്തിൽത്തന്നെ രണ്ടു സംസ്ഥാനങ്ങളും താരതമ്യം ചെയ്യത്തക്ക തരത്തിലായിരിക്കണം, എങ്കിൽമാത്രമേ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. നിയമനിർമ്മാണങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ നിശ്ചയിക്കുന്നതിൽ വളരെയധികം പ്രാധാന്യമുണ്ട്. ഏതെങ്കിലും ഒരു വിഭാഗമാളുകൾക്ക് അധികാരം കൊടുത്തിരുത്തിയാൽ മാത്രം ഇത് നടപ്പിലാക്കാൻ സാധിക്കുകയില്ല. അത് നിയന്ത്രിക്കുന്നതിനുവേണ്ടി സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥൻമാർ ഉണ്ടായേ തീരൂ. അതല്ലാതെ ഐ. പി. സി. യിലെ വകുപ്പുകൾ ഉപയോഗിച്ച് "ഇതിനുവേണ്ട നടപടിയെടുക്കാമെന്ന്", തെളിവുകൊടുക്കുന്നതിനുള്ള ശിക്ഷാനിയമങ്ങളെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞാൽമാത്രം യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല. സമഗ്രമായി, വരത്തക്ക തരത്തിൽ, വിശാലമായി ആളുകൾക്ക് പ്രയോജനപ്രദമായ രീതിയിൽ നിയമം ഉണ്ടാക്കാൻ ശ്രമിച്ചാൽമാത്രമേ ഇതുകൊണ്ട് പ്രയോജനമുണ്ടാകുകയുള്ളൂ. പ്രയോജനമുണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഇത് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതെങ്കിൽ അക്കാര്യങ്ങളെക്കുറിച്ചുകൂടി ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഞാൻ ഇതിന് ഒന്നരവർഷം മുമ്പ് ഒരു നിവേദനം കൊടുത്തതാണ്. വേണമെങ്കിൽ ഇതിനു മുമ്പു തന്നെ ഇത് സമഗ്രമായ ഒരു നിയമമാക്കിക്കൊണ്ട് വരാമായിരുന്നു. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ പറഞ്ഞു: 1962 മുതൽ 1982 വരെ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ഒരു നിയമമാണിതെന്ന്. അത് പിന്നീട് ഓർഡിനൻസായി ഇഷ്യു ചെയ്തു. അതിന് നിയമ പ്രാബല്യം നൽകാൻ, നിയമമാക്കാൻ വേണ്ടിയുള്ള ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഈ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്നുള്ളതാണ് പ്രതിപക്ഷത്തുനിന്നും പല മെമ്പർമാരും ഇവിടെ ഉന്നയിച്ചിട്ടുള്ളത്. നിയമങ്ങളുടെ അഭാവം നിയമങ്ങൾ ഇല്ലാത്ത ഒരു കാലഘട്ടത്തിൽ ഈ നിയമം ശക്തമായി നടപ്പിലാക്കുന്നതിനുള്ള ഒരു സംവിധാനമാണാവശ്യം. അതിന് പരസ്പരം ആരും ആരേയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിച്ചു വരികയാണ്. ഈ ബിൽ അവതരിപ്പിച്ച ശ്രീമാൻ അഹമ്മദ് സാഹിബ്ബിന്റെ വകുപ്പിൽ മാത്രമല്ല നീണ്ടുനിവർന്ന് കിടക്കുന്ന ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളിലും ബാധകമാക്കാവുന്ന ഒരു നിയമത്തെക്കുറിച്ചാണ് നമ്മൾ ഇവിടെ സംസാരിക്കുന്നത്. 20 കൊല്ലമായി ഇവിടെ നിലവിൽവന്ന ഒരു നിയമമാണിത്. കഴിഞ്ഞകാലങ്ങളിൽ മാറി മാറിവന്നിട്ടുള്ള ഗവൺമെന്റുകളും ഈ നിയമം എങ്ങനെ നടപ്പിലാക്കി എന്നുള്ളത് ഈ ഗവൺമെന്റിനെ കുറ്റംപറയുന്ന ഈ സന്ദർഭത്തിൽ ഓർമ്മിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. 1962-ലും 1982-ലും ആയി പല രാഷ്ട്രീയ സംവിധാനങ്ങളും ഈ സംസ്ഥാനം ഭരിച്ചു. ആ സന്ദർഭങ്ങളിലെല്ലാം ഇവിടെ രൂക്ഷമായ വിലക്കയറ്റം പലപ്പോഴും തലപൊക്കിതാണ്ഡവനൃത്തമാടി. ആ സന്ദർഭങ്ങളിലൊക്കെ കർശനമായ നടപടികളിലൂടെ വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിന് ഈ നിയമം ആത്മാർത്ഥമായി നടപ്പിലാക്കുന്നതിൽ ഗവൺമെന്റ് മെഷിനറികൾ ചിലപ്പോഴൊക്കെ വിജയിക്കുകയും ചിലപ്പോഴൊക്കെ പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്; അതിനപ്പുറം ഈ ബിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഒരു വിമർശനം ഈ ഗവൺമെന്റിനെതിരായി നടത്തിയാൽ അത് പൂർണ്ണമായി അംഗീകരിച്ചുകൊടുക്കുവാൻ ഇപ്പുറത്തിരിക്കുന്ന മെമ്പർമാർക്ക് സാധിക്കുകയില്ല.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. രാഘവൻ പൊഴക്കടവിൽ)

എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോടും മന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത് ഏട്ടിലെ പശു പുല്ല് തിന്നുകയില്ല; നിയമം വളരെ പ്രസക്തമായിട്ടുള്ളതാണ്. പക്ഷേ ഇതു നമ്മൾ എഴുതിവച്ചതുകൊണ്ടുമാത്രം കാര്യമായില്ല. നിയമം ഫലപ്രദമായി നടപ്പിലാക്കണം; കർശനമായി നടപ്പിലാക്കണം; അതിനുള്ള സംവിധാനം ഉണ്ടാക്കണം. ഇന്ന് ഈ നിയമം കർശനമായി നടപ്പിലാക്കേണ്ട ഗുരുതരമായ ഒരവസ്ഥ നമ്മുടെ രാജ്യത്ത് ഉണ്ട് എന്ന് തുറന്ന് സമ്മതിക്കാൻ പൊതുപ്രവർത്തകരായ നമ്മളാരും മടിക്കേണ്ടതില്ല. ഇപ്പുറത്തിരുന്നാലും അപ്പുറത്തിരുന്നാലും ജനങ്ങൾ നേരിടുന്ന നീറുന്ന പ്രശ്നങ്ങളെക്കുറിച്ച് സത്യസന്ധമായി സംസാരിക്കാനുള്ള ബാദ്ധ്യത നമുക്ക് ഓരോരുത്തർക്കുമുള്ളതാണ്. വിലക്കയറ്റം അതിരൂക്ഷമാണ്. അതിന് ഇപ്പോൾ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംസാരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയിലേയോ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേയോ അംഗങ്ങളാണ് വിലക്കയറ്റത്തിന് ഉത്തരവാദികൾ, ശ്രീ. വർക്കല രാധാകൃഷ്ണൻ ചോദിച്ചു: ശ്രീ. കെ. എം. മാണിക്ക് നോട്ടടിക്കാൻ കഴിയുമോ എന്ന്. യാഥാർത്ഥ്യങ്ങൾ നമ്മൾ വിസ്മരിക്കരുത്".

LIBRARY ARCHIVES Kerala Legislative Assembly

പെട്രോൾ ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു, ഈ ബഡ്ജറ്റിൽ. അതിന്റെ ഏറ്റവും വലിയ തിക്തഫലം അനുഭവിക്കുന്ന സ്റ്റേറ്റ് കേരളമാണ്. കാരണം നിത്യോപയോഗ സാധനങ്ങളോ ഭക്ഷ്യസാധനങ്ങളോ ഒക്കെ വാഗണുകളിൽ കൊണ്ടുവന്നാണ് ഇവിടെ നമുക്ക് വിതരണം ചെയ്യുന്നത്. കേരളം എന്നുപറയുന്ന സംസ്ഥാനം ദക്ഷിണേൻഡ്യയിലെ ഇങ്ങേയറ്റത്തെ സംസ്ഥാനമാണ്. ഭൂമിശാസ്ത്രപരമായി നമ്മുടെ സംസ്ഥാനത്തിന്റെ കിടപ്പുനോക്കുമ്പോൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന അവശ്യസാധനങ്ങൾക്ക് മുഴുവനുമുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്, ഭീമമായ ചാർജ് ഉണ്ടാകുന്നത് കേരളത്തിലേക്ക് വരുന്ന ഉല്പന്നങ്ങൾക്കാണ്. പെട്രോൾ ഉൽപ്പന്നങ്ങളുടെ വില.....

ശ്രീ. കെ. ഇ. ഇസ്മയിൽ: വില വർദ്ധനവിന് കാരണമാകുന്നത് കേന്ദ്രഗവൺമെന്റിന്റെ കുറ്റംകൊണ്ടാണ് എന്ന് പ്രതിപക്ഷങ്ങൾ പറയുന്നത് വലിയ ആരോപണമായി പറഞ്ഞു. ഇപ്പോൾ കേന്ദ്രഗവൺമെന്റ് അവതരിപ്പിച്ച പുതിയ ബഡ്ജറ്റിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതും കടത്തുകൂലി വർദ്ധിപ്പിച്ചതും എല്ലാം കേരള സംസ്ഥാനം പോലുള്ള പ്രദേശങ്ങളിൽ അത്യാവശ്യസാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കടത്തേണ്ടിവരുന്ന ഒരു സാഹചര്യത്തിൽ അന്യായമായി വില വർദ്ധിക്കാനിടയായി എന്നുള്ളതും ഈ വിലവർദ്ധനവിന് കാരണമാണല്ലോ. കേന്ദ്രഗവൺമെന്റല്ലേ ഇതിന്റെ മുഖ്യ ഉത്തരവാദി?

ശ്രീ. എം. എം. ഹസ്സൻ: അല്ല, അതാണ് ഞാൻ പറഞ്ഞത് പെട്രോളിന് വില വർദ്ധിക്കാൻ പ്രത്യേകമായ ചില കാരണങ്ങളുണ്ടായിരുന്നു. ഫോറിൻ എക്സ്ചേഞ്ച് റേറ്റിൽ ഉണ്ടായ മാറ്റങ്ങൾ ഇതിന് കാരണമായിട്ടുണ്ട്. ഇതൊക്കെ ഇതിനുമുമ്പും നമ്മൾ ചർച്ചചെയ്തിട്ടുള്ളതാണ്. ഇൻഡ്യയിൽ മൊത്തത്തിൽ വിലക്കയറ്റം വലിയ ഒരു പ്രതിഭാസമായിട്ടില്ല എന്നു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമുക്ക് കണക്കുകൾ വച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും തർക്കിക്കാം. ഇന്ന് കേരളത്തിൽ വിലക്കയറ്റം രൂക്ഷമായി അനുഭവപ്പെടുന്നതിനുള്ള കാരണങ്ങളിൽ ഒന്ന് പെട്രോൾ ഉൽപ്പന്നങ്ങളുടെ വില വർദ്ധനവാണ്. (അതിന് കേന്ദ്രഗവൺമെന്റിനെ പ്രേരിപ്പിച്ചതിന് വ്യക്തമായ കാരണങ്ങളുണ്ടാകാം) അതിന്റെ ഫലമായി മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഏറ്റവും കൂടുതൽ ദൂരത്തിൽ സ്ഥിതിചെയ്യുന്ന ഒരു സംസ്ഥാനമെന്നുള്ള നിലയിൽ അതിന്റെ ബുദ്ധിമുട്ട് നമുക്ക് അനുഭവിക്കേണ്ടിവന്നു എന്നുള്ളതാണ് ഞാൻ പറയുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: കഴിഞ്ഞ ആറുമാസക്കാലത്തിനിടയിൽ 20 ശതമാനം വിലക്കയറ്റം ഉണ്ടായിട്ടുണ്ട് എന്ന് പാർലമെന്റിൽത്തന്നെ സമ്മതിച്ച വസ്തുത ബഹുമാനപ്പെട്ട മെമ്പർ വിസ്മരിച്ചുകൊണ്ടല്ലേ സംസാരിക്കുന്നത്?

ശ്രീ. എം. എം. ഹസ്സൻ: ഞാൻ അതല്ല പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലായില്ല. ഇൻഡ്യയിൽ വിലക്കയറ്റം ഉണ്ടായിട്ടില്ല എന്നുള്ളതിനെക്കുറിച്ചല്ല, വിലക്കയറ്റത്തെ അംഗീകരിച്ചുകൊണ്ട് ഞാൻ പറഞ്ഞല്ലോ, അപ്പുറത്താണെങ്കിലും ഇപ്പുറത്താണെങ്കിലും ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ യാഥാർത്ഥ്യ ബോധത്തോടുകൂടി സംസാരിക്കാൻ നമുക്ക് ബാദ്ധ്യതയില്ലേ? വിലക്കയറ്റം എന്നുപറയുന്ന ഈ പ്രതിഭാസം, അത് രാഷ്ട്രീയ മൽസരങ്ങളിലൂടെ തടഞ്ഞുനിർത്താമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ശശീന്ദ്രൻ വ്യാമോഹിക്കുന്നുണ്ടെങ്കിൽ അത് നടക്കാൻ പോകുന്നില്ല: നമ്മും ഭരണകക്ഷിയും പ്രതിപക്ഷവും എന്നുള്ള ഒരു മൽസരത്തിന്റെ അടിസ്ഥാനത്തിൽ പിടിച്ചുനിർത്താൻ കഴിയുന്ന ഒരു പ്രതിഭാസമല്ല, വിലക്കയറ്റം. അതിന്.....

ശ്രീ. എ. കെ. ശശീന്ദ്രൻ: രാഷ്ട്രീയ മൽസരങ്ങളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സാധിക്കുകയില്ല. അതിന് കർശനമായ സാമ്പത്തിക നയവും സാമ്പത്തിക നടപടികളുമാണ് വേണ്ടത്. അത് ഇല്ലാത്തതുകൊണ്ടാണ്.....

ശ്രീ. എം. എം. ഹസ്സൻ: രണ്ടുമൂന്നു കൊല്ലമായിട്ടല്ലേ ശ്രീ. ശശീന്ദ്രൻ ഈ സാമ്പത്തിക നയങ്ങളിൽനിന്നു മാറി ഒരു സമാന്തര സാമ്പത്തിക നയത്തെക്കുറിച്ച് ഇപ്പോഴും ചിന്തിക്കുകയും ആവേശംകൊള്ളുകയും ചെയ്യുന്നത്? നമ്മളൊക്കെ വളരെക്കാലം ഈ സാമ്പത്തിക നയവുമായി നടന്നിട്ടുള്ള ആളുകളാണല്ലോ. അതുകൊണ്ട് സാമ്പത്തിക നയം നടപ്പിലാക്കുന്നതിനെ കുറിച്ച് വേറെ ചർച്ച ചെയ്യാം. കേരളത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ വരുന്ന ഒരു പശ്ചാത്തലത്തിൽ ഈ നിയമം നടപ്പിലാക്കണം. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട്—കേന്ദ്ര നിയമം—അതിന്റെ പരിധിയിൽപെടാത്ത ഏതു സാധനവും സംസ്ഥാന ഗവൺമെന്റിന് തോന്നുന്ന ഏത് എസ്സൻഷ്യൽ ആർട്ടിക്കിളും ഈ നിയമത്തിന്റെ പരിധിയിൽപ്പെടുത്തി അതിന്റെ ഉൽപാദനം, വിതരണം, വിലഇതെല്ലാം നിയന്ത്രിക്കാനുള്ള സമഗ്രമായിട്ടുള്ള അവകാശങ്ങളും നൽകുന്ന ഒരു നിയമമാണ്. അതാണ് ഞാൻ ആദ്യം പറഞ്ഞത്: ഏട്ടിലെ പശു പുല്ല് തിന്നുകയില്ല എന്ന്. ഇത് നടപ്പിലാക്കണം. അതിനുള്ള സംവിധാനം എല്ലാ വകുപ്പിലും വേണം. അവശ്യ സാധനങ്ങളും കൈകാര്യം ചെയ്യുന്ന ഏതു വകുപ്പിനും ഈ നിയമം ബാധകമാണ്. അവർക്ക് ഇത് കൈകാര്യം ചെയ്യാം. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു സാഹചര്യം ഈ പ്രത്യേക പശ്ചാത്തലത്തിൽ കേരളത്തിൽ ഉണ്ട്. ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു: 20-6-1981-ൽ Some species of wood ഉൾപ്പെടുത്തി എന്ന്. അതിനുശേഷം 1984-ലാണ് ഇലക്ട്രിസിറ്റി എസ്സൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിച്ചത്. എന്നിട്ട് ഈ പരിധിയിൽ എന്ത് പ്രയോജനം ഉണ്ടായി? അതിന്റെ ഫലമായി സർച്ചാർജ് ഏർപ്പെടുത്താൻ സാധിക്കുമായിരിക്കും. പക്ഷേ എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ബില്ലിന്റെ പരിധിയിൽ വിദ്യുച്ഛക്തി കൊണ്ടുവന്നതുകൊണ്ട് ഈ രാജ്യത്തെ ഉപഭോക്താവിന് എന്താണ് ഗുണമുണ്ടായത്? അവരുടെ കഷ്ടപ്പാടിനും ബുദ്ധിമുട്ടിനും പരിഹാരമുണ്ടാക്കാൻ ആർക്കും സാധിച്ചിട്ടില്ല. വർണ്ണനാതീതമായ ബുദ്ധിമുട്ടുകളാണ് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നഗരത്തിലായാലും നാട്ടിൻപുറത്തായാലും ഇത് കൊണ്ടുവന്നതിന്റെ ഫലമായി സർച്ചാർജ് ഏർപ്പെടുത്തിയാൽ മാത്രം പോര, ഇത് എസ്സൻഷ്യൽ ആർട്ടിക്കിൾ ആയി പ്രഖ്യാപിക്കുന്നതോടുകൂടി ഇന്ന് ഇലക്ട്രിസിറ്റി എത്ര അത്യാവശ്യഘടകമാണെങ്കിലും ഇലക്ട്രിസിറ്റി എന്നുപറയുന്നത് വളരെ അത്യാവശ്യ ഘട്ടങ്ങളിൽ നമുക്ക് നഷ്ടപ്പെട്ടുപോകുന്നു. വേദനാജനകമായ ഒരു കാര്യം ഈ സഭയുടെ മുമ്പിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നെയ്യാറിൻകരയിൽനിന്നും ഇവിടെ അംഗമായിരുന്ന ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായരെ ഈ അടുത്തകാലത്ത് മെഡിക്കൽകോളജിൽ പ്രവേശിപ്പിച്ചു, സീരിയസ്സായിട്ടുള്ള ഒരു ഓപ്പറേഷനുവേണ്ടിയാണ് അദ്ദേഹത്തെ പ്രവേശിപ്പിച്ചത്. ഓപ്പറേഷൻ തിയേറ്ററിൽ പ്രവേശിപ്പിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

ഓപ്പറേഷൻ തുടങ്ങിക്കഴിഞ്ഞപ്പോൾ മെഡിക്കൽകോളേജിലെ കറൻറ് ഫെയിലുവറായി. കറൻറ് ഇല്ലാതായാൽ കീറിമുറിച്ചിട്ടിരിക്കുന്ന ഒരു മനുഷ്യന്റെ അവസ്ഥ എന്തായിത്തീരും? കറൻറിനുപകരം സംവിധാനമായി പ്രവർത്തിക്കാൻ അവിടെ ജനറേറർ വച്ചിട്ടുണ്ട്. അത് വർക്കു ചെയ്യുന്നില്ല. ഇലക്ട്രിസിറ്റി നഷ്ടപ്പെട്ടതിന്റെ ഫലമായി എത്രയെത്ര മനുഷ്യജീവിതങ്ങൾ.....

ഞാൻ പറയുന്നത് വ്യാവസായികാവശ്യത്തിനോ സ്വന്തം വീട്ടാവശ്യത്തിനോ കാർഷികാവശ്യത്തിനോ മാത്രം ഇലക്ട്രിസിറ്റി കിട്ടുന്നില്ലാ എന്നുള്ള പരാതിക്കുപരിയായി മെഡിക്കൽ കോളേജുകളിലും ഹോസ്പിറ്റലുകളിലും ഓപ്പറേഷൻ തിയേറ്ററുകളിലും ഇലക്ട്രിസിറ്റി ഫെയിലുവർ ഉണ്ടായാൽ ഈ ഇലക്ട്രിസിറ്റിയെ എസ്സൻഷ്യൽ കൺടോം ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നിട്ട് എന്താണ് പ്രയോജനം? തികഞ്ഞ മനുഷ്യദ്രോഹപരമായ പ്രവർത്തനമല്ലേ ഇത്? ഞാൻ പറയുന്നത് ഗവൺമെൻറ് ഏതായാലും, ഭരിക്കുന്നവർ ആരായാലും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ഈ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കിയില്ലെങ്കിൽ ആ ഗവൺമെൻറിന് അഭിമാനത്തോടുകൂടി ജനങ്ങളുടെ മുമ്പിൽ ഉയർന്നുനിൽക്കാൻ സാധിക്കുകയില്ല. മന്ത്രി ഏതൊക്കെ ആർട്ടിക്കിൾസ് ആണ് എസ്സൻഷ്യൽ ആർട്ടിക്കിൾസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതെന്ന് നേരത്തെ ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞില്ല. വുഡ് ആർട്ടിക്കിൾസും ഇലക്ട്രിസിറ്റിയുമാണ് എന്ന് മന്ത്രി പറഞ്ഞപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഇലക്ട്രിസിറ്റിയെ എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോളിന്റെ പരിധിയിലല്ല, ഒരു അപൂർവ്വ വസ്തു നിയമം ഉണ്ടാക്കി അതിന്റെ പരിധിയിൽ പെടുത്തണം, കാരണം ഇത് വളരെ അപൂർവ്വമായി മാത്രം നമുക്ക് കിട്ടുന്നതാണ്. വളരെ അപൂർവ്വവും അദൃശ്യവുമായ ഒരു വസ്തുവായി ഇലക്ട്രിസിറ്റിയെ പ്രഖ്യാപിക്കാൻ ഗവൺമെൻറ് നടപടിയെടുക്കണം. അല്ലെങ്കിൽ ഈ ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നതുകൊണ്ട് എന്താണ് പ്രയോജനം? ഞാൻ മെഡിക്കൽ കോളജിലെ ഒറപ്പെട്ട ഒരു സംഭവം ചൂണ്ടിക്കാണിച്ചത് ഈ പ്രശ്നത്തിന്റെ ഗൗരവം സൂചിപ്പിക്കാനാണ്. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ, എത്രയെത്ര കാര്യങ്ങൾ ഈ ഇലക്ട്രിസിറ്റിയുടെ അഭാവംകൊണ്ട് സാധാരണക്കാരന്റെ ജീവൻതന്നെ നഷ്ടപ്പെടുന്ന സംഭവങ്ങൾതന്നെ പറയാൻ കഴിയും. അതുകൊണ്ട് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക എന്നുള്ളതല്ല നിയമം കർശനമായി, ഫലപ്രദമായി നടപ്പിലാക്കുക എന്നുള്ളതായിരിക്കണം ലക്ഷ്യം.

ഒരുകാര്യംകൂടി പറയാം. നമ്മുടെ സംസ്ഥാനത്തെ കയർ വ്യവസായം —വ്യവസായമന്ത്രിക്ക് നേരിട്ട് അറിയാവുന്ന ഒരു കാര്യമാണ് ഇത്. കയർ വ്യവസായത്തെക്കുറിച്ച് വളരെയധികം നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്, ആ ചർച്ച പല പ്രാവശ്യം ഈ അന്തരീക്ഷത്തിൽ വളരെയധികം ശബ്ദമുഖരിതമായിട്ടുമുണ്ട് അതിലെ പ്രധാനപ്പെട്ട പ്രശ്നം അസംസ്കൃത പദാർത്ഥമായ തൊണ്ടിന്റെ ലഭ്യതയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പത്തിരുപതിനായിരം കയർ തൊഴിലാളികളും, അല്ലെങ്കിൽ കയർ വ്യവസായവുമായി ബന്ധപ്പെട്ട ആളുകളും ഉണ്ട്. അവരുടെ ഉപജീവന മാർഗ്ഗമായി മാറിയിട്ടുള്ള ഒരു വ്യവസായമാണ് ഇത്. നമ്മുടെ കേരളത്തിലെ പരമ്പരാഗത വ്യവസായത്തിന് അനേകം പ്രതിസന്ധികളുണ്ട്. രാഷ്ട്രീയ വാദപ്രതിവാദങ്ങളെല്ലാം മാറ്റിവച്ചുകൊണ്ട് ആ പ്രശ്നത്തെ സമീപിക്കുകയാണെങ്കിൽ അസംസ്കൃത പദാർത്ഥമായ തൊണ്ടിന്റെ ലഭ്യത വർദ്ധിപ്പിച്ചേ മതിയാകൂ. അതിന് ഇന്നിപ്പോൾ കേന്ദ്ര ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെന്റിന്റെ നിയമത്തിൽ എസ്സ്സൻഷ്യൽ ആക്ടിന്റെ പരിധിയിൽ ആണ് തൊണ്ട് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ഫലമായി തൊണ്ട് സംഭരണത്തിന് വളരെയധികം ബുദ്ധിമുട്ടുണ്ട്. ശ്രീ. നായനാർ ഇവിടെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ അന്ന് ആ ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ടു. എസ്സ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ പരിധിയിൽനിന്നുമാറ്റി എസ്സ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ കാരണം സംസ്ഥാന ഗവൺമെന്റിന് നിയമം ഉണ്ടാക്കാനും സംസ്ഥാന ഗവൺമെന്റിന് റൂൾസ് ഉണ്ടാക്കാനും ശക്തമായ നടപടികളും എടുക്കാനും അതിന്റെ ഫലമായി സാധിക്കും എന്നതാണ്. പക്ഷേ അതിന് അനുവാദം കിട്ടിയില്ല. അതിന് അനുവാദം വാങ്ങണം. എസ്സ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ പരിധിയിൽ തൊണ്ട് കൊണ്ടുവരണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. എങ്കിൽ മാത്രമേ നമ്മുടെ സഹകരണ സംഘങ്ങൾക്ക് ഇന്ന് കയർ വ്യവസായത്തിലെ പുനരുദ്ധാരണം എന്നുള്ളത് നടപ്പിലാക്കി അവരെ കോ-ഓപ്പറേറ്റീവൈസ് ചെയ്യാൻ കഴിയുകയുള്ളു.

സർ, ഈ സംസ്ഥാനത്ത് വളരെ തുച്ഛമായ, നാലഞ്ചു രൂപ
12 NOON] മാത്രം കൂലി കിട്ടുന്ന, ഏറ്റവും കൂടുതൽ അവശതയനുഭവിക്കുന്ന, ഏറ്റവും കൂടുതൽ കണ്ണീരൊഴുക്കുന്ന തൊഴിലാളി വിഭാഗമുണ്ടെങ്കിൽ അത് കയർത്തൊഴിലാളികളാണെന്നുപറയാൻ ആരും മടിക്കുകയില്ല. അത്രയേറെ അവശതയനുഭവിക്കുന്ന കയർത്തൊഴിലാളികളെ രക്ഷിക്കാൻ കയറിന്റെ അസംസ്കൃത സാധനമായ തൊണ്ട് ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് അടിയന്തിരമായി ഈ ഗവൺമെന്റ് ശ്രമിക്കണമെന്ന് ആവശ്യപ്പെടാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനെക്കുറിച്ച് എത്ര സമയം വേണമെങ്കിലും സംസാരിക്കാം. വിലവിവരപ്പട്ടികകൾ എല്ലാ കടകളിലും പ്രദർശിപ്പിക്കണമെന്ന് പറഞ്ഞു. ഇവിടെ എന്താണ് ചെയ്യുന്നത്? വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ന്യായമായ വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുമുള്ള സംവിധാനം ഇവിടെ ദുർബലമായിട്ട് വർഷങ്ങളേറെയായി. ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രമല്ല വളരെക്കാലമായിട്ടുള്ളതാണ്. ഏത് ഗവൺമെന്റിന്റെ കാലത്തായാലും വില നിയന്ത്രിക്കുവാനുള്ള പ്രവർത്തനങ്ങൾ വളരെ ചുരുക്കമാണ്. ഈ രാജ്യത്ത് ഉപഭോക്താക്കളുടെ ഒരു മൂവ്മെന്റ് വളർന്നുവരുന്നതുവരെ, അത് വളർന്ന് വില പിടിച്ചുനിർത്തുന്നതുവരെയുള്ള സ്ഥിതിയിൽ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. അത് വളർന്നുവരാൻ അധിക താമസമില്ല. ഇപ്പോൾ തന്നെ നഗരങ്ങളിൽ കൺസ്യൂമേഴ്സ് മൂവ്മെന്റ് ഉണ്ടായിട്ടുണ്ട്. ആ മൂവ്മെന്റ് വന്നാൽ അവർ നിയമം കയ്യിലെടുക്കാൻ ഉള്ള വ്യവസ്ഥ ഗവൺമെന്റിന് അനുവദിച്ചുകൊടുക്കുവാൻ സാധിക്കുകയില്ല. ഗവൺമെന്റിന് സാധിക്കുന്നത് ഇതുപോലെയുള്ള നിയമത്തിന്റെ ചുവട് പിടിച്ചുകൊണ്ട് വിലവിവരപ്പട്ടിക കർശനമായി പ്രദർശിപ്പിക്കാൻ ആവശ്യപ്പെടാം. അതിന്റെ അടിസ്ഥാനത്തിൽ വിൽക്കുന്നില്ലെന്ന് പരാതിയുണ്ടായാൽ ആ കച്ചവടക്കാർ ആരായാലും അവരെ കർശനമായി നിയന്ത്രിക്കുവാനുള്ള നടപടികളും ഇതിലുണ്ട്. പീനൽ പ്രൊവിഷൻസ് വ്യക്തമായിട്ട് ഇതിൽ എഴുതിവച്ചിട്ടുണ്ട്. ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന സാധനങ്ങളെ-അതിന്റെ സ്റ്റോക്ക്, ലൈസൻസ്-നിയന്ത്രിക്കുന്നതിനുള്ള സമഗ്രമായ വ്യവസ്ഥകളും ഇതിലുണ്ട്. ഇത് ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുവാൻ ഒരു സംവിധാനം ഉണ്ടാകണം. ഈ നിയമം അംഗീകരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചതുകൊണ്ട് എന്താണ് കാര്യം? ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാരും ഭരണകക്ഷിയിലെ മെമ്പർമാരും ഒരുമിച്ച് പറയേണ്ടകാര്യങ്ങളാണ്. ഇതിനുള്ള സംവിധാനം ഉണ്ടാകണം. ആ സംവിധാനം കുറ്റമറ്റ സംവിധാനമായിക്കൊള്ളണമെന്നില്ല. ലാപ്സ് ഉണ്ടായാൽ ഈ നിയമസഭയ്ക്കകത്തും മറ്റ് പല വേദികളിലും നിന്നുകൊണ്ട് നമുക്ക് അത് ചൂണ്ടിക്കാണിക്കുവാൻ കഴിയും. അതിന് പരിഹാരമുണ്ടാക്കി, ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളിലും ഈ നിയമം ബാധകമാക്കാം. അവശ്യസാധനങ്ങൾ കൈകാര്യം ചെയ്യുന്ന ഏത് ആർട്ടിക്കിളാണോ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരേണ്ടത് അത് ഗവൺമെന്റ് തീരുമാനിക്കുകയും ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അത് നടപ്പിലാക്കുകയും വേണം.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും മന്ത്രിയുടെ ആളുകളും ഉൽപ്പാദന രംഗത്തും വിപണനരംഗത്തും നിയന്ത്രണം ആഗ്രഹിക്കുന്നില്ലെന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, അതിന് മറുപടി പറയേണ്ടത് മുസ്ലീംലീഗിന്റെ കക്ഷിനേതാവായ ശ്രീ. നഹാ സാഹിബാണ്. എനിക്ക് മറുപടി പറയാൻ നിവൃത്തിയില്ല. നമ്പാടൻമാസ്റ്റർ ഉൽപ്പാദനരംഗത്ത് നിയന്ത്രണം പാലിക്കുന്നയാളാണെന്നാണ് അവസാനം കിട്ടിയ വിവരം.

ഈ നിയമത്തെക്കുറിച്ചുള്ള ചർച്ചയിൽ പ്രധാനമായി പറഞ്ഞത് ഒരു കാര്യം മാത്രമേയുള്ളു. ഇത് നടപ്പിലാക്കുന്നതിനുള്ള സംവിധാനം വേണം. ആ സംവിധാനം വളരെ ശക്തമായിട്ടുള്ളതായിരിക്കണം. ഗവൺമെന്റിനെ ഈ ബില്ലിന്റെ പേരിൽ കുറ്റപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ സാധിക്കുകയില്ല. പത്തുപതിനേഴ് കൊല്ലമായി നിലനിൽക്കുന്ന ഒരു നിയമമാണ്. ഓർഡിനൻസ് റീപ്ലേസ് ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടി വരുന്ന ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ മനസ്സിലാക്കാം. അത് നടപ്പിലാക്കാനുള്ള ഗവൺമെന്റിന്റെ കർമ്മശേഷിയിൽ സംശയം പ്രകടിപ്പിക്കുകയും അതിൽ കൂടുതൽ കർമ്മശേഷി ഉണ്ടാകണമെന്ന് പറയുകയും ചെയ്തുകൊണ്ട് ഈ ബില്ലിനെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: സർ, 1955-ലെ അവശ്യസാധന നിയന്ത്രണ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ആത്മാർത്ഥമായി ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ നിയമത്തെക്കുറിച്ച് സംസാരിക്കുമ്പോൾ 1955-ലെ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിനെക്കുറിച്ച് പരാമർശിക്കാതെ പോകുന്നത് ശരിയല്ല. 1955-ൽ കേന്ദ്രഗവൺമെന്റ് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പാസ്സാക്കുകയുണ്ടായി. ആ നിയമം പാസ്സാക്കുന്നതിന് പ്രധാനമായും കേന്ദ്രഗവൺമെന്റിന്റെ ചില കാര്യങ്ങളുണ്ട്. നമ്മുടെ രാജ്യത്തിന്റെ വ്യാവസായികമായ വളർച്ച മുന്നിൽ കണ്ടുകൊണ്ട് ഇന്ത്യാ രാജ്യത്തിന്റെ വ്യാവസായികമായ വളർച്ചയ്ക്കാവശ്യമായ അത്യാവശ്യസാധനങ്ങളുടെ ഉൽപ്പാദനം, വിതരണം, വില ഇതൊക്കെ നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. അത് കണക്കിലെടുത്തുകൊണ്ടാണ് 1955-ൽ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പാസ്സാക്കിയത്. അതോടൊപ്പംതന്നെ നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് അത്യാവശ്യം വേണ്ട സാധനങ്ങൾ, കേഷണസാധനങ്ങൾ മുതലായവ ന്യായമായ വിലയ്ക്ക് ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത് രാജ്യത്തിന്റെ താത്പര്യം കണക്കിലെടുത്തുകൊണ്ട് നിയന്ത്രിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 1955-ൽ

LIBRARY ARCHIVES Kerala Legislative Assembly

എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പാസ്സാക്കിയത്. ഈ ആക്ടിന്റെ പരിധിയിൽ വരാത്തതും അതേസമയം സംസ്ഥാനഗവൺമെന്റുകൾക്ക് താൽപ്പര്യമുള്ളതുമായ ഏതെങ്കിലും സാധനങ്ങളുടെ ഉൽപ്പാദനം, വിതരണം, വില മുതലായവയിൽ നിയന്ത്രണം ഏർപ്പെടുത്താനാണെന്ന് തോന്നിയാൽ അതിന് അധികാരം കൊടുക്കുന്ന നിലയിലാണ് ഈ അവശ്യ സാധന നിയന്ത്രണ ബിൽ എല്ലാ സംസ്ഥാനങ്ങളിലും പാസ്സാക്കിയിട്ടുള്ളത്. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് ആയിരുന്നാലും എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ നിയമം ആയിരുന്നാലും ഈ നിയമങ്ങളുടെയെല്ലാം ഉദ്ദേശമാണ് ഞാൻ സൂചിപ്പിക്കുന്നത്. പ്രധാനമായും നമ്മുടെ രാജ്യത്തിന്റെ ഭാവിയെ കണ്ടുകൊണ്ട്, ഈ രാജ്യത്തിന്റെ വ്യാവസായികമായ വളർച്ചക്ക് അടിത്തറയിടാൻ കഴിയത്തക്ക നിലയിൽ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ഉൽപ്പാദനം, വിതരണം, വില ഇവയൊക്കെ നിയന്ത്രിക്കേണ്ടതാണ് ആവശ്യമാണ്. അതുപോലെതന്നെ ജനങ്ങൾക്കാവശ്യമുള്ള അത്യാവശ്യസാധനങ്ങളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കാൻ കഴിയത്തക്കനിലയിൽ അതിന്റെ ഉൽപ്പാദനം, വിതരണം, വില ഇവയൊക്കെ നിയന്ത്രിക്കേണ്ടത് ഒരു രാജ്യത്തിന് ആവശ്യമാണെന്ന് കണ്ടുകൊണ്ടാണ് ഈ നിയമങ്ങളൊക്കെ പാസ്സാക്കാൻ തീരുമാനിച്ചത്. ഇത്രയും നല്ല ഉദ്ദേശത്തോടുകൂടിയുള്ള നിയമങ്ങളാണ് നമ്മുടെ മുൻപിലുള്ളത്. എന്നാൽ ഈ നിയമങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ അപാകതകളും ഉണ്ടായിട്ടുണ്ട്. നമ്മൾ ഏന്ത് ലക്ഷ്യത്തിനു വേണ്ടിയാണോ ഈ നിയമം കൊണ്ടുവന്നത് ആ ലക്ഷ്യങ്ങൾപോലും തകർക്കപ്പെട്ട നിലയിലാണ് ഇതിന്റെ സ്ഥിതി. കേരളം എടുത്തുനോക്കിയാൽ കയർ ബോർഡിന്റെ കണക്കനുസരിച്ച് 4.3 ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായമാണ് കയർ വ്യവസായമെന്ന് കാണാം. ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കനുസരിച്ചാണെങ്കിൽ അത് 3.5 ലക്ഷം തൊഴിലാളികളാണ്. ഇത്രയേറെ തൊഴിലാളികൾ പ്രതിനിധാനം ചെയ്യുന്ന ഒരു വ്യവസായം കേരളത്തിലില്ല. ആ നിലയിൽ നോക്കുമ്പോൾ നാലുലക്ഷം തൊഴിലാളികളുടെ ജീവിതമാർഗ്ഗമായിട്ടുള്ള കേരളത്തിലെ ഏറ്റവും വലിയ വ്യവസായമാണ് കയർവ്യവസായം. ഇന്ന് ആ കയർ വ്യവസായം രക്ഷപ്പെടാൻ കഴിയാത്ത നിലയിൽ, അതിഗുരുതരമായ പ്രതിസന്ധിയിലാണ് നിൽക്കുന്നത്. അത് അങ്ങേയ്ക്ക് അറിയാം. ഇന്ത്യയിലെ ആദ്യത്തെ കയർത്തൊഴിലാളി സംഘടനയാണ് തിരുവിതാംകൂർ കയർത്തൊഴിലാളി സംഘടന. ഇന്ത്യയിലെ തൊഴിലാളി രംഗത്ത് ഇന്ന് കാണുന്ന എല്ലാ മാറ്റങ്ങൾക്കും നേതൃത്വം കൊടുത്ത ആളുകളാണ് കയർത്തൊഴിലാളികൾ. ഇന്ത്യയിൽ ആദ്യമായി ട്രേഡ്യൂണിയന്റെ അടിസ്ഥാനത്തിൽ സംഘടനയുണ്ടായത് ആലപ്പുഴയിലുണ്ടായ തിരുവിതാംകൂർ കയർത്തൊഴിലാളി സംഘടനയാണ്. 1944-ൽ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് മാറിവയ്ക്കപ്പെട്ട വേതനം എന്നുള്ള നിലയിൽ ബോണസ് വാങ്ങിയെടുക്കാൻ കഴിഞ്ഞ തൊഴിലാളികളാണ് കയർത്തൊഴിലാളികൾ.

സർ, നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യസമരത്തിനു മുമ്പായി ഫാക്ടറികളെല്ലാം അടച്ചുപൂട്ടിച്ച് രക്തസാക്ഷികളായ ആയിരക്കണക്കിന് യുവാക്കളും തൊഴിലാളികളും ഉണ്ട്. അവർ കയർത്തൊഴിലാളികൾ ആണ്. ഈ വ്യവസായത്തിൽ ഒരുതൊഴിലാളിക്ക് കൊടുത്തിരുന്ന കൂലി ഒരു രൂപയ്ക്ക് താഴെ മാത്രമായിരുന്നു. കയർത്തൊഴിലാളികളുടെ ആ കാലഘട്ടത്തിലെ ചരിത്രം എടുത്തുനോക്കിയാൽ പട്ടിണിക്കൂലിക്കുവേണ്ടി തൊഴിലാളികൾ സമരം ചെയ്തിരുന്നു എന്നുകാണാം. കേരളത്തെ സംബന്ധിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ടത്തോളം കയർ വ്യവസായത്തെ മാറ്റിനിർത്തിക്കൊണ്ട് വ്യവസായത്തെക്കുറിച്ച് ആലോചിക്കാനാവില്ല. അങ്ങനെയുള്ള സംഘടിതമായ ഈ വലിയ വ്യവസായത്തെ രക്ഷിക്കുവാൻവേണ്ടി യശഃശരീരനായ ശ്രീ. ടി. വി. തോമസ് കയർവ്യവസായ പുനഃസംഘടനാ പദ്ധതി കൊണ്ടുവന്നു. ആ പദ്ധതിയുടെ ഭാഗമായിട്ടാണ് കേരളത്തിലെ കയർത്തൊഴിലാളികളെ മുഴുവൻ സഹകരണമേഖലയിൽ കൊണ്ടുവന്ന് ആ തൊഴിലാളികൾക്ക് ന്യായമായ കൂലിയും മറ്റ് അവകാശങ്ങളും ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചത്. അതിന്റെ ഭാഗമായിട്ടാണ് 1973-ൽ തൊണ്ടു നിയന്ത്രണ നിയമം കൊണ്ടുവന്നത്. അതു കൊണ്ടുവരാൻ കാരണം കയർ വ്യവസായത്തിന് ഏറ്റവും പ്രധാനപ്പെട്ട അസംസ്കൃത വസ്തു തൊണ്ടാണ്. 4 ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികൾക്ക് ന്യായമായ കൂലിയും മറ്റ് അവകാശങ്ങളും കൊടുത്ത് സഹകരണമേഖലയിൽ കൊണ്ടുവരാൻ തീരുമാനിച്ചപ്പോൾ സ്വകാര്യമുതലാളിമാർ കൂടുതൽ വിലയ്ക്കു തൊണ്ടെടുത്തു കുറഞ്ഞ കൂലി കൊടുത്തുകൊണ്ട് സംസ്ഥാനഗവൺമെന്റിന്റെ ആ ഉദ്യമം തകർക്കാൻ മുന്നോട്ടുവന്നു. ഈ അവസരത്തിലാണ് 1973-ൽ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിൽ പെടുത്തിക്കൊണ്ട് തൊണ്ട് നിയന്ത്രണം കൊണ്ടുവന്നത്. തൊണ്ടിന്റെ വില നിയന്ത്രിക്കുവാനും തൊണ്ട് സഹകരണമേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാക്കുവാനും വേണ്ടിയാണ് എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ പെടുത്തിയത്. എന്നാൽ ആ നിയമം അനുസരിച്ച് തൊണ്ട് സംഭരിക്കുന്നതിന് യാതൊരവകാശവും സംസ്ഥാന ഗവൺമെന്റിനില്ലാത്തതിന്റെ ഫലമായി തൊണ്ട് സംഭരിക്കാൻ കേരളത്തിന് കഴിഞ്ഞില്ല. 1977-ലും 1980-ലും ഇവിടം ഭരിച്ചിരുന്ന സംസ്ഥാന ഗവൺമെന്റുകൾ തൊണ്ടു സംഭരിക്കുന്നതിനാവശ്യമായ അധികാരം ഡെലിഗേറ്റ് ചെയ്തു തരണമെന്നാവശ്യപ്പെട്ടുകൊണ്ട് അന്നത്തെ കേന്ദ്ര ഗവൺമെന്റിന് എഴുതി. അന്നു കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ജോയിന്റ് സെക്രട്ടറിയായിരുന്ന ശിവരാമനെ കമ്മീഷനായി നിയമിച്ചു. പൂർണ്ണമായും ലെവി സമ്പ്രദായം ഏർപ്പെടുത്തി തൊണ്ട് സംഭരണം വിജയപ്രദമാക്കാനുള്ള ഒരു നിർദ്ദേശം ആ കമ്മീഷൻ സമർപ്പിച്ചു. ആ അവസരത്തിലാണ് ഇടതുപക്ഷഗവൺമെന്റ് താഴെ പ്പോയത്. ആ ഗവൺമെന്റു പോയതിനുശേഷം ഇന്നും ആ രംഗത്ത് ഒരു മാറ്റം ഉണ്ടായിട്ടില്ല. 1984-85-ൽ സംഭരിക്കാൻ കഴിഞ്ഞത് 19 കോടി തൊണ്ട് മാത്രമാണ്. 1983-84-ൽ 12 കോടിയും. നിയമസഭയിലും മറ്റുമൊക്കെ കണക്ക് കൊടുക്കാൻ വേണ്ടി ഉദ്യോഗസ്ഥൻമാർ കുറെ കണക്കുകൾ എഴുതിക്കൊടുക്കുന്നു എന്നല്ലാതെ തൊണ്ട് സംഭരിക്കുന്നതിന് യാതൊരു നടപടിയും ഇന്നു കേരളത്തിലില്ല. ഏകദേശം 400-ൽ പരം കയർ സഹകരണ സംഘങ്ങൾ കേരളത്തിലുണ്ട്. സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും എട്ടും പത്തും കോടി രൂപ ചെലവുചെയ്ത് ഉയർത്തിക്കൊണ്ടുവന്ന കയർസഹകരണമേഖല ഇന്നു നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത നിലയിലാണ്. ഈ മേഖലയിൽ ഇന്നു തൊണ്ട് സംഭരിക്കാൻ കഴിയുന്നില്ല. കുറഞ്ഞത് ഒരാണ്ടിൽ 180 കോടി തൊണ്ടെങ്കിലും ആവശ്യമായിരിക്കേ 19 കോടിയാണ് സംഭരിക്കാൻ കഴിഞ്ഞത്. അതുതന്നെ കണക്കുകളിൽ മാത്രവും. യഥാർത്ഥത്തിൽ സംഭരിക്കാൻ കഴിഞ്ഞത് 10 കോടിയിൽ താഴെ മാത്രമാണ്. 10 കോടി തൊണ്ട് സംഭരിച്ചാൽ കേരളത്തിലെ 4 ലക്ഷം വരുന്ന തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുകയില്ല. അതിന്റെ ഫലമായി ചകിരിയുടെയും കയറിന്റെയും വില വാണംപോലെ കുതിച്ചുകയറിയിരിക്കുകയാണ്. കയർവ്യവസായം പ്രധാനമായും വിദേശവ്യാപാരത്തെ ആശ്രയിച്ചു നിൽക്കുന്ന ഒരു വ്യവസായമാണ്. 85,000 ടൺ കയറും കയറുൽപ്പന്നങ്ങളും വിദേശങ്ങളിലേക്ക് കയറ്റി അയച്ചിരുന്നത് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

27,000 ടണ്ണായി ചുരുങ്ങിയിരിക്കുന്നു. കേരളത്തിൽ ഇന്നു ചകിരിയും കയറും ഇല്ല. തൊണ്ട് കുറഞ്ഞതാണ് ഈ ദുർലഭ്യത്തിന്കാരണം. കയറിന്റെ വില അമിതമായി കൂടിയിരിക്കുന്നു. തൊണ്ടിന്റെയും കയറിന്റെയും വില കൂടിയതിന്റെ ഫലമായി കയർ ഫാക്ടറികളിൽ പണി കുറഞ്ഞിരിക്കുകയാണ്. എന്റെ മണ്ഡലം ഉൾക്കൊള്ളുന്ന ചേർത്തല അമ്പലപ്പുഴ താലൂക്കുകളിൽ നാലായിരം കയർ ഫാക്ടറികളും ഉണ്ട്. ആ ഫാക്ടറികളിൽ 25,000 തൊഴിലാളികളും പണിയെടുക്കുന്നുണ്ട്. ആ മേഖല പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. ഒറ്റ ഫാക്ടറിപോലും പ്രവർത്തിക്കുന്നില്ല. ചകിരിയുടേയും ചായത്തിന്റെയും മറ്റും വില കൂടിക്കൊണ്ടേയിരിക്കുന്നു. ആ കൂടിയ വിലയ്ക്കനുസരിച്ച് മാർക്കറ്റ് കണ്ടെത്താൻ കഴിയുന്നില്ല. തൊഴിലാളികൾക്ക് കൂലി കൊടുക്കാൻ കഴിയുന്നില്ല. ഈ വ്യവസായത്തെ രക്ഷിക്കാൻവേണ്ടി എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിനകത്ത് നിന്നുകൊണ്ടുതന്നെ പവേഴ്സ് ഡെലിഗേറ്റ് ചെയ്യുന്നതിനും ഇംപ്ലിമെന്റ് ചെയ്യുന്നതിനുമുള്ള അവകാശം സംസ്ഥാന ഗവൺമെന്റിന് വാങ്ങിക്കൊടുക്കാൻ കഴിയണം. അതു ചെയ്യാതെ ഒരു കൂട്ടം സ്വകാര്യമുതലാളിമാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാനഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതു കൊണ്ട് ഈ ബില്ലിന്റെ ഉദ്ദേശം എന്തുതന്നെ ആയാലും ഒരുപിടി മുതലാളിമാരുടെ താൽപര്യസംരക്ഷണത്തിനുവേണ്ടി ലക്ഷക്കണക്കിനു തൊഴിലാളികളുടെ താൽപ്പര്യം മറന്നുകൊണ്ടുള്ള നടപടി സ്വീകരിക്കരുത്.

ഒന്നര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം. 1973-ൽ എസൻഷ്യൽ ആർട്ടിക്കിൾസിൽ പെടുത്തിക്കൊണ്ട് ഈ വ്യവസായത്തിൽ കുത്തകസംഭരണം ഏർപ്പെടുത്തി. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കുത്തകസംഭരണം വേണ്ടെന്നുവച്ചു. എസൻഷ്യൽ ആർട്ടിക്കിൾസ് അനുസരിച്ച് കശുവണ്ടി സംഭരിക്കുന്നതിനുള്ള അവകാശങ്ങൾ മാറ്റിമറിച്ചുകൊണ്ട് മുതലാളിമാരുടെ താൽപ്പര്യം സംരക്ഷിക്കാൻ ശ്രമിച്ചു. നമ്മുടെ രാജ്യത്തെ വ്യാവസായിക വളർച്ചയെ മുന്നിൽ കണ്ടുകൊണ്ടാണ് ആ നിയമം നടപ്പിലാക്കിയത്. എല്ലാ വ്യവസായസ്ഥാപനങ്ങൾക്കും ആവശ്യമായ അസംസ്കൃതസാധനങ്ങൾ, അതിന്റെ ഉൽപ്പാദനം, വിതരണം, വില ഇതെല്ലാം നിയന്ത്രിച്ച് വ്യവസായത്തെ പുഷ്ടിപ്പെടുത്താൻവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. തടിവ്യവസായം തുടങ്ങി ഏതു വ്യവസായം എടുത്തുനോക്കിയാലും ഈ നിയമം ഫലപ്രദമായി നടപ്പിലാക്കാത്തതിന്റെ ഫലമായി ഈ നിയമം കൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടുന്നില്ലെന്നുകാണാം. അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ കഴിയണമെന്നാണ് ഈ നിയമംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഈ നിയമം ലംഘിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയാറില്ല. ഈ കാലയളവിൽ നിത്യോപയോഗസാധനങ്ങളുടെ വില 35 ശതമാനം മുതൽ 110 ശതമാനംവരെ വർദ്ധിച്ചിരിക്കുന്നു. ഇൻഡ്യയൊട്ടാകെ ഈ വിലവർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ പെടുത്തിയെങ്കിലും വില നിയന്ത്രിക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറായില്ല.

സർ, തിരുവനന്തപുരം പട്ടണം ഈ സംസ്ഥാനത്തിന്റെ ക്യാപ്പിറ്റലാണ്. ഈ സംസ്ഥാന തലസ്ഥാനത്ത് സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും ആളുകൾ വരുന്നുണ്ട്. ഫ്ളോട്ടിങ് പോപ്പുലേഷനുള്ള ഒരു പട്ടണമാണ്. ഇവിടെ വരുന്ന ആളുകൾ കണ്ണീരും കയ്യുമായി തിരിച്ചുപോവേണ്ട ഒരു സ്ഥിതിയാണ് ഇവിടെയുള്ളത്. സാധനങ്ങളുടെ വില

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഹോട്ടലുകളിൽ കയറിയാൽ കൊല്ലുന്ന വിലയാണ്. താമസിക്കാൻ ലോഡ്ജിൽ പോയിക്കഴിഞ്ഞാൽ 40-ഉം 50-ഉം രൂപയാണ് ചാർജ് ചെയ്യുക. ആ നിലയിൽ ആളുകളെ കഴുത്തറുക്കുന്ന ഒരു സംവിധാനം ഈ പട്ടണത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഇത് ഈ ഗവൺമെന്റിന് നിയന്ത്രിക്കാൻ കഴിയുമോ? സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പാവപ്പെട്ട ആളുകൾക്ക് അവരുടെ ഒരു പ്രശ്നവുമായി സെക്രട്ടറിയേറ്റിൽ വന്നുകഴിഞ്ഞാൽ താമസിക്കണ്ടേ? അവർക്ക് ആഹാരം കഴിക്കണ്ടേ? ഫ്ളോട്ടിങ് പോപ്പുലേഷൻ ആണെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് ഈ പട്ടണത്തിൽ വരുന്ന ആളുകളുടെ കഴുത്തറുത്തു കൊല്ലുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നെങ്കിലും അത് നിയന്ത്രിക്കാൻ കഴിയുമോ? ഇതിനെതിരായി ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഈ ബില്ലിന്റെ ഉദ്ദേശം നല്ലതാണെങ്കിൽപോലും അത് നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റു കാണിക്കുന്ന സമീപനത്തിന്റെ ഫലമായി ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ആകെത്തന്നെ തകർത്തുകൊണ്ട് നമ്മുടെ രാജ്യത്തിനുപോലുമെതിരായ കാര്യങ്ങളിലേക്കാണു പോകുന്നത്. അതു അവസാനിപ്പിച്ച് ഈ നിയമം ഫലപ്രദമായി, കർശനമായി നടപ്പിലാക്കുന്നതിനു കഴിയത്തക്കനിലയിലുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത്തരം ഒരു ബിൽ അവതരിപ്പിക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അവശ്യസാധനങ്ങളുടെ ഉല്പാദനവും വിതരണവും അവശ്യ സാധനങ്ങളുടെ വ്യാപാരവും വാണിജ്യവും നിയന്ത്രിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ഇത്തരമൊരു നിയമനിർമ്മാണം നടത്താൻ ഈ സഭയുടെ മുമ്പാകെ ഒരു ബില്ലുമായി മന്ത്രി വന്നിട്ടുള്ളത്. നമ്മുടെ നാട്ടിൽ അവശ്യസാധനങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലും ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തണമെന്ന അഭിപ്രായം എല്ലാവർക്കുമുണ്ടാകും. ഇത്തരമൊരു നിയമനിർമ്മാണം ഇല്ലാത്തതുകൊണ്ടുള്ള കുഴപ്പമല്ല നമ്മുടെ സംസ്ഥാനത്ത് ഇന്നുള്ളത്. ഇത് നിയമമാക്കിയാൽതന്നെ ഈ നിയമം ശരിയായ നിലയിൽ നടപ്പാക്കാൻ നമ്മുടെ ഗവൺമെന്റിനു കഴിയുമോ? ഇവിടെ മന്ത്രി വിശദീകരിക്കുമ്പോഴും പറഞ്ഞു, എസൻഷ്യൽ കമ്മോഡിറ്റീസിൽ ഉൾപ്പെടുത്തിയ രണ്ടു കാര്യങ്ങളും ഇലക്ട്രിസിറ്റിയും സോഫ്റ്റു വുഡ്ഡുമാണ് എന്ന്. ഇലക്ട്രിസിറ്റി അവശ്യസാധനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി. ഗവൺമെന്റു ചെയ്തത് ഇലക്ട്രിസിറ്റിയുടെ താരിഫ് വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രഖ്യാപനമാണ്. സോഫ്റ്റ് വുഡ് ഉൾപ്പെടുത്തിക്കൊണ്ടു ഗവൺമെന്റു ചെയ്തത് വ്യവസായങ്ങൾക്ക് കൊടുക്കുന്ന സോഫ്റ്റ് വുഡ്ഡിന്റെ കോട്ട നിശ്ചയിക്കുകയാണ്. അതുപോലെതന്നെ സോഫ്റ്റ് വുഡ് ലേലം ചെയ്തുകൊടുക്കുന്ന സമ്പ്രദായം സ്വീകരിച്ചു. ഈ രണ്ട് നടപടികളും യഥാർത്ഥത്തിൽ പൊതുജനതാല്പര്യത്തെ ഉദ്ദേശിച്ചുകൊണ്ടായിരുന്നുവോ? പൊതുജനതാല്പര്യത്തെ മാനിച്ചുകൊണ്ടാണ് അവശ്യസാധനങ്ങളായി ഓരോന്നും പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നത് എന്ന് ഈ ബില്ലിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ ഗവൺമെന്റു ചെയ്യുന്ന നടപടികളും, അവശ്യസാധനം എന്ന് പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള രണ്ട് നടപടികളും പരിശോധിച്ചു നോക്കിയാൽ അത് പൊതുജനതാല്പര്യത്തെ മുൻനിറുത്തിയായിരുന്നില്ല, ജനങ്ങൾക്ക് ദ്രോഹകരമായ വിധത്തിലായിരുന്നുവെന്നുകാണാൻ കഴിയും. ഇലക്ട്രിസിറ്റി ഒരു അവശ്യസാധനമാണ്. അവശ്യസാധനമായ ഇലക്ട്രി

LIBRARY ARCHIVES Kerala Legislative Assembly

സിറ്റി ഉല്പാദിപ്പിക്കുന്ന നമ്മുടെ കേരളത്തിൽ ഇലക്ട്രിസിറ്റി ആവശ്യമായിട്ടുള്ള എല്ലാവർക്കും അതു കൊടുക്കുന്നതിനോ, എല്ലാ പ്രദേശത്തും അത് എത്തിക്കുന്നതിനോ ഇതുവരേ സാധിച്ചിട്ടില്ല. അതിന് ആവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കുന്നതിനുപകരം ഇലക്ട്രിസിറ്റിയുടെ താരിഫ് പ്രഖ്യാപിക്കുന്ന നടപടിയാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

അവശ്യസാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതാണ് സോഫ്റ്റ് വുഡ്. ഗവൺമെന്റിന്റെ ഈ നടപടിമൂലം വ്യവസായത്തിന് കൊടുക്കുന്ന സോഫ്റ്റ്വുഡ്ഡിന് കേട്ടാ നിശ്ചയിച്ചിരിക്കുകയാണ്. അതുപോലെതന്നെ അത് ലേലം ചെയ്തിട്ടാണ് കൊടുക്കുന്നത്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ തീപ്പെട്ടി വ്യവസായം ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. തീപ്പെട്ടിവ്യവസായത്തിന് ആവശ്യമായിട്ടുള്ള സോഫ്റ്റ് വുഡ് കിട്ടുന്നില്ല. പ്ലൈവുഡ് വ്യവസായം തകർച്ചയിലേക്ക് നീങ്ങുന്നു. പ്ലൈവുഡ് വ്യവസായത്തിന് ആവശ്യമായിട്ടുള്ള സോഫ്റ്റ് വുഡ് ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന ചായപ്പെട്ടികൾക്ക് ആവശ്യമായിട്ടുള്ള സോഫ്റ്റ് വുഡ് കൊടുക്കാൻ തയ്യാറാകാത്ത അവസ്ഥ നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഈ രണ്ട് നടപടികളും പരിശോധിച്ചു നോക്കിയാൽ അവശ്യസാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയെന്ന് പറഞ്ഞത് രണ്ട് സാധനങ്ങളുടെ മേൽ ഏർപ്പെടുത്തിയ നിയന്ത്രണവും ഈ സംസ്ഥാനത്തെ ജനങ്ങളെ സഹായിക്കാൻ ആയിരുന്നില്ലെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. അതുപോലെ നമ്മുടെനാട്ടിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം, വ്യാവസായിക ഉല്പന്നങ്ങൾക്ക് ആവശ്യമായിട്ടുള്ള അസംസ്കൃത സാധനങ്ങൾ കാർഷികോല്പന്നങ്ങളായി വില്പന നടത്തുമ്പോൾ അവയ്ക്ക് വില കിട്ടുന്നില്ല. ഉദാഹരണമായി കേരളത്തിൽ സമൃദ്ധിയായി ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ കാര്യംതന്നെ എടുക്കാം. നാളികേരത്തിന്റെ വില കുറഞ്ഞിരിക്കുന്നു. നാളികേരത്തിന്റെ വില കുറഞ്ഞപ്പോൾ, ആ നാളികേരത്തിൽനിന്ന് കിട്ടുന്ന വെളിച്ചെണ്ണ ഉപയോഗിച്ചുകൊണ്ട് തയ്യാറാക്കുന്ന വ്യാവസായിക ഉല്പന്നമായ സോപ്പിന്റെ വില കുറയുന്നില്ല. എന്നൽ കാർഷികോല്പന്നത്തിന്റെ വില കുറയുന്നു. അത് വ്യാവസായികോല്പന്നമായി മാറുമ്പോൾ അതിന്റെ വില വർദ്ധിക്കുകയാണ്. സോപ്പിന് ഒരു നയാപൈസപോലും കുറഞ്ഞിട്ടില്ല. നാളികേരത്തിന്റെ വില കുറഞ്ഞുവരുന്നു. സോപ്പിന്റെ വില വർദ്ധിക്കുകയാണ. ഹെയർ ഓയിലിന്റെ വില വർദ്ധിക്കുന്നു. ഇങ്ങനെ കാർഷികോല്പന്നങ്ങൾക്ക് വിലയില്ലാതാവുകയും വ്യാവസായികോല്പന്നമായി മാറുമ്പോൾ അതിന് വില കൂടുതൽ കൊടുക്കേണ്ടതായും വരുന്നു. നേരത്തെ ബഹുമാനപ്പെട്ട ഹസ്സൻ ഇതിനെക്കുറിച്ച് പരിതപിക്കുന്നത് കേട്ടു. നമ്മുടെ നാട്ടിൽ സാധനങ്ങൾക്ക് വില നിയന്ത്രിക്കാൻ വിഷമമാണ്. 20 കൊല്ലക്കാലമായിട്ടും അതിൽ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നു പായുന്നതുകേട്ടു. നമ്മുടെ നാട്ടിൽ മുതലാളിത്ത സാമൂഹ്യ വ്യവസ്ഥ നിലനില്ക്കുന്നിടത്തോളംകാലം വിലക്കയറ്റം തടയാൻ കഴിയുമെന്ന് ആരെങ്കിലും പ്രതീക്ഷിക്കേണ്ട കാര്യമില്ല. ഇന്നത്തെ മുതലാളിത്ത സാമൂഹ്യ സംവിധാനത്തിന്റെ ഭോഗമാണ് ഈ വിലക്കയറ്റം. ഈ വ്യാവസായിക ഉല്പന്നങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്നതുതന്നെ കുത്തക മുതലാളിമാരാണ് അത് കൈകാര്യം ചെയ്യുന്നത്. എന്നതുകൊണ്ടാണ്. നാളികേരത്തിന് വിലയില്ലാതെ കേരളത്തിലെ കാർഷിക സമ്പദ്ഘടന തകർന്നപ്പോൾ ഇൻഡ്യയിലെ കുത്തക മുതലാളിമാർ ഉല്പാദിപ്പിക്കുന്ന സോപ്പിന്റെ വില കുറയാത്തതിന് കാരണം കുത്തക മുതലാളിമാരാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിലെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത് ഏന്നതാണ്. കുത്തക മുതലാളിമാരുടെ ലാഭം കുന്നുകൂടാൻ മാത്രം സഹായകമാകുന്ന നയമാണ് കേന്ദ്രഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത് മി. രാജീവ്ഗാന്ധിയുടെ ഗവൺമെൻറും ഈ നയംതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. 21-ാം നൂറ്റാണ്ടിലേക്ക് നമ്മുടെ നാട്ടിനെ കൊണ്ടുപോകുമെന്ന് പ്രതിജ്ഞയെടുത്തിരിക്കുന്ന നമ്മുടെ ഇപ്പോഴത്തെ പ്രധാനമന്ത്രി സ്വീകരിച്ചിരിക്കുന്ന നയവും കുത്തക മുതലാളിത്തത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ളതാണ്. വിലക്കയറ്റം തടയാൻ കഴിയാത്തതിനെക്കുറിച്ച് ഭരണകക്ഷിക്കാർ പറയുന്നു അതു നടക്കാത്തകാര്യമാണെന്ന്. ഇവിടെ കോൺഗ്രസ് ഐ-യുടെ കേന്ദ്ര പാർലമെൻററി യോഗത്തിൽത്തന്നെ 20 ശതമാനം വിലക്കയറ്റം ഈ കാലത്തുണ്ടായി എന്ന് സമ്മതിച്ചിട്ടുണ്ട്. പാർലമെൻറിലും ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. സാധനങ്ങളുടെ വില നിയന്ത്രിക്കാൻ നമ്മുടെ ഗവൺമെൻറിന് കഴിയുന്നില്ല. അതിനു കാരണം, ഇന്ന് നിലനിൽക്കുന്ന സമ്പദ്ഘടനയും മുതലാളിത്തത്തെ വളർത്തിയെടുക്കുന്ന സമ്പദ്ഘടനയാണ് എന്നതാണ്. ഈ മുതലാളിത്ത സാമൂഹ്യ വ്യവസ്ഥ നിലനില്ക്കുന്നിടത്തോളം കാലം, ഇത് തുടരുന്നിടത്തോളം കാലം ഇവിടെ എന്തെല്ലാം നിയമനിർമ്മാണങ്ങൾ ഉണ്ടാക്കിയാലും അതിന്റെ യഥാർത്ഥത്തിലുള്ള ഗുണം ജനങ്ങൾക്ക് അനുഭവപ്പെടാൻ പോകുന്നില്ല എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

ഇവിടെ നിയമമില്ലാത്തതുകൊണ്ടല്ല, എത്രയോ നല്ല നിയമങ്ങളുണ്ട്. ഈ നിയമങ്ങൾ നടപ്പാക്കാൻ നമ്മുടെ ഗവൺമെൻറ് തയ്യാറാകുന്നില്ല. കശുവണ്ടി വ്യവസായം, കയർ വ്യവസായം ഇവയെല്ലാം തകർന്നുകൊണ്ടിരിക്കുന്നതിന്റെ ദയനീയ ചിത്രങ്ങൾ ഇവിടെ സൂചിപ്പിച്ചു. കശുവണ്ടി സംഭരിക്കുന്നതിനെക്കുറിച്ചും കശുവണ്ടി മറ്റു സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നതിനെക്കുറിച്ചും ഇവിടെ പറഞ്ഞു. അത് നിയന്ത്രിക്കാൻ വേണ്ടിയുള്ള നിയമം ഇവിടെയുണ്ട്. പക്ഷേ ആ നിയമം ഫലപ്രദമായി നടപ്പാക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. ആ നിയമം ഫലപ്രദമായി നടപ്പാക്കാൻ തയ്യാറാകാത്ത ഒരു ഗവൺമെൻറ്, ഇത്തരം ഒരു നിയമം ഇല്ലാത്തതാണ്, അവശ്യസാധനങ്ങളുടെ സംഭരണത്തിനും വിതരണത്തിനും നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ഒരു നിയമമില്ലാത്തതാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്ന് ഇപ്പോൾ കണ്ടുപിടിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ബിൽ ഈ മന്ത്രിസഭയുടെ മുമ്പാകെ വന്നിട്ടുള്ളത് വെറും പ്രചരണത്തിനു വേണ്ടിയാണ്. ഒരു പ്രചരണം നടത്താൻവേണ്ടി മാത്രമാണ് ഈ നിയമനിർമ്മാണവുമായി സഭയുടെ മുമ്പാകെ വന്നിട്ടുള്ളത്. നമ്മുടെ വ്യാവസായിക മേഖലയിലെ തൊഴിലാളികൾക്ക് ജോലികൊടുക്കാൻ, വ്യവസായ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിയണം. അതിനെല്ലാം തന്നെ സമഗ്രമായ നിലയിലുള്ള ഒരു നിയമം നമുക്കാവശ്യമാണ്. ഓരോ സാധനവും അവശ്യസാധനമായി പ്രഖ്യാപിക്കുന്നത് ഒരോന്നിന്റെയും സ്വഭാവത്തെ അടിസ്ഥാനമാക്കിയാണ്. ചിലപ്പോൾ ചില സാധനങ്ങൾ അവശ്യസാധനങ്ങളായി മാറും. ബേബിഫുഡ് അവശ്യസാധനമാണ്. ബേബിഫുഡ് പൂഴ്ത്തിവയ്ക്കുന്ന അവസ്ഥ പലപ്പോഴും നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. ഒരു പ്രത്യേക കാലഘട്ടത്തിൽ ബേബിഫുഡ് അവശ്യസാധനമായി പ്രഖ്യാപിക്കപ്പെട്ടു. അങ്ങനെ ഒരോ സാധനങ്ങളും ഓരോ സന്ദർഭത്തിൽ അവശ്യസാധനമായി മാറുന്നു. നമ്മൾ നേരത്തെ ഇവിടെ പറഞ്ഞു, ചില ഘട്ടങ്ങളിൽ ചില മേഖലകൾ അവശ്യമേഖലകളായി മാറുന്നുവെന്ന്. അത് ഓരോ കാലഘട്ടത്തെ അനുസരിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും ചിലർക്ക് മാർക്കറ്റ് നിലവാരം കുറവാണ്. അപ്പുറത്തിരിക്കുന്ന ചിലർക്ക് ഡിമാൻറില്ല. എങ്ങനെയാണ് ഈ ഡിമാൻറ് വരുന്നത്? ഇപ്പോഴത്തെ പ്രതിപക്ഷത്തിന്റെ നിലപാടിനെ അനുസരിച്ചാണ് അപ്പുറത്ത് ചിലർക്ക് ഡിമാൻറ് ഉണ്ടാകുന്നത്. (അപ്പുറത്ത് ഡെയ്ലി വേജസ് എന്ന നിലയിൽ പ്രശസ്തമായ ചില കഥകളുള്ളത് ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാമെന്നുള്ളതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല.) അങ്ങനെ ഓരോ സന്ദർഭത്തിലും ഓരോ സാധനങ്ങളും അവശ്യസാധനങ്ങളായി മാറാറുണ്ട്. നമ്മുടെ ഭരണകക്ഷിയിൽ ചിലപ്പോൾ വലിയ ഡിമാൻറുകളും വരും. 'ഇന്ന കാര്യം തന്നാൽ മാത്രമേ ഞങ്ങൾ ഗവൺമെൻറിന്റെ കൂടെയുള്ളൂ' എന്ന പ്രഖ്യാപനം നടത്തും. പക്ഷേ പ്രഖ്യാപനം നടത്തിയതുകൊണ്ടുമാത്രം കാര്യമില്ലല്ലോ? ആ പ്രഖ്യാപനത്തിന് ഒരു വിലയുണ്ടാകണമെങ്കിൽ ആ പ്രഖ്യാപനം നടപ്പാക്കിക്കിട്ടുന്നതിന് സഹായകമായ ഒരു രാഷ്ട്രീയാന്തരീക്ഷം ഉണ്ടാകണം. കേരളകോൺഗ്രസ്സുകാർ എന്തെല്ലാം പ്രഖ്യാപനങ്ങളും നടത്തി! അവർ പ്രഖ്യാപിച്ചില്ലേ, ഇന്ന് ഈ സഭ ചേരുന്നുണ്ടെങ്കിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ആ സീറ്റിൽ ഇരിക്കുമെന്ന്! ആ പ്രഖ്യാപനം എന്തുകൊണ്ട് നടക്കാതെയായിപ്പോയി? ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ അതിന് വിലയില്ലാതെയായി. കാരണം, പ്രതിപക്ഷത്തുനിന്ന് ആളുകളെ കണ്ണുടിച്ച് മാടിവിളിക്കുന്ന പണി ഭരണകക്ഷി നിർത്തിയതുകൊണ്ട് അപ്പുറത്തിരിക്കുന്നവർക്കു ഡിമാൻറ് കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് ശ്രീ. ബാലകൃഷ്ണപിള്ള അവശ്യസാധനമല്ലാതായിപ്പോയത്. കേരളകോൺഗ്രസ്സിന്റെ ഡിമാൻറ് നടക്കാതെയായതിന്റെ കാരണം അതാണ്. ഇപ്പോഴും ഒരു സാധനം അവശ്യസാധനമായി മാറുന്നത് പരിതഃസ്ഥിതിയെ ആസ്പദമാക്കിയാണ്. ചില സാധനങ്ങളും പൂഴ്ത്തിവച്ച് കൃത്രിമക്ഷാമമുണ്ടാക്കി വിലക്കയറ്റമുണ്ടാക്കാൻ ശ്രമിക്കുന്നവരുണ്ട്. പൂഴ്ത്തിവയ്പു നടത്തുന്നവരെ, കൃത്രിമ ക്ഷാമമുണ്ടാക്കുന്നവരെ കണ്ടുപിടിക്കണം. അങ്ങനെ പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയാൻ നമുക്ക് കഴിയണം. പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയാൻ കോൺഗ്രസ് ഭരിക്കുന്നിടത്തോളംകാലം സാദ്ധ്യമല്ലെന്ന് നമുക്കെല്ലാമറിയാം. കാരണം കോൺഗ്രസ് ഭരണം നടക്കണമെങ്കിൽ പൂഴ്ത്തിവയ്പും വേണം, കരിഞ്ചന്തയും വേണം. ഇതുരണ്ടും അതിന്റെ കൂടെപ്പിറപ്പുകളാണ്. കാരണം കുത്തകമുതലാളിമാരാണ് അതിന്റെ കടിഞ്ഞാൺ പിടിക്കുന്നത്. പണ്ടുകാലത്തെല്ലാം കോൺഗ്രസിന്റെ നിയന്ത്രണം കുത്തകമുതലാളിമാർ പിന്നിൽനിന്നുകൊണ്ടാണ് നടത്തിയിരുന്നത്. കുത്തക മുതലാളിമാർ നേരെ കോൺഗ്രസിന്റെ നേതൃസ്ഥാനത്ത് വന്നിരിക്കുന്ന ഒരു കാലമാണല്ലോ ഇത്. അതുകൊണ്ടാണല്ലോ ഇൻഡ്യയിലെ ഏറ്റവും വലിയ കുത്തക മുതലാളിയായ ശ്രീ. ബിർള, 3100 കോടിക്കാരനായ ശ്രീ. ബിർള കോൺഗ്രസ് (ഐ) യുടെ പേരിൽ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കോൺഗ്രസ് ഐ-യുടെ മെമ്പറാണ് പാർലമെൻറിൽ ശ്രീ. ബിർള. അവർ നയിക്കുന്ന കാലത്ത് വിലക്കയറ്റം തടയാനോ പൂഴ്ത്തിവയ്പ് തടയാനോ സാധിക്കുമെന്നു വിചാരിക്കുന്നത് അസ്ഥാനത്താണെന്ന് എനിക്കറിയാം. പണ്ടുകാലത്ത് കോൺഗ്രസ് നേതാക്കൻമാർ പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയണമെന്ന മുദ്രാവാക്യം വിളിച്ചുവരാണ്. ഇന്നത്തെ കോൺഗ്രസിന് അത് വിളിക്കാൻ കഴിയുമോ? കോൺഗ്രസിന്റെ എ. ഐ. സി. സി. സെക്രട്ടറി ശ്രീ. കറുപ്പയ്യ മൂപ്പനാരെ ബഹുമാനപ്പെട്ട ചെയറിന് അറിയാമല്ലോ. ആ കറുപ്പയ്യാ മൂപ്പനാരുടെ കൈവശമുള്ള ഭൂമി എത്രയാണെന്നറിയാമോ? നാലായിരം ഹെക്ടർ ഭൂമിയാണ്. നാലായിരം ഹെക്ടർ ഭൂമിയുടെ ഉടമസ്ഥനാണ് എ. ഐ. സി. സി. യുടെ ജനറൽ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കറുപ്പയ്യ മൂപ്പനാർ. ആ കറുപ്പയ്യ മൂപ്പനാർ നയിക്കുന്ന കോൺഗ്രസ് പുഴുത്തിവയ്പും കരിഞ്ചന്തയും തടയുമെന്ന് മുദ്രാവാക്യം വിളിക്കുമോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ കാലത്ത് വിളിച്ചിട്ടുണ്ട്. ഇന്ന് പുഴുത്തിവയ്ക്കേണ്ടവർ പുഴുത്തിവയ്ക്കുകയാണ്, കരിഞ്ചന്ത നടത്തേണ്ടവർ കരിഞ്ചന്ത നടത്തുകയാണ്. എന്തും ചെയ്യാം; അതിനുള്ള ലൈസൻസ് കൊടുത്തിരിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: പശ്ചിമ ബംഗാളിലെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ മകനും എത്ര വ്യവസായ സ്ഥാപനങ്ങളുടെ ഉടമകളാണ്, എന്തെല്ലാം ഷെയറുകളുണ്ട്, എന്നറിയാമോ? അദ്ദേഹം പാവപ്പെട്ടവരുടെ മുഖ്യമന്ത്രിയല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ നാട്ടിലെ ബിസ്ക്കറ്റ് നിർമ്മാണക്കാരെല്ലാം മുതലാളിമാരാണെന്നാണ് ശ്രീ. തങ്കച്ചൻ ധരിച്ചിരിക്കുന്നത്. അവരെയൊന്നും ഞങ്ങൾ മുതലാളിമാരായി കാണുന്നില്ല. ഈ നാട്ടിലെ കുത്തക മുതലാളിമാരായി പ്രഖ്യാപിച്ചിട്ടുള്ള കുറെ ആളുകളുണ്ട്. അതു മാത്രമല്ല, ജ്യോതിബാസുവിന്റെ മകൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറല്ല. ശ്രീ. ജ്യോതിബാസുവിന്റെ മകന് ഞങ്ങളുടെ പാർട്ടി മെമ്പർഷിപ്പ് കൊടുത്തിട്ടില്ല. എ. ഐ. സി. സി. യുടെ സെക്രട്ടറിയായി നാല് ലക്ഷം ഹെക്ടർ ഭൂമിയുള്ള മുന്നൂറ് ഏക്കറും പാർലമെന്റ് മെമ്പറായി 3100 കോടിക്കാരനായ ബിർളയെയും വച്ചിട്ട് ഒരു ബിസ്ക്കറ്റ് കച്ചവടക്കാരന്റെ മരുപടി പാഞ്ഞ് രക്ഷപ്പെടുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ശ്രീ. ജ്യോതിബാസുവിന്റെ മകൻ ചന്ദൻബാസുവിന് ബഹുരാഷ്ട്ര കുത്തക കമ്പനിയിൽ ഷെയറുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജ്യോതിബാസുവിന്റെ മകന് എന്തുണ്ട് എന്ന് അന്വേഷിക്കേണ്ട കാര്യം ഞങ്ങൾക്കില്ല. ജ്യോതിബാസുവിന്റെ മകൻ ഞങ്ങളുടെ പാർട്ടിയുടെ നേതാവല്ല. ഞങ്ങളുടെ പാർട്ടിയുടെ നേതാവ് ജ്യോതിബാസുവാണ്.

ശ്രീ. എം. വി. രാഘവൻ: ഈ കോൺഗ്രസ്-ഐക്കാർ ധരിച്ചത് വംശാധിപത്യം ആ പാർട്ടിയുടെ അവകാശമാണെന്നാണോ? കാരണം മോട്ടിലാൽ ഭരിച്ചു, അതുകഴിഞ്ഞ് ജവഹർലാൽ നെഹ്രുവും അതുകഴിഞ്ഞ് ശ്രീമതി ഇന്ദിരാഗാന്ധിയും ഇപ്പോൾ രാജീവ്ഗാന്ധിയും. ഇനി അടുത്ത് സോണിയയുടെ മകനാണ് വരിക. അതുപോലെ ജ്യോതിബാസുവിന്റെ മകനെ കൊണ്ടുവരുന്ന രാഷ്ട്രീയ പാരമ്പര്യം കമ്മ്യൂണിസ്റ്റ് പാർട്ടിക്കില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കുത്തകമുതലാളിമാരെപ്പറ്റി പറയുമ്പോൾ കോൺഗ്രസ് പാർട്ടി ബേജാറാകുന്നതു സ്വാഭാവികമാണ്. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കുന്നതുവരെ 20 കോടി രൂപ കൈവശമുള്ളവരായിരുന്നു കുത്തകമുതലാളിമാർ. ഇപ്പോൾ കുത്തകമുതലാളിയുടെ നിർവ്വചനം 100 കോടിയായി മാറിയിട്ടുണ്ട്. നമ്മുടെ കോൺഗ്രസ് (ഐ), കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വലിയ ഭൂരിപക്ഷം കിട്ടിയപ്പോൾ എന്താണ് ആലോചിച്ചത്? കുത്തകമുതലാളിമാരുടെ എണ്ണം കുറയ്ക്കാൻ എന്താണ് പണി എന്നാണ്. കുത്തകമുതലാളിമാരുടെ എണ്ണം കുറയ്ക്കാൻ കണ്ടുപിടിച്ച പുതിയ വിദ്യ കുത്തകമുതലാളിമാരുടെ നിർവ്വചനത്തിൽ മാറ്റം വരുത്തുകയെന്നുള്ളതാണ്. ഇക്കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുവരെ 20 കോടിക്കാരനായിരുന്നു കുത്തകമുതലാളിയെങ്കിൽ ഇപ്പോൾ കുത്തകമുതലാളി 100 കോടിക്കാരനാണ്. അങ്ങനെ കുത്തക മുതലാളിമാരുടെ നിർവ്വചനത്തിനു മാറ്റം വരുത്തിക്കൊണ്ടാണ് കുത്തക മുതലാളിമാരുടെ എണ്ണം കുറയ്ക്കാൻ കോൺഗ്രസുകാർ വിദ്യ കണ്ടു പിടിച്ചത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എം. എം. ഹസ്സൻ: കുത്തകമുതലാളിത്തം പ്രോൽസാഹിപ്പിക്കപ്പെടേണ്ടതാണെന്നുള്ള നിലയിൽ കമ്മ്യൂണിസ്റ്റു രാജ്യമായ ചൈനയും ഇൻഡ്യക്കകത്ത് പശ്ചിമ ബംഗാളിലെ ജ്യോതിബാസുവും അതിനനുസരിച്ചുള്ള ചില വ്യവസ്ഥകളും കുത്തകമുതലാളിമാർക്കും കുത്തക വ്യവസായികൾക്കും നൽകി. അങ്ങനെ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ഉൾക്കൊള്ളുന്നവർതന്നെ കുത്തകമുതലാളിത്തത്തെക്കുറിച്ച് പുതിയ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തനം നടത്തുമ്പോൾ അങ്ങ് കുത്തകമുതലാളിത്തത്തിന് എതിരായി സംസാരിക്കുന്നത് ശരിയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കുത്തകമുതലാളിത്തത്തെ നശിപ്പിക്കാൻവേണ്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ശ്രമിക്കുന്നതെന്നുള്ള വിവരം ശ്രീ. ഹസ്സനു ഇതുവരെ മനസ്സിലാകാത്തതിൽ എനിക്ക് ഖേദമുണ്ട്. ചൈന അങ്ങോട്ടു മാറുന്നോ പച്ചമരുന്നോ എന്താണെന്ന് ഹസ്സന് അറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ചൈനയിലെ കാര്യം എനിക്കും ശ്രീ. കോടിയേരി ബാലകൃഷ്ണനും ഒരുപോലെ അറിയാവുന്ന കാര്യമാണ് കാരണം, രണ്ടുപേരും പത്രത്തിൽ വായിച്ചാണ് അറിയുന്നത്. അല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല. ചൈനയിലെ കുത്തകമുതലാളിത്തത്തിന് വളരാനുള്ള എല്ലാ സഹായവും-സാമ്പത്തിക, സാങ്കേതിക, ശാസ്ത്രീയ സഹായങ്ങളും അവർ ചെയ്തുകൊണ്ടിരിക്കുകയാണ്. പശ്ചിമ ബംഗാളിലും ശ്രീ. ജ്യോതിബാസു മൾട്ടിനാഷണൽ കമ്പനികൾക്കെല്ലാം സർവ്വസൗകര്യങ്ങളും ചെയ്തുകൊടുക്കുകയാണ്. ഈ സാഹചര്യത്തിൽ കമ്മ്യൂണിസ്റ്റുകാർ കുത്തകമുതലാളിത്തത്തെ എതിർക്കുന്നത് ശരിയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചൈന തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം നിലനിൽക്കുന്ന ഒരു രാജ്യമാണ്. തൊഴിലാളിവർഗ്ഗത്തിന്റെ ഭരണകൂടം നിലനിൽക്കുന്ന ചൈനയിൽ കുത്തകമുതലാളിത്തം വളരുമെന്ന് പറഞ്ഞാൽ അത് നടക്കാത്ത ഒരു കാര്യമാണ്. ശാസ്ത്രീയ-സാങ്കേതികരംഗത്ത് വികസിച്ചുവരുന്നതിനുവേണ്ടി ചൈന പല രാജ്യങ്ങളുടേയും സഹായങ്ങൾ തേടുന്നുണ്ട്. അത് കുത്തകമുതലാളിത്തത്തെ വളർത്തിയെടുക്കലാണെന്ന് ധരിച്ചാൽ ശ്രീ. ഹസ്സൻ സോഷ്യലിസത്തെക്കുറിച്ചും കമ്മ്യൂണിസത്തെക്കുറിച്ചും കുറച്ചുകൂടി പഠിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. സി. ടി. കൃഷ്ണൻ: ചൈന കുത്തകമുതലാളിമാർക്ക് സൗകര്യം ചെയ്തുകൊടുക്കുന്നുവെന്ന് പറഞ്ഞു. അവിടെ വ്യവസായം വളരുന്നത് ഒരു നിശ്ചിത കൊല്ലത്തിനകം, അതായത് ഏഴുകൊല്ലം കഴിഞ്ഞാൽ പൂർണ്ണമായും ആ ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ വരുമെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. നൂറുകോടിരൂപയുള്ളവരാണ് ഇപ്പോഴത്തെ നമ്മുടെ നാട്ടിലെ കുത്തകമുതലാളിമാർ. ഇതിനെക്കുറിച്ച് 'മലയാളമനോരമ'യിൽ മുഖപ്രസംഗമെഴുതിയിട്ടുണ്ട്. അൻപതുകോടി രൂപയുള്ളവരെ കുത്തകമുതലാളിമാരാക്കണമെന്നാണ് മുഖപ്രസംഗം. കാരണം, എം. ആർ. എഫ്: കമ്പനിയുടെ ആസ്തി നാൽപത്തിയൊൻപതുകോടി രൂപയാണ്. ഇരുപതുകോടി രൂപയായിരുന്നപ്പോഴത്തെ അവർക്കൂടി ഇതിൽപെടുമെന്നുള്ളതുകൊണ്ടാണ് 50 കോടി രൂപയുള്ളവരെ കുത്തകമുതലാളിമാരാക്കണമെന്ന് 'മലയാളമനോരമ' എഴുതിയത്. പക്ഷേ മലയാളമനോരമയെക്കാൾ വലിയ താപ്പാനകളാണ് ശ്രീ. രാജീവ്ഗാന്ധിയുടെ കയ്യിലുള്ളത്. ഇപ്പോൾ നൂറുകോടി രൂപയുള്ളവരെ കുത്തകമുതലാളിമാരാക്കിവച്ചിരിക്കുന്നു. ഈ കുത്തകമുതലാളിത്തത്തെ വളർത്തിയെടുക്കുന്ന കേന്ദ്രഗവൺമെന്റിന്റെ സമീപനം ഈ നാട്ടിൽ വിലക്കയറ്റമുണ്ടാക്കും. അതുകൊണ്ട് ഇവിടെ പുഴുത്തിവയ്പ് തടയാൻ കഴിയുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അത് നടക്കുകയില്ല.

ശ്രീ. ഒ. ഭരതൻ: അടുത്തകാലത്ത് 'സ്വരാജ്പോൾ' എന്നു പറയുന്ന ഒരു ചങ്ങാതിക്ക് 720 കോടി രൂപയുടെ വളം നിർമ്മാണ ലൈസൻസ് കൊടുത്തതായി ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ ബഹുരാഷ്ട്ര കുത്തകകമ്പനികളെത്തന്നെ ഇൻഡ്യയിലേക്ക് മാടിവിളിക്കുകയാണല്ലോ. ശ്രീ. രാജീവ്ഗാന്ധി അമേരിക്കയിൽ പോയിട്ട് പ്രസംഗിച്ചതെന്താണെന്നറിയാമോ? ''കുത്തകമുതലാളിമാരേ, ബഹുരാഷ്ട്ര കുത്തകകമ്പനികളേ ഇൻഡ്യയിലേയ്ക്ക് സ്വാഗതം'' എന്നാണ്. ഇൻഡ്യയിലെ കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഉള്ള മുതൽമുടക്കിന്റെ അറുപതു ശതമാനവും സ്വകാര്യമേഖലയിലാണെന്ന് അദ്ദേഹം പറഞ്ഞു. അതുകൊണ്ട് നിങ്ങൾ മുടക്കുന്ന ഓരോ നയാപൈസയും സുരക്ഷിതമായിരിക്കും. അതുകൊണ്ട് ബഹുരാഷ്ട്ര കുത്തകകളേ വരൂ എന്ന് മാടിവിളിക്കുന്ന ഒരു പ്രധാനമന്ത്രിയുള്ള നമ്മുടെ നാട്ടിൽ ബഹുമാനപ്പെട്ട തൃക്കരിപ്പൂർ മെമ്പറായ ഒ. ഭരതൻ പറഞ്ഞതുപോലെ സ്വരാജ്പോളിനെയല്ല അതിനെക്കാൾ വലിയ പോളിനെ വിളിച്ചുകൊണ്ടുവരും. കുത്തകമുതലാളിത്തത്തെയും ഭൂപ്രഭുത്വത്തെയും വളർത്തിയെടുക്കുകയെന്നുള്ളതാണ് കോൺഗ്രസിന്റെ നയം. അതുതന്നെയാണ് ശ്രീ. രാജീവ് ഗാന്ധിയും തുടരുന്നത്. ആ നയം തുടരുന്നിടത്തോളംകാലം ഇവിടെ പുഴുത്തിവയ്പുണ്ടാകും. കരിഞ്ചന്തയുണ്ടാകും. സാധനങ്ങളുടെ വിലക്കയറ്റമുണ്ടാകും. ഈയൊരു നിയമനിർമ്മാണംകൊണ്ടൊന്നും വിലക്കയറ്റം തടയാൻ കഴിയില്ല. അവശ്യസാധനങ്ങളുടെ വിതരണവും സംഭരണവും സംബന്ധിച്ച് നിയമങ്ങളില്ലാത്തതല്ല ഇവിടത്തെ കുഴപ്പം. ഇതുവരെയുണ്ടായ നിയമങ്ങളൊന്നും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെ എല്ലാ നിയമവിരുദ്ധ നടപടിയും സ്വീകരിക്കുന്ന ഗവൺമെന്റിന്റെ സമീപനമാണ് ഈ നാട്ടിൽ കുഴപ്പങ്ങൾക്ക് അടിസ്ഥാനമിട്ടിരിക്കുന്നത്. ഇവിടെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയണം. നിത്യോപയോഗസാധനങ്ങളുടെ വില കുതിച്ചുകയറിക്കൊണ്ടിരിക്കുകയാണ്. പല അത്യാവശ്യ സാധനങ്ങളുടേയും വില വാണംപോലെ കുതിച്ചുകയറിക്കൊണ്ടിരിക്കുകയാണ്. ശവപ്പെട്ടിക്കുപോലും വിലകയറിക്കൊണ്ടിരിക്കുന്നു. അങ്ങനെ ശവപ്പെട്ടിക്കുപോലും വിലകയറിക്കൊണ്ടിരിക്കുന്ന ഒരു രാജ്യം നമ്മുടെ നാടല്ലാതെ വേറെ എവിടെയെങ്കിലും ഉണ്ടോ? എല്ലാ സാധനങ്ങളുടേയും വില നിയന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിൽ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ഗവൺമെന്റ് ഈ നിയമങ്ങളം അതിന്റെ ഉദ്ദേശശുദ്ധിയോടുകൂടി നടപ്പാക്കുമോയെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്. സമഗ്രമായ ഒരു നിയമം, നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ക്ഷേമം ഉറപ്പു വരുത്തുന്ന ഒരു നിയമം ഉണ്ടാകണം. അതിന്റെ ഭാഗമായി ഈ നിയമത്തിന്റെ പാകപ്പിഴകളം മാറി ജനങ്ങൾക്ക് സേവനം ചെയ്യാൻ കഴിയുന്ന രീതിയിലുള്ള നിയമം ഉണ്ടാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: സർ, കേരള അവശ്യസാധനനിയന്ത്രണ ബില്ലിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇത് പിൽക്കാല പ്രബല്യത്തോടുകൂടി നടപ്പിൽ വരുത്തണമെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ അങ്ങനെ നടപ്പിലാക്കിയാൽ മുമ്പ് നിയമം ലംഘിച്ചവരെ ശിക്ഷിക്കാൻ പറ്റില്ല, അത് രേഖാഘടനാ വിരുദ്ധമാണെന്നാണ്. അതുകൊണ്ട് അത് എടുത്തുകളഞ്ഞിട്ട് പാസ്സാക്കണമെന്നാണ്. നേരത്തെ ഇവിടെ സംസാരിച്ച പല മെമ്പർമാരും ഇലക്ട്രിസിറ്റിയുടെ കാര്യത്തിലും സോഫ്റ്റ് വുഡ്ഡിന്റെ കാര്യത്തിലും എല്ലാം ഈ നിയമങ്ങൾ ബാധകമാക്കുന്നകാര്യം പറഞ്ഞു. അവശ്യ സാധനങ്ങളുടെ നിയന്ത്രണമെന്നു പറയുമ്പോൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ നിയന്ത്രണങ്ങൾ ഉണ്ടാകണമെന്നല്ല. ഇന്നുള്ള നിയമവും അതുപോലെ ഈ ഓർഡിനൻസുകളും വരാൻ പോകുന്ന നിയമങ്ങളും എല്ലാം ജനങ്ങളെ ദ്രോഹിക്കാൻ വേണ്ടി ഉപയോഗിക്കുക എന്നതാണ് ഇപ്പോഴുള്ള എസൻഷ്യൽ കമ്മാഡിറ്റീസ് ആക്ടിനെ സംബന്ധിച്ചുള്ള സ്ഥിതി ഇപ്പോൾ അവശ്യസാധനങ്ങളുടെ വില നിയന്ത്രണത്തിനുള്ള നിയമം നടപ്പിലാക്കിയിട്ടില്ലെന്നുമാത്രമല്ല, ന്യായവില ഡിപ്പോകളിലും ന്യായവില ഷോപ്പുകളിലും നടക്കുന്ന അഴിമതി ഇതുവരെ അവസാനിപ്പിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇവിടെ ഇരിക്കുന്നത്. മറ്റ് കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടു പിന്നെ വല്ല കാര്യവുമുണ്ടോ? നഗ്നമായ അഴിമതിയല്ലേ ആരംഗത്ത് നടക്കുന്നത്? ഹോംസെയിൽ വ്യാപാരത്തെക്കുറിച്ചുള്ള തർക്കങ്ങളും വഴക്കുകളും തുടങ്ങിയതിനുശേഷമാണ് അങ്ങ് കൂടി കേട്ടതാണല്ലോ. ഇപ്പോൾ ആ സ്ത്രീയെ എവിടെയാണ് മാറ്റിയതെന്ന് അറിയില്ല. അഴിമതിയുടെ കൂത്തരങ്ങായി സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റും അതുപോലെതന്നെ അവശ്യസാധനങ്ങളുടെ വിലകയറ്റ നിയന്ത്രണ രംഗവുമെല്ലാം മാറിയിരിക്കുകയാണ്. ഹോംസെയിൽ വ്യാപാര സഹകരണ സംഘങ്ങളിൽനിന്ന് എടുത്ത് വ്യക്തികൾക്ക് കൊടുത്ത് കാശു വാങ്ങുന്നു. അങ്ങനെയുള്ള ഒരു നടപടിയാണ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽതന്നെ നടക്കുന്നത്. ഇപ്പോൾ മാതൃഭൂമി പത്രത്തിൽ ഒരു റിപ്പോർട്ട് വന്നിരുന്നു: കൊച്ചിയിൽ കൃത്രിമം കണ്ടുപിടിച്ച് ശിക്ഷിച്ച ഉദ്യോഗസ്ഥനെ സ്ഥലം മാറിയതിനെക്കുറിച്ചായിരുന്നു റിപ്പോർട്ട്. പറവൂർ താലൂക്ക് സപ്ലൈ ഓഫീസർക്കാണ് ഈ അനുഭവമുണ്ടായത്. റേഷൻ അതോറിറ്റികളിൽ വെട്ടിത്തിരുത്തൽനടത്തി എഫ്. സി. ഐ.-യിൽനിന്ന് റേഷൻ സാധനങ്ങളെടുത്ത പറവൂർ താലൂക്കിലെ ഒരു മൊത്തവ്യാപാരിക്ക് എതിരായി താലൂക്ക് സപ്ലൈ ആഫീസർ നടപടിയെടുത്തു. എന്നാൽ രാഷ്ട്രീയമായ ഇടപെടലിന്റെ ഫലമായി ഈ ഓഫീസറെ അവിടെനിന്ന് സ്ഥലം മാറ്റി. അതിൽ പ്രതിഷേധിച്ച് ഞായറാഴ്ച എറണാകുളത്തുവച്ച് സിവിൽസപ്ലൈസ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഒരു യോഗം ചേർന്ന് സ്ഥലംമാറ്റ ഉത്തരവ് പിൻവലിക്കുകയും കുറ്റക്കാരനായ വ്യാപാരിയെ ശിക്ഷിക്കുകയും വേണമെന്ന് ആവശ്യപ്പെട്ടിട്ട്. ഇതല്ലേ ഇന്ന് നടക്കുന്നത്? ഇവിടെ റേഷന്റെ നിയന്ത്രണമാണ്. ആരാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത് ചെയ്തത്? വടക്കൻ പറവൂർ താലൂക്കിലെ 15-ാംനമ്പർ റേഷൻ ഹോൾസെയിൽ ഡിപ്പോ ഉടമസ്ഥനായ മുവാറ്റുപുഴക്കാരൻ ഡി. എസ്. ഇസ്മയിലാണ് സപ്ലൈ ഓഫീസർ കൊടുത്തതായ കണക്കുകൾ വെട്ടിത്തിരുത്തി, ഡബിൾ എൻട്രി വരുത്തി ഓഫീസറുടെ കള്ളയൊപ്പിട്ട് എഫ്. സി. ഐ.-യിൽനിന്ന് അരി വാങ്ങിയിട്ടുള്ളതായി ഓഫീസർ കണ്ടുപിടിച്ച് നടപടിയെടുക്കപ്പെട്ട ആൾ. ഇതാണ് റേഷനിംഗിൽ ഇവിടെ നടക്കുന്നത്. ഈ ബില്ല് വ്യവസായവകുപ്പ് മന്ത്രിയാണ് അവതരിപ്പിച്ചത്. നിങ്ങളുടെ സഹമന്ത്രി നടക്കുന്നതെല്ലാം അഴിമതിയാണ്. റേഷൻ കടകളിൽതന്നെ അഴിമതിയാണ് നടക്കുന്നത്. അവിടെ കമ്മീഷൻ പിരിവാണ് ഓരോ മാസവും നടക്കുന്നത്. അതിന്റെ പ്രത്യക്ഷമായ ഒരു ഉദാഹരണമാണ് പത്രത്തിൽ വന്നത്. ഡിപ്പാർട്ടുമെന്റിനെ ധിക്കരിച്ച് കള്ളക്കടത്തും കരിഞ്ചന്തയും നടത്തുകയെന്നുള്ളത് നമ്മുടെ സിവിൽസപ്ലൈസിന്റെ നടപടിയാണ്. കുറ്റക്കാരനായ വ്യാപാരിയെ രക്ഷിക്കാൻവേണ്ടി വകുപ്പുമന്ത്രി ഇടപെട്ട് താലൂക്ക് സപ്ലൈ ഓഫീസറുടെ നടപടിയെ സ്റ്റേ ചെയ്തു. നമ്മുടെ രാജ്യത്ത് ബഡ്ജറ് വന്നതിനുശേഷമാണ് ഏതാണ്ട് 40 ശതമാനത്തോളം വിലക്കയറ്റമുണ്ടായത്. സെൻട്രൽ ബഡ്ജറും സംസ്ഥാന ബഡ്ജറും വന്നതിനുശേഷമുണ്ടായ ഈ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിക്കുന്നില്ല. വിലക്കയറ്റം ഈ രാജ്യത്ത് മാരകമായ ക്യാൻസർ പോലെ നമ്മുടെ സമൂഹത്തിന്റെ ശരീരത്തെ ബാധിച്ചിരിക്കുകയാണ്. അലോപ്പതി ശാസ്ത്രം അനുസരിച്ച് അത് മുറിച്ചുനീക്കിയാൽ തന്നെ പോകുന്ന ഒരു മട്ടില്ല. ഈ മന്ത്രിയും ഗവൺമെന്റുമാണ് ഈ അഴിമതിക്കെല്ലാം ഉത്തരവാദി. ഇത്രയേറെ അഴിമതിയും കരിഞ്ചന്തയും നടത്തുന്നതിനെല്ലാം ഉത്തരവാദി ഈ ഗവൺമെന്റാണ്. ഈ ഗവൺമെന്റിന് അതിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. ഈ ഗവൺമെന്റ് ഇന്നുള്ള അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കണം. നിയമത്തിൽ ഇല്ലാത്തതിനെ നിയന്ത്രിക്കാനുള്ള അധികാരം കൊണ്ടുവരുമ്പോൾ അത് ജനങ്ങൾക്കുവേണ്ടി ഉപയോഗിക്കാനല്ല, ആ അധികാരം ഉപയോഗിച്ചുകൊണ്ട് അഴിമതി നടത്താനാണ് നിങ്ങൾ ഇതുവരെ ശ്രമിച്ചിട്ടുള്ളത്. ഇനിയും നിങ്ങൾ അതുതന്നെയല്ലേ ചെയ്യുകയെന്നാണ് ഈ ബിൽ അവതരിപ്പിച്ച മന്ത്രിയോടും ഈ ഗവൺമെന്റിനോടും എനിക്ക് ചോദിക്കാനുള്ളത്. വിലക്കയറ്റം തടയുന്നതിനുവേണ്ടി എന്തെങ്കിലുമൊരു നടപടി മുന്നുകൊല്ലംകൊണ്ട് ഈ ഗവൺമെന്റിന് എടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? മുമ്പത്തെ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള പൊതുവിതരണം ആകെ തകർത്ത ഗവൺമെന്റല്ലേ ഇത്? നിങ്ങൾക്ക് എന്തെങ്കിലും നടപടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാൻ കഴിയുമോ? ഒന്നിനും കഴിഞ്ഞിട്ടില്ല. ചിലപ്പോൾ ശ്രീ. ബീരാൻ പറയുമായിരിക്കും മാവേലി സ്റ്റോറുകളൊന്നും പൂട്ടിയിട്ടില്ലെന്ന്. പൂട്ടിയിട്ടില്ലെന്നുള്ളത് നേരാണ്. അവിടെ സാധനങ്ങൾ ഉണ്ടോ? പൊതുവിതരണം ആകെ കുഴപ്പത്തിലാക്കുകയും താറുമാറാക്കുകയുമാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. ഇവർക്ക് ഇതേപ്പറ്റിയൊന്നും ആലോചിക്കാൻ നേരമില്ല. വിലക്കയറ്റത്തിന്റെ ഉത്തരവാദിത്വം മുഴുവൻ ഈ സംസ്ഥാന ഗവൺമെന്റിനോ താണെന്നൊന്നും ഞാൻ പറയുന്നില്ല. ഈ വിലക്കയറ്റത്തിന്റെ പ്രധാന കാരണം കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക നയമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രസാമ്പത്തിക നയത്തിന്റെ ഫലമായി ഉണ്ടാകുന്ന വിലക്കയറ്റവും അതുപോലുള്ള ദുരിതങ്ങളും പരിഹരിക്കുന്നതിനുവേണ്ടിയുള്ള ചില നടപടികൾ എടുത്തിരുന്നു. അങ്ങനെയാണ് ശ്രീ. ചന്ദ്രശേഖരൻ നായരുടെ നേതൃത്വത്തിൽ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെട്ടത്. അതിനെ എല്ലാവരും പ്രശംസിച്ചു. അതുകൂടി നശിപ്പിക്കുകയാണ് നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. റേഷൻ വിതരണം ചെയ്യുന്നതിൽ അഴിമതിയാണ്. റേഷൻ ഷോപ്പുകാരും തന്നെ കമ്മീഷനും കൈക്കൂലിയും പിരിക്കുന്ന ഏർപ്പാടാണുള്ളത്. ഹോഴ്സെയിൽ പ്രൈവറുകാരുടെ കാൽക്കീഴിൽ നിങ്ങരെ അടിമപ്പെടുത്തിയിരിക്കുകയാണ്. അതാണ് ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമുള്ളത്. കേന്ദ്രഗവൺമെൻറിന്റെ സാമ്പത്തികനയം മാറാതെ ഈ രാജ്യത്തെ വിലക്കയറ്റത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങരെ പൂർണ്ണമായി പരിഹരിക്കാൻ കഴിയുമെന്ന വിശ്വാസം എനിക്കില്ല. കാരണം കനത്ത നികുതിയാണ്. കേന്ദ്ര സാമ്പത്തിക നയത്തിന്റെ ഫലമായിട്ടുള്ള ദുരിതം നമ്മുടെ രാജ്യത്തെ ജനങ്ങരം അനുഭവിക്കുകയാണ്. കേന്ദ്ര നികുതിയുടെ ഫലമായിട്ടുള്ള വിലക്കയറ്റം തടുക്കാൻ കഴിയാത്ത രീതിയിൽ എത്തി. ഇപ്പോരത്തന്നെ എവിടെ പോകുന്നുവെന്ന് പറയാൻ കഴിയുകയില്ല. 1200 കോടി രൂപയുടെ നികുതി ചുമത്തി. റയിൽവേ ചാർജ്ജ് 495 കോടി രൂപ കൂട്ടി. അതുപോലെതന്നെ 400 രൂപ സ്റ്റീലിന് വില കൂട്ടി. 1400 കോടി രൂപ പെട്രോളിയം ഉല്പന്നങ്ങരക്ക് വില കൂട്ടി. ശ്രീ. മാണി പത്തോ ഇരുപതോ കൂട്ടിയിരിക്കുന്നു. ശ്രീ. മാണിക്ക് ഇനി കൂട്ടാനൊന്നുമില്ല. നികുതി വർദ്ധിപ്പിക്കാനുമില്ല. ഈ നികുതിയുടെ ഫലമായിട്ടുള്ള വിലക്കയറ്റം ഒരുഭാഗത്ത്. വേറൊരുഭാഗത്ത് കമ്മി നോട്ടടിക്കൽ. കഴിഞ്ഞവർഷം എത്രയാണ് അയ്യായിരം കോടി അടിച്ചു. സെൻട്രൽ ബഡ്ജറ്റിൽ 1500 കോടി രൂപ കഴിഞ്ഞവർഷം കമ്മി. ഇപ്പോരം പുതുക്കിയ ബഡ്ജറ്റിൽ 3300 കോടിയായി ഇപ്പോരം 3349 കോടിയാണ് കമ്മി. അത് എത്ര എത്തുമെന്ന് അറിയില്ല. ഇപ്പോരംതന്നെ പാർലമെൻറ് നാലുമാസത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞിട്ടേയുള്ളു. സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവന്നത് 3800 കോടി രൂപയ്ക്കാണ്. 5518 കോടി രൂപ ഇപ്പോരംതന്നെ റിസർവ്വ് ബാങ്കിൽനിന്ന് കേന്ദ്രഗവൺമെൻറ് കടം എടുത്തുവെന്നാണ് പറയുന്നത്. എത്ര നോട്ട് ഇനി അടിയ്ക്കേണ്ടിവരും? നോട്ടിന്റെ വില കുറഞ്ഞുവരികയാണ്. 1984-ൽ ധനകാര്യമന്ത്രിയായിരുന്ന പ്രണാബ് മുഖർജി പാർലമെൻറിൽ പറഞ്ഞത് 1960-ൽ ഒരു രൂപയുടെ വില നൂറ് പൈസയാണെങ്കിൽ ഇപ്പോരം ഒരു രൂപയുടെ വില പന്തണ്ട് പൈസയാണെന്നാണ്. ഇപ്പോരം ഒന്നരക്കൊല്ലം കഴിഞ്ഞു. രൂപയുടെ വില എത്രയാണെന്ന് അറിയില്ല. ഏതായാലും 40 ശതമാനം വില കൂടിയത് കണക്കാക്കിയാൽതന്നെ ഏതാണ്ട് രൂപയുടെ വില എട്ടു പൈസയായി കുറഞ്ഞു. അത്രയേറെ കൊള്ളരുതാത്ത സാമ്പത്തികനയമാണ്. അതാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിച്ചപ്പോരം പറഞ്ഞത് കുത്തക മുതലാളിമാർക്കെല്ലാം സൗജന്യമാണെന്ന്. വിവരമില്ലാത്ത ഹസ്സൻ ചോദിച്ചു: ചൈനയിലെ കുത്തക മുതലാളിമാർക്ക് സൗജന്യം ചെയ്തുകൊടുത്തിട്ടില്ലേ എന്ന്. ഹസ്സനെ നിയമസഭയിൽനിന്ന് റെക്കമെൻറ് ചെയ്തത് ചൈനയിലേക്കയയ്ക്കണം. മോസ്കോയിൽ പോയ യൂത്ത് കോൺഗ്രസിന്റെ മാതിരിയാകരുതെന്ന് ശ്രീ. ഹസ്സനോട് ഒരു അഭ്യർത്ഥനയുണ്ട്. യൂത്തു കോൺഗ്രസുകാർ അവിടെ പോയിട്ട് നമ്മുടെ നാടിനെ നാറ്റി. മോസ്കോ നഗരം മൂന്നിൽരണ്ടുഭാഗം കാടാണ്. മലങ്കോവിന്റെ മക്കരം എന്നു വിളിച്ചതല്ലാതെ. ഞങ്ങരം പോയിട്ടില്ല. യൂത്ത്കോൺഗ്രസുകാർ വിചാരിച്ചു നമ്മുടെ നാട്ടിലെ നൂറുദ്ദീന്റെ കാട്ടിലെപ്പോലെതന്നെ ഇതിനകത്തും കളിക്കാമെന്ന്. അങ്ങനെയാണ് ചെറുപ്പക്കാർ പെൺപിള്ളാരെയും പിടിച്ചുകൊണ്ട് കയറിയത്. അപ്പോരം പട്ടി കഴുത്തിന് പിടിച്ചു എന്നാണ് പറയുന്നത്. അവിടെ പട്ടികളെയാണ് കാവൽ ഏർപ്പെടുത്തിയിരിക്കുന്നത്. ഹസ്സൻ ചൈനയെപ്പറ്റി മനസ്സിലാക്കാതെയാണ് പറയുന്നത്. അതുകൊണ്ട് ഹസ്സനെ ചൈന

LIBRARY ARCHIVES Kerala Legislative Assembly

യിലേക്ക് അയയ്ക്കണം. അങ്ങനെ അയച്ചാൽ മോസ്കോയിൽ പോയ യൂത്തു കോൺഗ്രസുകാരെപ്പോലെ ആകരുതെന്ന അഭ്യർത്ഥന മാത്രമേ ഉള്ളു.

ശ്രീ. എം. എം. ഹസ്സൻ: ആദ്യമായിട്ട് ചൈനയിലും റഷ്യയിലും ശ്രീ. എം. വി. രാഘവനെയാണ് അയയ്ക്കേണ്ടത്. കമ്മ്യൂണിസം എന്താണെന്ന് പഠിച്ചിട്ടു വന്നാൽ അദ്ദേഹത്തിന് വലിയ നേതാവാകാൻ സാധിക്കും. അതുകൊണ്ട് എം. വി. രാഘവനെ അങ്ങോട്ട് അയയ്ക്കണമെന്ന് ശ്രീ. നായനാരോട് ശുപാർശചെയ്യുന്നു. ശ്രീ. രാഘവൻ നമ്മുടെ രാജ്യത്തെ വലിയ നേതാവാണ്. അങ്ങ് അവിടെയെല്ലാം സന്ദർശിക്കണം. അതുകൊണ്ട് അങ്ങേയ്ക്കു മാത്രമല്ല ഞങ്ങൾക്കും എല്ലാം ഗുണമുണ്ട്. അതുകൊണ്ടാണ് അങ്ങ് പോകണമെന്ന് പറയുന്നത്.

ശ്രീ. എം. വി. രാഘവൻ: അവിടെ പോകാതെതന്നെ കമ്മ്യൂണിസത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ശ്രീ. ഹസ്സൻ ഒന്നു പോയി മനസ്സിലാക്കണം. കാരണം ചൈനയിൽ കുത്തക മുതലാളിത്തം ഉണ്ടെന്നുപറഞ്ഞാൽ സാധാരണ പത്രം വായിക്കുന്ന ആളുകൾപോലും വിശ്വസിക്കുകയില്ല.

ശ്രീ. എം. എം ഹസ്സൻ: ഞാൻ അങ്ങനെയല്ല പറഞ്ഞത്. കുത്തക മുതലാളിമാർക്കും കുത്തക കമ്പനികൾക്കും ചൈനയിൽ പ്രോത്സാഹനം നൽകുന്നു എന്നാണ് ഞാൻ പറഞ്ഞത്. അത് നിഷേധിക്കാൻ കഴിയുമോ? അവിടെ കുത്തക മുതലാളിത്തം ഉണ്ടെന്ന് പറയാനുള്ള വിവരക്കേടൊന്നും എനിക്കില്ല.

ശ്രീ. എം. വി. രാഘവൻ: ചൈനയിൽ കുത്തക മുതലാളിവർഗ്ഗമെന്നു പറയുന്നത് ഇല്ല. ചൈനയിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയാണുള്ളത്. മുതലാളിയെന്ന് പറഞ്ഞത് ഇല്ല. അവിടെ ഭൂമിയും വ്യവസായവും എല്ലാം പൊതു ഉടമയിലാണ്. അവിടെ കുത്തക മുതലാളിമാരില്ല. കുത്തകമുതലാളിമാരില്ലത്ത സ്ഥലത്ത് അതുണ്ടെന്നുപറയാൻ പാടുമോ? ശ്രീ. ഹസ്സൻ തെറ്റിദ്ധരിച്ചിട്ടുണ്ടാകും. കോംഗോയുടെ ഒരു ഭാഗത്ത് പുതിയ കൊളോണിയലിസമെപ്പറ്റി ചൈനാക്കാർ മനസ്സിലാക്കാൻവേണ്ടി കോംഗോയുടെ തൊട്ടടുത്ത പ്രദേശത്ത് ചില വിദേശ വ്യവസായം നടത്തിവരുന്നുണ്ട്. ആ ഒരു പ്രത്യേക പ്രദേശത്തുമാത്രം ചൈന പ്രോക്ടീസിനോ അതല്ലെങ്കിൽ പഠനത്തിനോവേണ്ടി വിദേശ വ്യവസായികളെ അനുവദിച്ചിട്ടുണ്ട്. ആ വിദേശ വ്യവസായികളും അവിടെയുണ്ട്. അത് ഒരു പിരീഡ്ഡ് ഇൻവെസ്റ്റുചെയ്തുവച്ചതാണ്. അല്ലാതെ ചൈനയുടെ സമ്പദ്ഘടനയിൽ അങ്ങനെയൊരു മുതലാളിത്ത വ്യവസ്ഥിതിയില്ലെന്നുള്ളത് ഇനിയെങ്കിലും എന്റെ സ്നേഹിതൻ മനസ്സിലാക്കുന്നത് അദ്ദേഹത്തിനും ഈ നാട്ടിലെ ജനങ്ങൾക്കും നല്ലതാണെന്നുമാത്രം പറയുകയാണ്. ഇൻഡ്യാ രാജ്യത്ത് കെട്ടിപ്പൊക്കുന്ന മുതലാളിത്ത സമ്പദ്ഘടനയുടെ ദുഷ്ടഫലങ്ങൾ ഈ രാജ്യത്തിലെ 73 കോടി ജനങ്ങൾ അനുഭവിക്കുകയാണ്. അതെപ്പറ്റി പറയുമ്പോൾ ചൈനയെപ്പറ്റിയും മാവോ രാജ്യങ്ങളെപ്പറ്റിയും, പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? ജ്യോതിബസുവിന്റെ മരുമകനെപ്പറ്റി പറഞ്ഞു. ഇതെല്ലാം ഈ ബില്ലുമായി എന്താണ് ബന്ധം? വിവരമില്ലത്തവരുടെ ആളുകൾ അസംബ്ലിയിൽ ഇരിക്കുന്നു എന്നുള്ളതുകൊണ്ട് ഞങ്ങൾ ഇത് കേൾക്കണമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആരെങ്കിലും അങ്ങനെയൊക്കെ പറയാൻ പോയാൽ അങ്ങും അങ്ങനെ പോകരുത്. അങ്ങ് ഈ ബില്ലിനെക്കുറിച്ച് അറിയാവുന്ന ആളാണ്.

ശ്രീ. എം. വി. രാഘവൻ: അതിന് ഒരു ബുദ്ധിമുട്ടുണ്ട്. കാരണം ഇതാണ് ഇവിടെ പറഞ്ഞതെന്ന് പത്രക്കാർ നാളെ എഴുതും. അതിന് മറുപടി പറയണ്ടേ? ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് പരിചയസമ്പന്നനായ ആളാണ്. അതുകൊണ്ട് ആരെങ്കിലും കുടുകയറിപ്പോയതുകൊണ്ട് അങ്ങും കുടുകയറരുത്.

ശ്രീ. എം. വി. രാഘവൻ: ഞാൻ അതേപ്പറ്റി പറയുന്നില്ല. ജ്യോതിബാസുവിന്റെ മകൻ കുത്തകവ്യവസായി ആണെന്ന് എനിക്കറിയില്ല. ഇനി അങ്ങനെയാണെങ്കിൽത്തന്നെ ജ്യോതിബാസുവിന്റെ മകന്റെ വ്യവസായമുൾപ്പെടെ നാഷണലൈസ് ചെയ്യണമെന്ന് പറയുന്ന പാർട്ടിയാണ് എന്റെ പാർട്ടി.

നിങ്ങളുടെ പാർട്ടിമാതിരി നാണംകെട്ട പാർട്ടിയല്ല മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. അവന്റെ കൈയ്ക്ക് വിലങ്ങ് വയ്ക്കണം, അവനെ പിടിച്ചുവയ്ക്കണമെന്നു പറയുന്ന പാർട്ടിയാണ് എന്റെപാർട്ടി. നിങ്ങളുടെമാതിരി ഏത് കുടുംബത്തിൽ പിറന്നു, ഏത് വയറ്റിൽനിന്ന് പിറന്നു എന്ന് നോക്കുന്ന പാർട്ടിയല്ല എന്റെ പാർട്ടി. മോത്തിലാൽ കഴിഞ്ഞ് ജവഹർലാൽ, ജവഹർലാൽ കഴിഞ്ഞ് ഇന്ദിര, ഇന്ദിര കഴിഞ്ഞ് രാജീവ്, രാജീവ് കഴിഞ്ഞ് ഇനി ഇറാലിക്കാരിപ്പെണ്ണ്, സോണിയായുടെ മക്കൾ. ഇതൊന്നുമല്ല എന്റെ പാർട്ടി. ജ്യോതിബാസുവിന്റെ മകനായാൽ ഇവിടെ യാതൊരു പ്രയോറിട്ടിയുമില്ല. അവൻ കൊള്ളരുതായ്മ കാണിച്ചിട്ടുണ്ടെങ്കിൽ അവനെ ശിക്ഷിക്കണം. അവൻ തെമ്മാടിത്തരം കാണിച്ചിട്ടുണ്ടെങ്കിൽ അവനെ ശിക്ഷിക്കണം. അവൻ കരിഞ്ചന്ത നടത്തിയിട്ടുണ്ടെങ്കിൽ അവനെ പിടിക്കണം. കരിഞ്ചന്ത നടത്തുന്നവരെ തൂക്കിലേറ്റുമെന്നു ജവഹർലാൽ നെഹ്രു പറഞ്ഞിട്ട് രണ്ട് ദേഹം മരിക്കുന്നതുവരെ ആരെയും തൂക്കിലേറ്റിയിട്ടില്ല. ജ്യോതിബാസുവിന്റെ മകൻ കരിഞ്ചന്തക്കാരനാണെങ്കിൽ നിയമം കൊണ്ടുവന്ന് ശിക്ഷിക്കണം. ജ്യോതിബാസു അവിടെ വ്യവസായം തുടങ്ങി. ജ്യോതിബാസുവാണോ വിദേശമൂലധനം ക്ഷണിക്കുന്നത്? ഇവിടത്തെ ഗവൺമെന്റിന് അധികാരമുണ്ടോ വിദേശമൂലധനം കൊണ്ടുവരാൻ? ശ്രീ. കരുണാകരന്റെ ഗവൺമെന്റിന് അധികാരമുണ്ടോ? കേൺസ്ട്രക്ഷൻ അനുസരിച്ച് വിദേശവ്യാപാരവും വിദേശബിസിനസും വിദേശമൂലധനവും ആരാണ് നിയന്ത്രിക്കുന്നത്? സംസ്ഥാന ഗവൺമെന്റാണോ? കേന്ദ്രഗവൺമെന്റല്ലേ? അതിന്റെ അടിസ്ഥാനത്തിൽ ലോകബാങ്കുകളുമായിട്ട് പല കരാറുകളും ഉണ്ടായിട്ടുണ്ട്. ആ കരാർ അനുസരിച്ച് അണ്ടർഗ്രൗണ്ട് റയിൽവേ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടക്കുന്നുണ്ട്. ശ്രീ. ഇ. കെ. നായനാർ ഭരിച്ചപ്പോഴും പല കരാറുകളും അനുസരിച്ച് നടന്നിട്ടില്ലേ? ഞങ്ങളും ഈ രാജ്യത്ത് കുത്തകമുതലാളിത്തം അവസാനിപ്പിച്ച് സോഷ്യലിസം കെട്ടിപ്പടുക്കാൻ ശ്രമിക്കുകയാണ്. അങ്ങനെ ശ്രമിക്കുമ്പോൾ ഞങ്ങളും ഏതെങ്കിലും ഒരു സംസ്ഥാനത്തു വന്നാൽ ഞങ്ങൾക്ക് അതിന് അധികാരമൊന്നുമില്ല. അത് കേന്ദ്ര ഗവൺമെന്റാണ് ചെയ്യേണ്ടത്. ആ പദ്ധതിയാണ് അവിടെ നടപ്പിൽ വരുത്തുന്നത്. അത് ജ്യോതിബാസു ഭരിക്കുന്നതുകൊണ്ട് ഉണ്ടാക്കിയിട്ടുള്ളതല്ല. മുതലാളിത്തം നശിപ്പിച്ച് സോഷ്യലിസം നടപ്പിൽ വരുത്താനുള്ള ശ്രമമാണ് നടത്തുന്നത്. ഇവിടെ അവശ്യസാധനങ്ങളുടെ വില

[1. P. M.]

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണത്തെക്കുറിച്ചാണ് ചർച്ച. അതുകൊണ്ട്, ഇമ്മാതിരി കൊള്ളരുതാത്ത വാദഗതി ശ്രീ. രാമചന്ദ്രൻ മാസ്റ്ററെപ്പോലുള്ള ആളുകൾ വിവരമുണ്ടെന്ന് നടിച്ചിട്ട് കൊണ്ടുവരുമ്പോൾ ആ വിവരക്കേടിന് മറുപടി പറയാതിരിക്കുന്നത് മോശമാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞത്. സംസ്ഥാനഗവൺമെൻറായാലും ശരി, കേന്ദ്രഗവൺമെൻറായാലും ശരി, വിലക്കയറ്റം, അവശ്യസാധനങ്ങളുടെ വിലനിയന്ത്രണമെന്നു പറയുന്ന ആ രീതിതന്നെ ഇല്ലാതാക്കിക്കഴിഞ്ഞു. വിലക്കയറ്റമല്ലാതെ 39 കൊല്ലമായി ഇൻഡ്യയിൽ ഒന്നും ഉണ്ടായിട്ടില്ല. കേന്ദ്ര സാമ്പത്തിക നയത്തിൻറെ ഫലമായിട്ടാണ് ഇതുണ്ടായിട്ടുള്ളത്. അതാണ് ഞാൻ പറഞ്ഞത്, നോട്ടടിക്കുകയാണ് ഒരു ഭാഗത്ത്, വേറൊരുഭാഗത്ത് പരോക്ഷ നികുതി. ഇതിൻറെയെല്ലാം ഫലമായി വിലക്കയറ്റം. ആ വിലക്കയറ്റം തടയാൻ ജനങ്ങളും പ്രക്ഷോഭണവും സമരവും നടത്തുമ്പോൾ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമെന്നാണ് പ്രധാനമന്ത്രി പറഞ്ഞത്. ഈ രാജ്യത്തിലെ പാർലമെൻററി ജനാധിപത്യത്തെ മുമ്പ് നശിപ്പിച്ചതുപോലെതന്നെ ഇനിയും നശിപ്പിക്കാൻ ഞാൻ മടിക്കുകയില്ലെന്നാണ് യുവാവായിട്ടുള്ള ഇൻഡ്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി അദ്ദേഹത്തിൻറെ ആദ്യത്തെ പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചത്.

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ദേഹത്തിൻറെ പത്രസമ്മേളനത്തിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിനെക്കുറിച്ച് പറഞ്ഞതിന് പ്രതിപക്ഷനേതാക്കളിൽനിന്ന് ഉണ്ടായ പ്രസ്താവനയെത്തുടർന്ന് അദ്ദേഹം വളരെ വ്യക്തമായവിശദീകരണം നൽകിയതിനുശേഷവും ഇതുപോലുള്ള സഭാവേദിയിൽനിന്ന് പ്രധാനമന്ത്രിയുടെ ആ പ്രസ്താവനയെ വളച്ചൊടിച്ച് സംസാരിക്കുന്നത് ശരിയല്ല. പ്രത്യേകിച്ച് ശ്രീ. രാഘവനെപ്പോലുള്ള ആളുകളിൽനിന്ന് അങ്ങനെയൊരു പരാമർശനമുണ്ടാകുന്നത് വളരെ ഖേദകരമാണ്.

ശ്രീ. എം. വി. രാഘവൻ: പ്രധാനമന്ത്രി പ്രഥമ പത്രസമ്മേളനത്തിൽ, വേണ്ടിവന്നാൽ അമ്മയെപ്പോലെ ഞാനും അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമെന്നു പറഞ്ഞു. ആ സ്റ്റേറ്റ്മെൻറിനെത്തുടർന്ന് ഭരണഘടന 44-ാം വകുപ്പിന് ഭേദഗതി വന്നിട്ടുണ്ട്, ആ ഭേദഗതി അനുസരിച്ച് മുമ്പ് തിരഞ്ഞെടുപ്പ് കേസിൽ വിധി പ്രസ്താവിച്ചപ്പോൾ പ്രഖ്യാപിച്ചതുപോലെ കഴിയുകയില്ല, ആഭ്യന്തര കലാപമോ വിദേശ ആക്രമണമോ ഉണ്ടായാലേ സാധിക്കുകയുള്ളൂവെന്നു പറഞ്ഞു. അതിൻറെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രി പറഞ്ഞത് ഞാൻ പറഞ്ഞിട്ടില്ലെന്നല്ല, വേണ്ടിവന്നാൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമെന്നാണ്. പിന്നെ ഹസ്സൻ എന്തിനാണ് എന്നെ തിരുത്തുന്നത്? വേണ്ടിവന്നാൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമെന്നുതന്നെയാണ് പറഞ്ഞത്. നേതാക്കൻമാരോട് പറഞ്ഞതും പാർലമെൻറിൽ പറഞ്ഞതും അതുതന്നെയാണ്.

ശ്രീ. എം. എം. ഹസ്സൻ: അദ്ദേഹത്തിൻറെ പത്രസമ്മേളനം ടെലികാസ്റ്റ് ചെയ്തത് എല്ലാവരും കണ്ടതാണ്. ആ സാഹചര്യമുണ്ടായാൽ ആലോചിക്കുമെന്നല്ലാതെ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമെന്ന് പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞ ഓരോ വാക്കും ഇൻഡ്യയിലെ എല്ലാ ആളുകൾക്കും കാണാൻ അവസരമുണ്ടായതാണ്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഏതായാലും എമർജൻസി അവശ്യസാധനമാണെന്ന് ആരും പറഞ്ഞില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: വേണ്ടിവന്നാൽ അടിയന്തിരാവസ്ഥ നടപ്പിലാക്കുമെന്ന് രാജീവ്ഗാന്ധി പറഞ്ഞത് അക്ഷരംപ്രതി അവിടെയുണ്ട്. ആദ്യം പറഞ്ഞത് തെറ്റായിരുന്നു.

ശ്രീ. എം. വി. രാഘവൻ: പ്രധാനമന്ത്രിയുടെ പ്രസ്താവന നിയമസഭയിൽ വിവാദവിഷയമാക്കുകയെന്നു പറഞ്ഞാൽ അത് മോശമല്ലേ? ഞാൻ പറഞ്ഞത് ശ്രീ. ഹസ്സൻ തെറ്റിദ്ധരിക്കേണ്ടതില്ല. ആവശ്യമാണെങ്കിൽ പ്രഖ്യാപിക്കുമെന്നേ പറഞ്ഞിട്ടുള്ളൂ. അല്ലാതെ നാളെ പ്രഖ്യാപിക്കുമെന്ന് പറഞ്ഞിട്ടില്ല. ആവശ്യമാണെങ്കിൽ പ്രഖ്യാപിക്കുമെന്നു പറഞ്ഞാൽ, പാർലമെന്ററി ജനാധിപത്യത്തെ മുമ്പ് നശിപ്പിച്ചതുപോലെ ആവശ്യമാണെങ്കിൽ ഇനിയും നശിപ്പിക്കാൻ തയ്യാറാണെന്നാണ്.

ശ്രീ. ഇ. കെ. നായനാർ: അതിന് മറുപടിയും കൊടുത്തു. അതു കഴിഞ്ഞാൽ അമ്മയ്ക്കു നേരിട്ടതുപോലെ മകനും നേരിടുമെന്ന മറുപടിയും കൊടുത്തു.

ശ്രീ. എം. വി. രാഘവൻ: ആവശ്യമാണെങ്കിൽ പ്രഖ്യാപിക്കുമെന്നാണ് പറഞ്ഞത്. അതുകൊണ്ടാണ് ഞാൻ അത് പരാമർശിച്ചത്. ഈ രാജ്യത്ത് അഞ്ചിൽ നാല് ഭൂരിപക്ഷം കിട്ടി അധികാരത്തിൽ കയറിയിട്ടുള്ള സർക്കാരിന്റെ യുവാവായിട്ടുള്ള പ്രധാനമന്ത്രി (40 വയസ് പ്രായമുള്ള യുവാവായ ഒരു മാന്യനാണ് ഇൻഡ്യയുടെ പ്രധാനമന്ത്രി എന്നുള്ളതിൽ ഞങ്ങൾക്കെല്ലാം അഭിമാനമുണ്ട്) അദ്ദേഹത്തിന്റെ ആദ്യത്തെ പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചത് ജനാധിപത്യത്തെ കശാപ്പുചെയ്യാൻ ഞാൻ മടിക്കുകയില്ലെന്നാണ്. അതാണ് ഞങ്ങൾ പറഞ്ഞത്, 1975 ജൂൺ 26-ാം തീയതി ജനാധിപത്യം കശാപ്പു ചെയ്തു. 1977 മാർച്ച് 21-ാം തീയതി ആ കശാപ്പുകാരെ ഈ രാജ്യത്തുനിന്നും ഇറക്കിവിട്ടു. അതുപോലെ ഇനിയും ജനാധിപത്യത്തെ കശാപ്പുചെയ്താൽ ഇപ്പോഴത്തെ അഞ്ചിൽ നാല് ഭൂരിപക്ഷം കിട്ടിയെന്നൊന്നും നോക്കണ്ട, നിങ്ങളേയും ഇറക്കിവിടും എന്നാണ് ഇൻഡ്യയിലെ ജനാധിപത്യകാംക്ഷികൾക്ക് പറയാനുള്ളത്.

കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മൂന്നുകൊല്ലത്തെ രേഖ പരിശോധിച്ചാൽ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനോ അതുപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോ യാതൊന്നും ചെയ്തിട്ടില്ല. അരിയുടെ വിലയെക്കുറിച്ചല്ല, മണ്ണെണ്ണ കിട്ടാത്തതിനെക്കുറിച്ചല്ല, റേഷൻഷോപ്പുകളിൽകൂടിയുള്ള അരിവിതരണം സ്തംഭിച്ചതിനെക്കുറിച്ചല്ല, പഞ്ചസാര വിലകൂടിയതിനെക്കുറിച്ചല്ല. ഈ രാജ്യത്തിലെ ജനങ്ങളുടെ മറ്റ് അത്യാവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനെക്കുറിച്ച് ഇവർ ആലോചിക്കേണ്ടേ? അവർക്ക് അതൊന്നും ആലോചിക്കാൻ നേരമില്ല. ഇങ്ങനെയൊരു നിയമനിർമ്മാണംതന്നെ ഈ രാജ്യത്ത് മുഴുവൻ പ്രക്ഷോഭം ആയതുകൊണ്ട്, ഞങ്ങൾ പ്രക്ഷോഭണം കൂട്ടിയതുകൊണ്ടാണ് കൊണ്ടുവന്നത്. ഇവർക്ക് അരിയുടെ വില കൂടിയാൽ പ്രശ്നമുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: പ്രതിപക്ഷപാർട്ടികളുടെ പ്രക്ഷോഭത്തിന്റെ ഫലമായി കൊണ്ടുവന്ന നിയമമാണെന്ന് അദ്ദേഹം പറഞ്ഞത് തെറ്റിദ്ധരിച്ച് പറഞ്ഞതാണ്. 1962-ൽ വന്ന് 1982 വരെ ഉണ്ടായിരുന്ന ഒരു നിയമം. അത് പിന്നീട് 1982-ന് ശേഷം ആർഡിനൻസായി. ആ ആർഡിനൻസ് ബില്ലാക്കാൻ കൊണ്ടുവന്ന നിയമമാണ്. പത്തിരുപത്താറു കൊല്ലമായി ഉള്ള നിയമമാണ്. അല്ലാതെ പ്രതിപക്ഷത്തിന്റെ പ്രക്ഷോഭത്തിന്റെ ഫലമായി കൊണ്ടുവന്ന നിയമമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ശ്രീ. ഹസ്സൻ മനസ്സിലാക്കിയതാണ് തെറ്റ്. പ്രക്ഷോഭത്തിന്റെ ഫലമായിട്ടാണ് ബില്ലുകൾതന്നെ കൊണ്ടു വരുന്നത്. ഇല്ലെങ്കിൽ ആർഡിനൻസേ നടക്കുമായിരുന്നുള്ളൂ. ഇത് ചർച്ചയ്ക്കു വിട്ടതുതന്നെ ഞങ്ങൾ പ്രക്ഷോഭം കൂട്ടിയിട്ടാണല്ലോ. നിങ്ങൾ കേൾക്കുന്നതിനുമുമ്പ് തുള്ളണ്ട. എന്താണ് പറയുന്നതെന്ന് കേൾക്കണം.

ഞാൻ പറഞ്ഞുവന്നത്, നിങ്ങൾക്ക് ഇതൊന്നും പ്രശ്നമല്ല എന്നാണ്. നിങ്ങൾക്ക് എന്താണ് പ്രശ്നം? രണ്ട് കോൺഗ്രസും തമ്മിൽ ലയിക്കൽ, രണ്ട് ലീഗ് തമ്മിൽ ലയിക്കൽ, പിള്ള പ്രശ്നം, കേരള കോൺഗ്രസ് പ്രശ്നം, കോൺഗ്രസ് (ഐ) യും (എ) യും തമ്മിൽ പ്രശ്നം, എസ്. ആർ. പി. പ്രശ്നം, എൻ. ഡി. പി. പ്രശ്നം, അല്ലാതെ അരിയുടെ പ്രശ്നമാണോ? മണ്ണെണ്ണ പ്രശ്നമാണോ? റേഷൻഷോപ്പുകളിൽകൂടി അരി കൊടുക്കാത്ത പ്രശ്നമാണോ? കശുവണ്ടിയുടെ പ്രശ്നമാണോ? കൈത്തറിയുടെ പ്രശ്നമാണോ? ബീഡിപ്രശ്നമാണോ, ഫിഷർമെൻ കഷ്ടപ്പെടുന്നതാണോ? അല്ല. എന്താണ് പിന്നെ പ്രശ്നം? കോൺഗ്രസ് പ്രശ്നം, എസ്. ആർ. പി. പ്രശ്നം, എൻ. ഡി. പി. പ്രശ്നം, ഇപ്പോൾ പിള്ള പ്രശ്നം.

ഇന്ന് അസംബ്ലി കൂടുകയില്ലെന്നാണ് ഞാൻ വിചാരിച്ചത്. കേരള കോൺഗ്രസിന്റെ യോഗ്യൻമാർ പ്രസംഗിച്ചു, 'മൂന്നാം തീയതി അസംബ്ലി ചേരണമെങ്കിൽ ബാലകൃഷ്ണപിള്ളയെ മന്ത്രിയാക്കണം.' ആ നാവരിഞ്ഞ് ഉപ്പിലിടണം. ഈ രാജ്യത്ത് രാഷ്ട്രീയത്തിൽ വാക്കിനു വിലവേണ്ടേ? ശ്രീ. മാണി അമേരിക്കയിൽനിന്ന് പിള്ളപ്രശ്നം തീർക്കാൻവേണ്ടി വന്നു. മൂന്നാം തീയതി അസംബ്ലി ചേരുമെങ്കിൽ ബാലകൃഷ്ണപിള്ള മന്ത്രിയായിരിക്കുമെന്നാണ് പറഞ്ഞത്. എനിക്ക് വാസ്തവത്തിൽ ദുഃഖമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എന്താണ് തെരുവിൽവച്ച് വിളിച്ചത്? 24-ാം തീയതി ഞാൻ കേട്ടതല്ലേ? കരുണാകരാ കാട്ടുകള്ളാ, കരുണാകരാ കാട്ടുകള്ളാ, മാണിക്ക് പണിപോയാൽ സുപ്രീംകോടതിയിൽ വക്കീൽ; ജോസഫിന് പണിപോയാൽ തൊടുപുഴയിൽ വാദ്ധ്യാർ; കരുണാകരന് പണിപോയാൽ മാളയിൽ അമ്പലത്തിൽ ചെണ്ടകൊട്ടൽ. കരുണാകരാ മാരാരേ, കരുണാകരാ കാട്ടുകള്ളാ, കരുണാകരാ കാട്ടുകള്ളാ എന്നല്ലേ വിളിച്ചത്? എന്നിട്ട് രണ്ടുകൂട്ടരും ഇവിടെ വന്നിരുന്നു ചിരിക്കുന്നു. തൊലിക്ക് വല്ലാത്ത കട്ടിതന്നെ! ഇവർക്ക് വിലക്കയറ്റമൊന്നും പ്രശ്നമല്ല, ഇവർക്ക് ഒരു പ്രശ്നവുമില്ല. വടക്കേ മലബാറിൽ ഒരു കഥ പറയും, തൃശ്ശൂരിൽ പറയുമോയെന്ന് എനിക്കറിയില്ല. ഭാര്യയും ഭർത്താവും തമ്മിലടിച്ച് വീരുന്നുവന്നവനെ പറഞ്ഞയയ്ക്കുക. കഥ ഇങ്ങനെയാണ്. വിരുന്നുകാരനെ പറഞ്ഞയക്കാൻവേണ്ടി ഭാര്യയും ഭർത്താവും തമ്മിലടിച്ചു, എന്നാൽ വിരുന്നുകാരൻ അപ്പുറത്തുപോയി ഒളിച്ചുനിന്നു. വിരുന്നുകാരൻ പോയി എന്നു വിചാരിച്ച് ഭാര്യയും ഭർത്താവുംകൂടി പറയുകയാണ് 'എങ്ങനെ എന്റെ തന്ത്രം ഫലിച്ചില്ലേ' എന്ന്. ഇങ്ങനെ മേൻമ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ വിരുന്നുകാരൻ തിരിച്ചുവന്നു പറഞ്ഞു, എന്നെ പറഞ്ഞുവിടാൻ നോക്കണ്ട, ഞാൻ പോയില്ല എന്ന്. ഇതുപോലെ ഈ നാട്ടുകാരെ പറഞ്ഞുവിടാൻ നിങ്ങൾ നോക്കണ്ട. ഏതുപോലെയാണെന്നു പറഞ്ഞാൽ, തെരുവിൽ ഇറങ്ങി മുദ്രാവാക്യം വിളിക്കുക, തെരുവിൽ ഇറങ്ങി പ്രസംഗിക്കുക എന്നിട്ട് മാൻഡേറ്റ് കൊടുക്കുക. പഞ്ചാബ് എങ്കിൽ പഞ്ചാബ്, ആസ്സാം എങ്കിൽ ആസ്സാം എന്നു വിളിച്ചില്ലേ കേരള കോൺഗ്രസുകാർ? മുഖ്യമന്ത്രിക്ക് ഇതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? കാട്ടുകള്ളാ എന്നു വിളിച്ചില്ലേ? എവിടെപ്പോയി നിങ്ങളുടെ നാക്ക്? നാക്കടഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

പോയോ? പഞ്ചാബ് മോഡൽ എന്നു പ്രസംഗിച്ചതുകൊണ്ടല്ലേ ബാല കൃഷ്ണപിള്ളയെ പുറത്താക്കണമെന്നു പറഞ്ഞത്? 'പഞ്ചാബ് എങ്കിൽ പഞ്ചാബ്, ആസ്സാം എങ്കിൽ ആസ്സാം ആരുണ്ടിവിടെ ചോദിക്കാൻ' എന്ന് കരുണാകരനോടാണ് ചോദിച്ചത്. കരുണാകരൻ പറഞ്ഞു ഞാൻ ഹൈക്കോടതി വിധി പഠിച്ചുകൊണ്ടിരിക്കുന്നുവെന്ന്. എന്തിനാണ് ഈ നാണംകെട്ട രീതി? ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, നിങ്ങൾക്ക് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സമയം ഉണ്ടോ? അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തെപ്പറ്റി ചിന്തിക്കാൻ സമയമുണ്ടോ? ഇല്ല. നിങ്ങൾക്ക് സ്വന്തം കസേര ഉറപ്പിക്കാനേ സമയമുള്ളൂ. കേരള കോൺഗ്രസ് കീഴടങ്ങുമോയെന്ന് നോക്കുക, ഇല്ലെങ്കിൽ ഞാൻ കീഴടങ്ങും. ഇത് രണ്ടുമല്ല പ്രശ്നം. ആത്മാഭിമാനമുള്ള ഒരു പാർട്ടിക്ക് ഇവരുമായി തുടരാൻ സാധിക്കുമോ? നിങ്ങളുടെ മാൻഡേറ്റ് അനുസരിച്ച് ഇതിൽ തുടരാൻ സാധിക്കുമോ? ഞാൻ നിങ്ങളെ പ്രകോപിപ്പിക്കാൻ പറയുന്നതല്ല, നിങ്ങൾ ഈ മുന്നണിയിൽത്തന്നെ തുടർന്നോ. ഞങ്ങളാരും നിങ്ങളെ ക്ഷണിക്കുന്നതേയില്ല, ഞങ്ങളെ കണ്ടിട്ട് ചൂണ്ടിപ്പണം വാങ്ങുകയും വേണ്ട. പക്ഷെ ആത്മാഭിമാനമുള്ളവർ മാൻഡേറ്റ് കൊടുത്തിട്ട് നിൽക്കുകയില്ല. കരുണാകരന്റെ ആത്മാഭിമാനത്തെപ്പറ്റി പറയണ്ടല്ലോ. കാരണം നിങ്ങൾ തന്നെ പറഞ്ഞല്ലോ കാട്ടുകള്ളനാണെന്ന്. ജനങ്ങളുടെ ഒരു പ്രശ്നവും പരിഹരിക്കാൻ കഴിയാതെ, ജനകീയ പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കാൻ കഴിയാതെ ഈ നിയമസഭയിൽവന്ന് അവശ്യസാധനങ്ങളെക്കുറിച്ചോ മറ്റോ പ്രസംഗിച്ചിട്ട് കാര്യമില്ല. ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാനും അത് നടപ്പിൽ വരുത്താനും കഴിയാത്ത ഒരു ഗവൺമെന്റാണിത്. ഇതിൽ പരാജയപ്പെട്ട ഒരു ഗവൺമെന്റാണിത്. അതുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായം തേടുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലിനെ എതിർക്കുകയല്ല ഞാൻ. ഓർഡിനൻസിനു പകരമായിട്ടാണ് ഈ ബിൽ അവതരിപ്പിച്ചത് എന്നു പറഞ്ഞു. അങ്ങനെയൊരു ഓർഡിനൻസേ ഇവിടെ ഇല്ല. മരിച്ച് ഓർഡിനൻസാണുള്ളത്. അതായത് വർഷങ്ങൾക്കുമുമ്പാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. ബഹുമാനപ്പെട്ട സ്പീക്കർ ഇതിന് അനുമതി കൊടുത്ത നടപടിതന്നെ ശരിയല്ല. ഒരു ഓർഡിനൻസ് പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതെന്ന് അവകാശപ്പെട്ടപ്പോൾ അതിന് അംഗീകാരം കൊടുത്ത നടപടിതന്നെ തെറ്റാണ്. അങ്ങ് ഇത് പരിശോധിക്കാമെന്നു പറഞ്ഞു. അങ്ങ് ഇത് പരിശോധിക്കണം. ഇത് അവതരിപ്പിക്കാൻ മനപ്പൂർവ്വം ഈ ദിനം കണ്ടെത്തിയതാണോയെന്ന് എനിക്കറിയില്ല. രേണപക്ഷ ബഞ്ചുകളിൽ മരണവീട്ടിലെ പ്രതീതിയാണുള്ളത്; ഒരു പൊതു ശ്മശാനത്തിലെ ശൂന്യതയാണുള്ളത്. ആ ശൂന്യതയിലാണ് നമ്മൾ ഇപ്പോൾ ഇതിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്.

മി. സ്പീക്കർ: നിയമസഭയിൽ അങ്ങനെയൊരു അന്തരീക്ഷം ഇല്ല.

ശ്രീ. വി. കെ. രാജൻ: അങ്ങേയ്ക്കുതന്നെ അറിയാമല്ലോ രേണ ബഞ്ചിലിരിക്കുന്ന ആളുകൾ അന്യോന്യം സംസാരിക്കുന്നില്ല. ഓരോ ഗ്രൂപ്പ് ഗ്രൂപ്പായിട്ടിരുന്ന് ചർച്ചചെയ്യുകയാണ്. പാവം അഹമ്മദ് സാഹിബ്! അദ്ദേഹത്തിന് ഈ ദിനത്തിൽ ഈ ബിൽ പൈലറ്റ് ചെയ്യേണ്ടിവന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ കഷ്ടകാലമാണ്,

LIBRARY ARCHIVES Kerala Legislative Assembly

വളരെ ശൂന്യത പിടിച്ച ഒരു ദിവസത്തിലാണ് അങ്ങേയ്ക്ക് ഈ ബിൽ പൈലറ്റുചെയ്യാൻ അവസരം ലഭിച്ചത്. അല്ല എന്നു പറയുന്നു. മന്ത്രിസഭയിലെ പല ആളുകളും ഇന്നില്ല.

ഇലക്ട്രിസിറ്റി വകുപ്പ് എസ്സൻഷ്യൽ ആർട്ടിക്കിളിൽ ഉൾപ്പെടുത്തി എന്നാണ് ഇതിൽ പറയുന്നത്. അത് ശരിയായിരിക്കും. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ബാലകൃഷ്ണപിള്ളയെ അനാവശ്യ വസ്തുവായി പ്രഖ്യാപിച്ചിരിക്കുകയാണ്. ശ്രീ. എം. വി. രാഘവൻ അതിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇവിടെ ചൊടിക്കുന്നത് കേട്ടു. ആരാണ് ഇപ്പോൾ മന്ത്രിയാകുന്നത്? ആർക്കെങ്കിലും മന്ത്രിപദം കൊടുക്കുമോ? ഒരു ഗവൺമെൻറിവിടെ ഉണ്ടായിരിക്കുമെന്നുള്ള സങ്കൽപ്പത്തിലാണല്ലോ നിയമനിർമ്മാണം നടത്തുന്നത്? അതിന് സാദ്ധ്യത ഇല്ലെന്നാണ് അപ്പുറത്തുള്ള പല മെമ്പർമാരുമായി സംസാരിച്ചപ്പോൾ ഞങ്ങൾക്ക് മനസ്സിലാകുന്നത്. ചിലർ പറയുന്നു ബാലകൃഷ്ണപിള്ള ഞായറാഴ്ചയോ തിങ്കളാഴ്ചയോ സത്യപ്രതിജ്ഞ ചെയ്യുമെന്ന്. കേരള കോൺഗ്രസ്സിന്റെ ആളുകളാണ് ഇത് പറയുന്നത്.

ശ്രീ. ഇ. അഹമ്മദ്: Essential commodity-യിലും essential articles-ലും ജീവനുള്ള വസ്തുക്കൾ ഒന്നും പെടുകയില്ല.

ശ്രീ. വി. കെ. രാജൻ: ഇതിനൊക്കെ ജീവൻ ഉണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിക്കേണ്ട ഘട്ടത്തിലാണ് ഈ ഗവൺമെൻറ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻ വേണ്ടിയുള്ള ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. മരിച്ച ഒരു വസ്തുവിനുവേണ്ടി മരിച്ച ഒരു ഗവൺമെൻറ് അവതരിപ്പിക്കുന്ന ഒരു ബില്ലാണിത്.

ശ്രീ. വി. കെ. രാജൻ: അവശ്യസാധന നിയന്ത്രണത്തിന് ഒരു നിയമം ഉണ്ടാക്കുമ്പോൾ ആ നിയമം നടപ്പിലാക്കാൻ ബാദ്ധ്യതപ്പെട്ട ഒരു ഗവൺമെൻറിന്റെ പ്രവർത്തനം ഇവിടെ ഇല്ല എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഭരണപക്ഷത്തുള്ള ആളുകളും അന്യോന്യം സംസാരിക്കുന്നില്ല. ബാലകൃഷ്ണപിള്ള ഇപ്പോൾ ഇവിടെ ഇല്ല. കാരണം എന്താണ്? സർ, ഇപ്പോൾ ചർച്ച ചെയ്യുന്നതിൽ ഇതൊരു പ്രധാന ഘടകമാണ്. നിയമനിർമ്മാണവും ഗവൺമെൻറുമായി ബന്ധമുള്ളതാണ്. വർഗ്ഗപരമായ ബന്ധമുള്ളതാണ്. അപ്പുറത്തിരിക്കുന്ന ആളുകൾക്ക് ഇതിൽ വിരോധമുണ്ടെങ്കിൽ ചോദിക്കാം. എനിക്ക് വിരോധമൊന്നുമില്ല. കേരള കോൺഗ്രസ്സിന്റെ പ്രഖ്യാപനത്തിനുശേഷം ബാലകൃഷ്ണപിള്ളയെ മന്ത്രിയല്ലാതാക്കി. ഞാൻ കേരള കോൺഗ്രസുകാരോട് ചോദിക്കുന്നു, ബാലകൃഷ്ണപിള്ളയെ ഇനി മന്ത്രിസഭയിൽ എടുക്കുമോ? ഞായറാഴ്ചയോ തിങ്കളാഴ്ചയോ അദ്ദേഹം സത്യപ്രതിജ്ഞ ചെയ്യുമെന്നല്ലേ നിങ്ങൾ പ്രഖ്യാപിക്കുന്നത്? മുഖ്യമന്ത്രി രക്ഷപ്പെടാൻവേണ്ടിയാണോ പറഞ്ഞിട്ടുള്ളത്? കോടതി ചില നിയമവശങ്ങളെക്കുറിച്ച് ആലോചിക്കാൻ പോകുന്നു, ആ നിയമവശം എന്താണ്? ഇവിടെ രാവിലെ ആരോ ചോദിച്ചതുപോലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ബാലകൃഷ്ണപിള്ളയെ തിരിച്ചു കൊണ്ടുവരാൻ മുഖ്യമന്ത്രി ശ്രമിക്കുന്നുണ്ടോ? ഇൻഡ്യയിൽ ആദ്യമായി ഒരേയൊരു മന്ത്രി സത്യപ്രതിജ്ഞാ ലംഘനം നടത്തി. അന്ന് പറഞ്ഞ വാഗ്ദാനങ്ങളിൽ ലംഘനം വരുത്തിക്കൊണ്ട് പ്രസംഗം നടത്തിയ മാന്യ

LIBRARY ARCHIVES Kerala Legislative Assembly

ഹോത്തെ, മുഖ്യമന്ത്രിയെ പരിഹസിക്കുന്ന ബാലകൃഷ്ണപിള്ളയെ മന്ത്രിയാക്കിക്കൊണ്ടാണോ ഈ ഗവൺമെന്റ്, ഇപ്പോൾ പാസ്സാക്കാൻ പോകുന്ന ഈ നിയമം നടപ്പിലാക്കാൻ പോകുന്നത്? ആത്മാഭിമാനമുള്ള കോൺഗ്രസ്സുകാർ ഇവിടെ ഉണ്ടല്ലോ. കേരളാ കോൺഗ്രസ്സുമായി സംസാരിക്കാൻ മുഖ്യമന്ത്രി തങ്കച്ചനെ അധികാരപ്പെടുത്തിയിരിക്കുന്നു എന്നാണ് കേട്ടത്. നാറിയെ താങ്ങുന്നവനും നാറിയാണെന്ന ഒരു വർത്തമാനം ഉണ്ട്. നാട്ടുകാരുടെ ഇടയിൽ നാറിയവനാണെന്ന്, കാട്ടുകള്ളനാണെന്ന് കുപ്രസിദ്ധിയാർജ്ജിച്ച നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളും ഒരിക്കലും കാണാൻ പാടില്ലാത്തത്ര ദുഷ്ടനാണെന്ന് കേരള നിയമസഭ മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങളും അലമുറയിട്ട് മുദ്രാവാക്യം വിളിക്കുന്ന ഒരു ബാലകൃഷ്ണപിള്ളയ്ക്കുവേണ്ടി കേരളാ കോൺഗ്രസ് എന്തുകൊണ്ട് നിൽക്കുന്നു? അവർ എന്തിന് ഈ നാറിയ പണിക്ക് നിൽക്കുന്നു?

ശ്രീ. പി. സി. ജോർജ്: സി. പി. ഐ–ക്കാർക്ക് ബാലകൃഷ്ണപിള്ളയോട് ശത്രുതയാണെന്ന് ഞങ്ങൾക്ക് പണ്ടേ അറിയാം. നിങ്ങളുടെ യൂണിയൻ തകർത്തതിൽ ബാലകൃഷ്ണപിള്ളയോട് ശത്രുതയുണ്ടെന്ന് അറിയാം. കുഴിയിൽ കിടക്കുന്ന പന്നിക്ക് കല്ലും തടിയും എന്നു പറയുന്നതുപോലെ കുഴിയിൽ കിടക്കുന്ന ബാലകൃഷ്ണപിള്ളയോട് ഈ വൈരാഗ്യം വേണോ?

ശ്രീ. വി. കെ. രാജൻ: ഞാൻ പ്രതിപക്ഷത്തുനിന്നാണ് സംസാരിക്കുന്നത്. ഭരണപക്ഷത്തിരുന്നുകൊണ്ട് ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് എതിരായി ശ്രീ. ജോർജ്ജ് അട്ടഹസിച്ച കാര്യം നമുക്ക് അറിയാമല്ലോ. എന്തെല്ലാമാണ് പറഞ്ഞത്? ഇപ്പോൾ ആ ജോർജ്ജിനും ഈ രീതിയിൽ പറയേണ്ടിവന്നതിൽ ഞാൻ സഹതപിക്കുന്നു.

ശ്രീ. പി. സി. ജോർജ്ജ്: ശ്രീ. രാജന് നായന്മാരോട് ഇത്രമാത്രം വൈരാഗ്യം ഉണ്ടോ?

ശ്രീ. വി. കെ. രാജൻ: എനിക്ക് ആരോടും വൈരാഗ്യമില്ല. കേരളാ കോൺഗ്രസ്സിലുള്ള ഏതെങ്കിലും ഒരു എം. എൽ. എ.–യ്ക്ക് ശ്രീ. ബാലകൃഷ്ണപിള്ള തിരിച്ച് മന്ത്രിസഭയിൽ വരണമെന്ന് ആഗ്രഹമുണ്ടോ? ആത്മാർത്ഥമായി നിങ്ങൾ പറയണം. ആഗ്രഹമില്ല സർ.

(ബഹളം)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. പിള്ളയ്ക്കുവേണ്ടി മുദ്രാവാക്യം വിളിച്ചതിനെക്കുറിച്ചാണ് ശ്രീ. രാജന് സംശയം. ശ്രീ. പിള്ളയ്ക്കുവേണ്ടി മുദ്രാവാക്യം വിളിച്ചു എന്നതുകൊണ്ടാണ് ശ്രീ. രാജൻ പ്രകോപിതനായത്. ശ്രീ. പിള്ളയ്ക്കുവേണ്ടി മാത്രമല്ല ശ്രീ. കരുണാകരനെക്കുറിച്ചും മുദ്രാവാക്യം വിളിച്ചത് ശ്രീ. രാജൻ അറിഞ്ഞിട്ടുണ്ടോ?

ശ്രീ. വി. കെ. രാജൻ: മാളയിലെ അമ്പലത്തിൽ കൊട്ടാൻ പോകുന്നു എന്നല്ലേ പറഞ്ഞത്. ഞാൻ കണ്ടിട്ടുള്ള അമ്പലമാണ് അത്. 1984 മുതൽക്ക് ഇലക്ട്രിസിറ്റികൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അന്ന് അത് ഉൾപ്പെടുത്തിയതിനു ശേഷം ബാലകൃഷ്ണ പിള്ള എത്ര കോടികൾ സമ്പാദിച്ചു? ആളുകളെ ഭീഷണിപ്പെടുത്തി ഉല്പാദനം, വിതരണം, എന്നിവ വഴി എത്ര കോടികൾ

LIBRARY ARCHIVES Kerala Legislative Assembly

സമ്പാദിച്ചു? ശ്രീ. ബാലകൃഷ്ണപിള്ളയെക്കുറിച്ച് ഇവിടെ ഞാനുംപ്പടെയുള്ളവർ എഴുതി അവതരിപ്പിച്ച ആരോപണങ്ങളുണ്ട്. ഞാൻ പറയുന്നത് നിയമം നിർമ്മിക്കുന്നതുകൊണ്ട് കാര്യമില്ല, അത് നടപ്പാക്കണമെന്നാണ്. അഴിമതി നിരോധന നിയമം പാസ്സാക്കിയിട്ടുണ്ട്. വല്ല കാര്യവുമുണ്ടോ? കമ്മീഷന്റെ റിപ്പോർട്ട് ഇവിടെ വന്നിട്ടുണ്ടോ? ഈ നിയമസഭയ്ക്കകത്ത് ഞാൻ ഉൾപ്പെടെ ആറേഴു മെമ്പർമാർ രേഖാമൂലം കോടിക്കണക്കിനു രൂപ ഓരോ മന്ത്രിമാരും അഴിമതി നടത്തിയതിനെക്കുറിച്ച് എഴുതിത്തന്നിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിച്ചോ എന്നു ഞാൻ ചോദിക്കുകയാണ്. ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് എതിരായിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായിട്ടും ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. 'മാതൃഭൂമി' പത്രത്തിൽ വീടുകളുടെ കഥകൾ വന്നു. അതേക്കുറിച്ചും അന്വേഷിക്കുന്നില്ല. ഇപ്പോൾ നിയമനിർമ്മാണം കൊണ്ട് വല്ല കാര്യവും ഉണ്ടോ? അഴിമതി നിരോധന നിയമത്തിനുള്ളിൽ വരേണ്ടതായിട്ടുള്ള പ്രധാനമായിട്ടുള്ള അഴിമതി കേന്ദ്രങ്ങൾ കണ്ടുപിടിക്കുന്നില്ല. സ്കൂൾ മാനേജുമെന്റിനെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അഴിമതി നിരോധന നിയമത്തിനകത്ത് വരേണ്ടതായിട്ടുള്ള പലതും അതിൽ വന്നിട്ടില്ല. അതുപോലെ ഈ നിയമം പാസ്സാക്കിയാലും ഇന്നയിന്ന സാധനങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരും എന്നു പ്രഖ്യാപിച്ചിട്ടില്ല. അഴിമതി നിരോധനനിയമം കൊണ്ടുവരാൻ കാരണക്കാരൻ ശ്രീ. ബാലകൃഷ്ണപിള്ളയാണ്. അങ്ങനെയൊരു നിയമം കൊണ്ടുവന്നാൽ യാതൊരു അപകടവും ഉണ്ടാകുകയില്ലെന്ന് ഹോം മിനിസ്റ്ററോടും മറ്റും അദ്ദേഹംതന്നെ നിർദ്ദേശിച്ചുകാണും. ഈ രാജ്യത്ത് അഴിമതി വർദ്ധിക്കുകയാണ്. ഇന്ന് ഏതെങ്കിലും ഒരു കാര്യം നടക്കണമെങ്കിൽ പൈസ കൊടുക്കാതെ നടക്കുമോ?

സ്കൂൾ കച്ചവടം നല്ല ഒരു കച്ചവടമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ബജറ്റിൽനിന്ന് ഏറ്റവും കൂടുതൽ സംഖ്യ ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്ത്—ചില നിക്ഷിപ്ത താല്പര്യക്കാർക്ക് കൊള്ളയടിക്കുവാൻവേണ്ടി ബജറ്റാവ് തുറന്നിട്ടുകൊടുത്തിരിക്കുകയാണ്. ബാലകൃഷ്ണപിള്ള പ്രശ്നം വന്നപ്പോൾ ശ്രീ. ജേക്കബ്ബിന് ഒരു അവസരം കിട്ടി. പതിനാറരക്കോടി രൂപ തട്ടിയെടുത്തു, എഞ്ചിനീയറിംഗ് കോളേജിന്റെ പേരിൽ. ശ്രീ. സീതിഹാജിയുടെ പാർട്ടി പറഞ്ഞു അവർക്ക് രണ്ട് കോളേജുകൾ വേണമെന്ന്. മുസ്ലീം സമുദായത്തിന് രണ്ടെണ്ണം വേണമെന്ന് പറഞ്ഞപ്പോൾ ശ്രീ. ശ്രീനിവാസന്റെ പാർട്ടിയായ എസ്. ആർ. പി. ഞങ്ങൾക്ക് നാലെണ്ണം വേണമെന്ന് പറഞ്ഞിരിക്കുന്നു. ഇവിടെ അങ്ങനെ ചില സമുദായങ്ങൾക്ക് പങ്കിട്ടുകൊടുത്തിരിക്കുകയാണ്. ഇത് രാജ്യത്തെ സമ്പത്തിന്റെ കാര്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ബജറ്റാവ് കൊള്ളയടിച്ചുകൊണ്ട് സഹകാര്യ മേഖലയിൽ കൊള്ളലാഭം ഉണ്ടാക്കുന്ന കാട്ടുകള്ളന്മാരെ സംരക്ഷിക്കുന്ന രീതിയിലാണ് ശ്രീ. വയലാർ രവി അഴിമതി നിരോധന നിയമം അവതരിപ്പിക്കുകയും അത് 'മഗ്നാ കാർട്ടാ' ആണെന്നു പറഞ്ഞ് പ്രസംഗിക്കുകയും ചെയ്തത്. അഴിമതി നിരോധനകമ്മീഷന്റെ റിപ്പോർട്ട് വന്നു. കമ്മീഷൻ ചില നിർദ്ദേശങ്ങൾ വച്ചു. കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ? നടപ്പാക്കാൻ ധൈര്യമുണ്ടോ? അങ്ങനെ അഴിമതിയിൽ കുളിച്ച ഒരു ഗവൺമെന്റാണിത്. അങ്ങനെയുള്ള ഒരു ഗവൺമെന്റ് കൊണ്ടുവന്ന ഈ നിയമത്തിന് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സാധിക്കുമോ? കേന്ദ്രഗവൺമെന്റുമായി സാദൃശ്യമുള്ള, കേന്ദ്ര ഗവൺമെന്റിന്റെ പരിപാടികൾ അപ്പടി നടപ്പാക്കുന്ന ഒരു ഗവൺമെന്റാണ്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഗവൺമെൻറ് എന്ന് പ്രഖ്യാപിച്ചിരിക്കുന്നു. അഹമ്മദ് സാഹിബ് എന്തു പറഞ്ഞാലും നടക്കുമോ? കേന്ദ്രഗവൺമെൻറ് കോൺഗ്രസ്സിന്റെ ഗവൺമെൻറാണ്. ഇൻഡ്യാ രാജ്യത്ത് കുത്തക മുതലാളിമാരുടെ താല്പര്യം സംരക്ഷിക്കുന്ന ഒരു ഉപകരണമാണ് കേന്ദ്ര ഗവൺമെൻറ്. ഉദാഹരണമായി ശ്രീ. രാജീവ് ഗാന്ധി ഇൻഡ്യാരാജ്യം മുഴുവൻ കുത്തക കച്ചവടക്കാർക്കുവേണ്ടി, കൊള്ളലാഭക്കാരായ ആളുകൾക്കുവേണ്ടി തുറന്നിട്ടിരിക്കുകയാണ്. ബഹുരാഷ്ട്ര കുത്തകക്കമ്പനിക്കാർ നാടൻ മുതലാളിമാർ എല്ലാംകൂടി നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ കാർന്നു തിന്നുന്നു. കൊള്ളയടിക്കുന്നവർക്കും പൂഴ്ത്തി വയ്പുകാർക്കും അവസരം കൊടുത്തുകൊണ്ടുള്ള നയമാണ് ഇപ്പോൾ ഈ ബഡ്ജറിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്.

ഈ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കാലത്ത് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി. 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറിന്റെ കാലത്താണ് കേരളത്തിൽ ന്യായവില ഷാപ്പുകൾ ആരംഭിച്ചത്. ആ ന്യായവില ഷാപ്പുകളുടെ സ്ഥിതി ഇപ്പോൾ എന്താണ്? അത് ശരിയായി പ്രവർത്തിക്കുന്നുണ്ടോ? അവയിലൂടെ അരിയും ഗോതമ്പും വിതരണം ചെയ്യുന്നുണ്ടോ? ഇല്ല. ശക്തമായ അടിത്തറയിൽ ഒരു പൊതു വിതരണസമ്പ്രദായം ഉണ്ടാക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. കേരളത്തിൽ അത്യാവശ്യമായിട്ടുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന്റെ 35 ശതമാനം പൊതുമേഖലയിൽ നടത്തുമെന്നുള്ള പ്രഖ്യാപിത നയവുമായിട്ടാണ് ഇടതുപക്ഷമുന്നണി ഗവൺമെൻറ് മുന്നോട്ടുപോയത്. എന്നാൽ ഇപ്പോൾ എന്താണ് സ്ഥിതി? കഴിഞ്ഞ നിയമസഭയിൽ കോൺഗ്രസ്സും ലീഗും തമ്മിൽ ചർച്ച നടന്നു. നാട്ടിക റൂറൽ ബാങ്കിന്റെ കീഴിൽ ഉണ്ടായിരുന്ന തളിക്കുളം വാടാനപ്പള്ളി ഭാഗത്ത് ഉണ്ടായിരുന്ന മൊത്തവ്യാപാരശാല അടച്ചു. അതിൽ കോൺഗ്രസ് പണം വാങ്ങി എന്നും ലീഗ് പണം വാങ്ങിയെന്നും പറയുന്നു. ഞങ്ങൾ കരുതുന്നത് രണ്ടുകൂട്ടരും വാങ്ങിച്ചിട്ടുണ്ടെന്നാണ്. സ്വാതന്ത്ര്യ സമ്പാദനത്തിനുമുമ്പ് ആരംഭിച്ച് കേരളത്തിൽ ഏറ്റവും നല്ല രീതിയിൽ ലാഭേരമായി സേവനപരമായി നടത്തപ്പെട്ടിരുന്ന ഒരു സ്ഥാപനം ഒരു സുപ്രഭാതത്തിൽ നിർത്തലാക്കിയത് ലീഗിന്റെ മന്ത്രിയായ ശ്രീ. ബീരാൻ സാഹിബിന്റെ മാത്രം തെറ്റാണെന്ന് ആരും വിശ്വസിക്കുന്നില്ല. അതിൽ കോൺഗ്രസ്സിന് പങ്കുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന, ഗവൺമെൻറിന് ഭാഗികമായി പങ്കാളിത്തമുള്ള പല സ്ഥാപനങ്ങളേയും സ്വകാര്യ വ്യക്തികൾക്ക് വീതിച്ചുകൊടുത്ത് പണം വാങ്ങിക്കൊണ്ടിരിക്കുകയാണ്. സ്കൂളിന് പണം വാങ്ങുന്നതുപോലെതന്നെ റേഷൻ ഷോപ്പിന് ആയാലും മൊത്തവ്യാപാരശാലകൾക്കായാലും പണം വാങ്ങി പങ്കിട്ടെടുക്കുക എന്നുള്ള നയമാണ് ഗവൺമെൻറ് തുടരുന്നത്. ശ്രീ. അഹമ്മദ് സാഹിബ് മറുപടി പറയേണ്ട കാര്യമാണ്. നാട്ടിക റൂറൽ ബാങ്കിന്റെ കാര്യത്തെ ചൊല്ലി സെക്രട്ടേറിയറിനു മുമ്പിൽ സമരം നടന്നതാണ്. കളക്ടറുടെ ആഫീസിനു മുമ്പിൽ രണ്ടാഴ്ചക്കകം സമരം നടക്കാൻ പോകുന്നു. നിയോജകമണ്ഡലമാകെ സമരം വ്യാപിച്ചിരിക്കുകയാണ്. പൊതു വിതരണ സമ്പ്രദായത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടിക്കെതിരായി ഒരു അക്ഷരം പറയുന്നില്ല. അതിന് നടപടി സ്വീകരിക്കുവാൻ ശ്രീ. ബീരാൻ സാഹിബ് തയ്യാറാകണം. ആ തെറ്റായ നടപടിയിൽനിന്നും പിൻമാറണമെന്ന് കോൺഗ്രസ്സിന്റെ മെമ്പർമാർ പോലും ആവശ്യപ്പെടാൻ തയ്യാറായിട്ടില്ല. അതിനാവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അത്യാവശ്യ സാധനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒന്നാണ് കയർ. തൊണ്ടിന്റെ അവസ്ഥ ഇപ്പോൾ എന്താണ്? തൊഴിൽ വകുപ്പ് മന്ത്രിയെക്കൊണ്ട് തൊണ്ടിന്റെ കുത്തക സംഭരണ സമ്പ്രദായം എടുത്തു കളയിപ്പിക്കുന്നതിനുള്ള നടപടിയുണ്ടെന്നു പ്രസ്താവന ഉണ്ട്. തൊണ്ടിന്റെ സംഭരണ നയത്തിൽ സമൂലമായ മാറ്റം വരുത്തണം. അതിനുവേണ്ടിയാണ് ഇപ്പോൾ ഗവൺമെന്റ് നിലനിൽക്കുന്നത് എന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. തൊണ്ടിന്റെ സംഭരണ നയം നമ്മുടെ സംസ്ഥാനത്ത് ശ്രീ. ടി. വി. തോമസ് കൊണ്ടുവന്ന ഒരു പദ്ധതിയുടെ ഭാഗമാണ്. തൊണ്ടിന്റെ സംഭരണം ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് ഞങ്ങളുടെ ആവശ്യം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് ഏസ്സൻഷ്യൽ ആർട്ടിക്കിൾസ് ആക്ടിൽ അത് ഉൾപ്പെടുത്തിയിട്ടില്ല എന്ന് ശ്രീ. ഹസ്സൻ ഇവിടെ പറഞ്ഞു. ഞാൻ പറയുന്നത് അത് പാസ്സാക്കിത്തന്നാൽ, അത് അംഗീകരിച്ചുതന്നാൽ ഈ സംസ്ഥാനത്തിനകത്ത് തൊണ്ട് ലഭ്യമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ സാധിക്കും എന്നാണ്. കേന്ദ്രഗവൺമെന്റ് അത് അനുവദിച്ചില്ല. ഈ സംസ്ഥാനത്ത് കയർ വ്യവസായത്തിന്റെ മൂന്നിലൊന്നുഭാഗം സഹകരണ മേഖലയിലാണ് നടക്കുന്നത്. എന്നാൽ വെറും പതിനഞ്ചു ശതമാനം തൊണ്ടുമാത്രമേ സഹകരണ മേഖലയ്ക്ക് ലഭ്യമാകുന്നുള്ളൂ. ഈ സംസ്ഥാനത്ത് ഏതാണ്ട് നാനൂറുകോടി നാളികേരം ഉല്പാദിപ്പിക്കുന്നു. അതിൽ മുന്നൂറുകോടി തൊണ്ട് കിട്ടിയാൽ കേരളത്തിലെ മുഴുവൻ സഹകരണസംഘങ്ങൾക്കും ആവശ്യമായിട്ടുള്ള തൊണ്ട് ലഭ്യമാക്കാം. നമ്മുടെ സംസ്ഥാനത്തെ അഞ്ചു ലക്ഷത്തോളം വരുന്ന കയർ വ്യവസായ തൊഴിലാളികളെ പട്ടിണിയിലാക്കുന്ന നയമാണ് ഇത്. തൊണ്ട് അന്യ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നു. തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും കടത്തുന്നുണ്ട്. അതിലുപരി ചാകിരിനാരായിട്ട് കൊണ്ടുപോകുന്നുമുണ്ട്. അത് പിടിച്ചെടുക്കുവാൻ നടപടിയുണ്ടോ? അതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥൻമാർക്ക് അധികാരം കൊടുത്തിട്ടുണ്ടോ? അങ്ങനെ അധികാരം കൊടുത്തിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിലാളികൾ ഉൾക്കൊള്ളുന്ന ഒരു വ്യവസായ മേഖലയാണ് ഇത് എന്നുള്ളതിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. ഇത് രാഷ്ട്രീയമായ അടിസ്ഥാനത്തിലുള്ള അഭിപ്രായ വ്യത്യാസമല്ല. ശ്രീ. അഹമ്മദ് സാഹിബിന്റെ പാർട്ടിക്ക് ഒരു യൂണിയനില്ല. ഭരണകക്ഷിയായ കോൺഗ്രസ്സിന്റെ ഐ. എൻ. ടി. യു. സി. ഉൾപ്പെടെ കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ഒന്നിച്ച് ആവശ്യപ്പെടുന്ന ഒരു കാര്യമാണിത്. എന്നിട്ടുപോലും അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 സെപ്തംബർ 4—ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly